പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

സമഗ്രവികസനരേഖ

നവംബർ 1996

112 - 4

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

(മലപ്പുറം ജില്ല)

സമഗ്രവികസനരേഖ


ചങ്ങനാശ്ശേരി

ഭരണസമിതി 1995...

കെ.സി. ആബിദ
വൈ. പ്രസിഡണ്ട്

കെ. ഇത്തേയുമ്മ ടീച്ചർ
പ്രസിഡണ്ട്

കെ.എം. കോയക്കുട്ടി മാസ്റ്റർ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

ഭരണസമിതി 1995...

കെ.പി.എസ്. കുഞ്ഞാവതങ്ങൾ



കെ. ഭാസ്കരൻ

പി.കെ.കെ. പിള്ളമാസ്റ്റർ



ടി. കുട്ടിഹസ്സൻ

ഒ. മൂസ്സക്കോയമാസ്റ്റർ



ടി. സൈറാബാനു



മൊക്കൻ
മുഹമ്മദ്കുട്ടി

കെ. ബീഫാത്തിമ



പ്രൊ. സി.പി. മുഹമ്മദ്കുട്ടി

താളുകളിൽ

6 ❐ ആമുഖം

8 ❐ സാമൂഹ്യസാംസ്കാരിക ചരിത്രം

14 ❐ ഭൂപ്രകൃതിയും വിഭവങ്ങളും

18 ❐ കൃഷിയും ജലസേചനവും

28 ❐ മൃഗസംരക്ഷണവും മത്സ്യബന്ധനവും

35 ❐ വിദ്യാഭ്യാസം

43 ❐ കുടിവെള്ളവും പൊതുജനാരോഗ്യവും

50 ❐ വ്യവസായം

55 ❐ ഗതാഗതം - ഊർജ്ജം

64 ❐ പാർപ്പിടവും സാമൂഹ്യക്ഷേമവും

73 ❐ സംസ്കാരം

78 ❐ വനിത

83 ❐ സഹകരണം

87 ❐ പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

92 ❐ വിഭവസമാഹരണം

94 ❐ ഉപസംഹാരം

95 ❐ കോർഗ്രൂപ്പ്

കെ. അഹമ്മദ്
(ചീഫ് എഡിറ്റർ)

എഡിറ്റോറിയൽ ബോർഡ്

- ശ്രീ. കെ. അഹമ്മദ് (ചീഫ് എഡിറ്റർ
- ശ്രീമതി കെ. ഇത്തേയുമ്മ
- ,, എം.ബി. കുറുപ്പ്
- ,, പ്രൊ. സി.പി. മുഹമ്മദ്കുട്ടി
- ,, വി. ബീരാൻകുട്ടി
- ,, കെ.കെ. ആലിക്കുട്ടി
- ,, എം. അബ്ദുൽ അസീസ്
- ,, എം. രാധാകൃഷ്ണൻ
- ,, കെ.പി. സുരേന്ദ്രൻ

Layout
ALIF
CHERUVANNUR

Printed by
LIBERTY
PALAYAM, CALICUT - 2



V. രാമചന്ദ്രൻ നായർ
സിക്രട്ടറി ഗ്രാമപഞ്ചായത്ത്

ആമുഖം

കേരള സംസ്ഥാനത്തിന്റെ ഒമ്പതാം പദ്ധതി ജന പങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തുന്നതിന് ഒരു ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകി നടപ്പിലാക്കി വരികയാണല്ലോ. പദ്ധതി രൂപവത്കരണം മുതൽ അത് നടപ്പിലാക്കുന്നത് വരെയുള്ള ഘട്ടങ്ങളിലെല്ലാം ജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് ജനകീയാസൂത്രണപ്രസ്ഥാനം വഴി ഒരു പുതിയ വികസന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുകയാണ് ഇതിന്റെ ലക്ഷ്യം.

കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതികളിലും നന്നായി ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും വിജയിപ്പിച്ചെടുക്കാൻ കഴിയാതെ പോയിട്ടുണ്ട്. തുടർന്നും മാമൂൽ വിടാതെ മുന്നോട്ട് നീങ്ങാൻ കഴിയാത്ത അവസ്ഥയിലാണം നാം എത്തിനിൽക്കുന്നത്. അതിനാൽ ആസൂത്രണ സമ്പ്രദായങ്ങളിലെ വൈകല്യങ്ങൾ ഒഴിവാക്കി വികസനത്തിന്റെ എല്ലാ തുറകളിലും ജനങ്ങളുടെ പങ്ക് ഉറപ്പാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പരിപാടികൾ പലതുകൊണ്ടും സവിശേഷതകൾ നിറഞ്ഞതാണ്.

ഒമ്പതാം പദ്ധതിയുടെ 35-40% വിവിധ തട്ടുകളിലായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നാണ് പ്ലാനിംഗ് ബോർഡിന്റെ കാഴ്ചപ്പാട്. 4000നും 5000നും ഇടയ്ക്ക് കോടി രൂപയുടെ വളരെ വലിയ ഉത്തരവാദിത്വമാണ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് കൈവരാൻ പോകുന്നത്. അത് ജന പങ്കാളിത്തത്തോടുകൂടി മാത്രമെ വിജയിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളു എന്നതുകൊണ്ടാണ് കേരള സർക്കാർ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയത്.

ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് കേരളത്തിന്റെ ഒമ്പതാംപദ്ധതി വിജയിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ശാസ്ത്രീയമായി ചിട്ടപ്പെടുത്തി നടപ്പാക്കിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പരിശീലനക്യാമ്പുകൾ നടക്കുകയുണ്ടായി. ജനകീയാസൂത്രണപ്രസ്ഥാനം വഴി ഒരു പുതിയ രാഷ്ട്രീയ സംസ്കാരത്തിന് തുടക്കം കുറിക്കാനും അത് അൽപമെങ്കിലും സാധിച്ചിട്ടുണ്ടെന്നതും വസ്തുതയാണ്.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്കിൽപെട്ട പള്ളിക്കൽ പഞ്ചായത്ത് ജനകീയാസൂത്രണപ്രസ്ഥാനം വഴി രൂപപ്പെടുത്തി എടുക്കുന്ന ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ വിജയിപ്പിച്ചെടുക്കാൻ സപ്തംബർ 14,15,16 എന്നീ തീയതികളിൽ അരീക്കോട്വെച്ച് നടന്ന ജില്ലാ പരിശീലന ക്യാമ്പിനുശേഷം പ്രവർത്തനമാരംഭിച്ചിരിക്കയാണ്. ഒന്നാം ഘട്ടം പഞ്ചായത്ത് ശിൽപശാല 19.9.96ന് നടന്നു. ലോക്കൽ റിസോഴ്സ് പേഴ്സൺസ് ഗ്രാമങ്ങളിൽ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സന്ദേശങ്ങൾ എത്തിക്കുന്നതിൽ വ്യാപൃതരായി. പഞ്ചായത്തിലെ സന്നദ്ധസേനാ പ്രവർത്തകരും പ്രവർത്തനത്തിൽ പങ്ക് ചേർന്നു. ഓരോ വാർഡിലും നടന്ന ഗ്രാമസഭകൾ വൻവിജയമായിരുന്നു. 2131 പുരുഷന്മാരും 760 സ്ത്രീകളുമടക്കം 2891 പേർ മൊത്തം ഗ്രാമസഭകളിലായി പങ്കെടുത്തു.

ഗ്രാമസഭകളിൽനിന്ന് കിട്ടിയ റിപ്പോർട്ടും പ്രൈമറി സെക്കണ്ടറി വിവരശേഖരണവും പഠന പര്യടനം, നാട്ടറിവ്, കേട്ടറിവ് തുടങ്ങിയവയിൽ നിന്ന് കിട്ടിയ വിവരവും വെച്ച് വികസനറിപ്പോർട്ട് തയ്യാറാക്കി. പഠനപര്യടനം വലിയ ഒരനുഭവമായിരുന്നു. അതിന് വേണ്ട കോർഗ്രൂപ്പ് അംഗങ്ങളെ

പഞ്ചായത്ത് ബോഡും DRP മാരും ചേർന്ന് തിര ഞ്ഞെടുത്തു. DRP മാരുടെ നേതൃത്വത്തിൽ എല്ലാ വിഷയങ്ങളും കൂട്ടായി ചർച്ച ചെയ്താണ് റിപ്പോർട്ട് തയ്യാറാക്കിയത്.

ഒക്ടോബർ 26,27,28 എന്നീ മൂന്ന് തിയ്യതിക ളിൽ കിഴിശ്ശേരിയിൽവെച്ച് നടന്ന രണ്ടാംഘട്ട ജില്ലാ പരിശീലനത്തിന്ശേഷം നവംബർ മൂന്നാം തിയ്യ തി രണ്ടാംഘട്ട പഞ്ചായത്ത് പരിശീലനക്യാമ്പ് നടത്തി. അതിൽ LRP മാർക്ക് പുറമെ പഞ്ചായ ത്തിലെ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിക്കുകയുണ്ടാ യി.

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ട തെയ്യാറെടുപ്പിനും എഴുതി തെയ്യാറാക്കുന്നതിന്നും നിരന്തരമായി കുറെ ദിനങ്ങൾ ചെലവഴിക്കേണ്ടി വന്നു. 160 മനുഷ്യാദ്ധ്വാനം പകലും 17 മനുഷ്യാ ദ്ധ്വാനം രാത്രിയും ചെലവഴിച്ചു. ബന്ധപ്പെട്ട എല്ലാ വരിൽനിന്നും വേണ്ട സഹകരണങ്ങൾ ലഭിച്ചിട്ടു ണ്ട്. ബോർഡ് മെമ്പർമാരും പഞ്ചായ്ത്ത് സെക്രെ ട്ടറി, പഞ്ചായത്ത് ഉദ്യോഗസ്ഥരും DRP, LRP സന്നദ്ധ സേനാ പ്രവർത്തകൾ എന്നിവരും വളരെയേറെ സഹായിച്ചിട്ടുണ്ട്. ഇരുപതിൽപരം യോഗങ്ങൾ ഇതിന് വേണ്ടി മാത്രം പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ ചേർന്നിട്ടുണ്ട്. വാർഡുകളിൽ നടന്ന യോഗങ്ങൾ വേറെയും. പഞ്ചായത്ത് പ്രസി ഡണ്ട് എല്ലാ മേഖലകളിലും ഇതുമായി ബന്ധ പ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട് എന്നത് എടുത്ത് പറയത്തക്ക താണ്.

ഇങ്ങിനെയെല്ലാമാണെങ്കിലും റിപ്പോർട്ട് എല്ലാം കൊണ്ടും പരിപൂർണ്ണമാണ് എന്ന് അവകാശപ്പെ ടുന്നില്ല. കഴിവിന്റെ പരമാവധി പഞ്ചായത്ത് വിക സനറിപ്പോർട്ട് തയ്യാറാക്കുന്നതിന്ന് ആത്മാർത്ഥ മായി ശ്രമിച്ചിട്ടുണ്ട് എന്നറിയിക്കുന്നതോടൊപ്പം ഈ റിപ്പോർട്ട് പഞ്ചായത്ത് വികസന സെമിനാ റിലേക്ക് സമർപ്പിക്കുന്നു.

'ശരീരത്തിൽ ഒരു മാംസക്കഷണമുണ്ട്. അത് നന്നായാൽ ശരീരം മുഴുവൻ നന്നായി. അത് ചീത്തയായാലോ ശരീരം മുഴുവൻ ചീത്തയാ വുകയും ചെയ്യും. അതത്രേ ഹൃദയം.'

തിരുവചനം

'കഠിനയത്നം ചെയ്യാനുള്ള ആഗ്രഹമാണ് ഏറ്റ വും വലിയ ബുദ്ധി. തൊഴിൽ ദൈവത്തിന്റേ ഔഷധമാണ്.'

ആർ.എസ്. മക്കാർത്തർ

സാമൂഹ്യസാംസ്കാരിക ചരിത്രം

പള്ളിക്കൽ ഗ്രാമപഞ്ചായത്ത്, ഫറോക്ക് റയിൽവെ സ്റ്റേഷനിൽനിന്ന് 10.കി.മീ. കിഴക്ക് മാറിയും ജില്ലാ ആസ്ഥാനമായ മലപ്പുറത്ത്നിന്ന് 30 കി.മീ. പടിഞ്ഞാറ് മാറിയും താലൂക്ക് അടിസ്ഥാനമായ തിരൂരങ്ങാടിയിൽനിന്ന് 16 കി.മീ. വടക്ക് മാറിയും സ്ഥിതിചെയ്യുന്നു. കിഴക്ക് നെടിയിരുപ്പ്, വടക്ക് ചെറുകാവ് പുളിക്കൽ, കൊണ്ടോട്ടി, പടിഞ്ഞാറ് ചേലേമ്പ്ര തെക്ക് തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകൾ അതിരുകളാകുന്നു. വിസ്തീർണ്ണം 2596.2815.4

കൊണ്ടോട്ടി അസ്സംബ്ലി നിയോജകമണ്ഡലത്തിലും മഞ്ചേരി പാർലിമെന്റ് നിയോജകമണ്ഡലത്തിലും ഉൾപ്പെട്ടതാണ് ഈ ഗ്രാമപഞ്ചായത്ത്, പള്ളിക്കൽ, കരിപ്പൂർ എന്നീ രണ്ട് അംശങ്ങൾ കൂടി ചേർന്നുണ്ടായതാണ് പള്ളിക്കൽ അംശം. പള്ളിക്കൽദേശം പുത്തൂർദേശം മുഴങ്ങല്ലൂർ ദേശത്തിന്റെ ഏതാനും ഭാഗവും, കരിപ്പൂർഅംശം കരിപ്പൂർ ദേശം ചിറയിൽ ദേശം എന്നീ ദേശങ്ങൾ ചേർന്നവയുമാകുന്നു. പള്ളിക്കൽ അംശത്തിൽനിന്ന് 1965ൽ 1മുൽ 40 വരെ സർവ്വേ നമ്പറുകളിൽ വരുന്ന 226.50 ഏക്കർ ചെറുകാവ് വില്ലേജിലേക്ക് കൂട്ടിച്ചേർക്കുകയുണ്ടായി. 1995ലെ റീസർവേയിൽ പള്ളിക്കൽ 10ാം ബ്ലോക്കും കരിപ്പൂർ 11ാം ബ്ലോക്കുമായി തിരിച്ചിരിക്കുന്നു. കലിക്കറ്റ് യൂണിവേഴ്സിറ്റി കെട്ടിടങ്ങൾ നിലകൊള്ളുന്ന പള്ളിക്കൽ ബ്ലോക്കും, കലിക്കറ്റ് എയർപോർട്ട് നിലകൊള്ളുന്ന കരിപ്പൂർ ബ്ലോക്കും കൂടിച്ചേർന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്ത് അരുവികളും നെൽവയലുകളും ഫലഭൂയിഷ്ടമായ പറമ്പുകളുംകൊണ്ട് അനുഗ്രഹീതമാണ്.

ഈ പ്രദേശത്ത് അങ്ങിങ്ങായി കാണുന്ന തൊപ്പിക്കുന്നുകൾ, പ്രളയജലം വന്ന് മൂടി ഭൂപ്രകൃതി മാറിയ പീഠഭൂമികൾ രൂപപ്പെട്ടുണ്ടായതാണ്. ചരൽപാളികളും ചരൽമണ്ണ് പാറകളും ചരൽ പാളികളും പരിവർത്തനം ചെയ്യപ്പെട്ട വെട്ടുകല്ലുകളും ഉൾപ്പെടുന്നതാണ് ഇവിടുത്തെ ഒട്ടുമിയ്ക്ക കരപ്രദേശങ്ങളും. പുളിയംപറമ്പ് കോമ്പിൽ പ്രദേശങ്ങളിൽ കരിങ്കല്ല് നിറഞ്ഞ പ്രദേശങ്ങളും കാണുന്നു.

ചരിത്രം.

പള്ളിക്കൽ കരിപ്പൂർ പ്രദേശങ്ങൾ പെരുമാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു. എ.ഡി. 825ൽ ചേരമാൻ പെരുമാളുടെ കാലശേഷം പള്ളിക്കൽ സാമൂതിരി മഹാരാജാവിന്റെ കീഴിൽ വന്നു. 22.2.1972ലെ ശ്രീരംഗപട്ടണം ഉടമ്പടിയും 18.3.1972ലെ കോൺവാലീസ് പ്രഖ്യാപനവും ഈ പ്രദേശത്തെ ബ്രിട്ടീഷ് അധീനപ്രദേശമാക്കി. എന്നാൽ 18.8.1792ൽ ബ്രിട്ടീഷുകാർ മറ്റൊരു ഉടമ്പടിയുണ്ടാക്കി. രാമനാട്, ഏറനാട് പ്രദേശത്ത് വരുന്ന പള്ളിക്കൽ കരിപ്പൂർ പ്രദേശങ്ങൾ വീണ്ടും 1802 മുതൽ സാമൂതിരിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായി. സാമൂതിരി പിന്നീട് ഈ പ്രദേശങ്ങൾ നികുതിപിരിവ്, ഭരണപരമായ സൗകര്യം എന്നിവ പരിഗണിച്ച് വലുപുതു കൊവിലകം, കരിപ്പാകോവിലകം, പരപ്പനാട് കോവിലകം, കിഴക്കെ കോവിലകം, ഗുരുവായൂർ ദേവസ്വം, വെള്ളിമുറ്റത്ത് മൂസ്സത്. കല്പകശ്ശേരി മൂപ്പിൽ നായർ മംഗലശ്ശേരി നമ്പൂതിരി പാറപ്പുറത്ത് നമ്പൂതിരി കൊണ്ടുവെട്ടിതങ്ങൾ എന്നിവരെ ഏല്പിച്ചു. 1970 വരെ ഈ വ്യവസ്ഥിതി

തുടർന്നു. 1970ലെ കർഷകനിയമത്തോടെ കൃഷി ഭൂമി മുഴുവൻ കർഷകർക്ക് സിദ്ധിക്കുകയും കാർഷിക നവോത്ഥാനത്തിന് നാന്ദികുറിക്കുകയും ചെയ്തു. ഇതോടെ കാർഷികമേഖലയിൽ വൻനേട്ടങ്ങൾ കൈവരിച്ചു.

കോഴിക്കോട് ജില്ലയുടെ ഭാഗമായിരുന്ന പള്ളിക്കൽ 16.7.69 മുതൽ മലപ്പുറം ജില്ലയുടെ ഭാഗമായി. 23.2.96 വരെ ഏറനാട് താലൂക്കിലും കൊണ്ടോട്ടി ഫർക്കയിലും അതിന്ശേഷം തിരൂരങ്ങാടി താലൂക്കിലും തിരൂരങ്ങാടി ഫർക്കയിലും ഉൾപ്പെടുന്നു. എന്നാൽ കൊണ്ടോട്ടി ബ്ലോക്കിൽ തന്നെ പള്ളിക്കൽ ഇപ്പോഴും തുടരുന്നു.

തൊണ്ടിക്കോടൻ അസ്സൻകോയമൊല്ല, അബൂബക്കർ മൊല്ല എന്നിവർ 1910, 12ൽ പള്ളിക്കൽ ബസാറിലെ പള്ളിക്ക് കിഴക്ക് ഭാഗത്ത് ഓത്തുപള്ളികൾ ആരംഭിച്ചിരുന്നു. 1918-22 കാലത്ത് മാടത്തൊടി വീരാൻകുട്ടിഹാജി കോഴിപ്പുറം ചെട്ടിയാർമാട് എന്നിവിടങ്ങളിലും കരിപ്പൂർ കോയക്കുട്ടി മുസ്ല്യാരും ഓത്തുപള്ളികൾ ആരംഭിച്ചു. ഈ ഓത്തുപള്ളികൾ കൂടാതെ, കളരിക്കൽ നാരായണപണിക്കർ, ഇ.കെ. കരുണാകരൻ നായർ എന്നിവർ ചേത്തെ പറമ്പിൽ 1918ൽ ആരംഭിച്ച എഴുത്തുപള്ളി എന്നിവയാണ് ആദ്യകാലത്തെ അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ. പിന്നീട് 1920ൽ വെണ്ണായൂർ എടയംപറമ്പിലും 1930ൽ കാവുംപടിയിലും പി.സി. കുമാരൻ നായരും 1926ൽ കോഴിപ്പുറത്ത് എം. അഹമ്മദ്കുട്ടി മുസ്ല്യാരും 1927ൽ ആലശ്ശേരി കടുക്കിൽ കെ.പി. കുഞ്ഞിക്കോയതങ്ങളും ഓരോ സ്കൂളും സ്ഥാപിച്ചു. 1925ൽ സർക്കാർ സ്കൂളായി ആരംഭിച്ച പുത്തൂർ പള്ളിക്കൽ യു.പി. സ്കൂൾ അംഗീകാരം നഷ്ടപ്പെട്ടതിനെ തുടർന്ന് പി.സി. അഹമ്മദാജി ഏറ്റെടുത്ത് നടത്തുകയുണ്ടായി.

ഡോക്ടർ ഇ. ചന്തുണ്ണിയും (MSc, PHD) ഡോക്ടർ വി.വി. സുബ്രഹ്മണ്യനും(MBBS) M.P. രാധാകൃഷ്ണനും BE, പി.കെ. മുഹമ്മത്കുട്ടിയും BA BT, രായിൻ മമ്മതും BSC BL ആദ്യകാല ബിരുദധാരികളിൽ ഒപെടുന്നു.

വൈദ്യം കുലവൃത്തിയായി സ്വീകരിച്ച് പേരും പെരുമയും സിദ്ധിച്ച ധാരാളം കുടുംബങ്ങൾ പുത്തൂർ പള്ളിക്കൽ, കരിപ്പൂർ, പള്ളിക്കൽ എന്നിവിടങ്ങളിലുണ്ടായിരുന്നു.

കേരളത്തിനകത്തും പറത്തും അറിയപ്പെടുന്ന ആനപാപ്പാന്മാരുടെ ഒരു കുടുംബവും പള്ളിക്കലുണ്ട്. അവരിൽപെട്ട പലരും വിവിധ സംസ്ഥാനങ്ങളിൽ ആനയെ പലിപാലിക്കുന്ന ജോലിയും ചെയ്ത് വരുന്നു.

പ്രാദേശികോത്സവങ്ങൾ:- പള്ളിക്കൽ ഭഗവതിക്ഷേത്രത്തെ കേന്ദ്രീകരിച്ച് 14 ദിവസത്തെ പാട്ടുത്സവം നടത്തിയിരുന്നു. പള്ളിക്കൽ ഭഗവതി, കാട്ടാച്ചിറ ഭഗവതി, പറമ്പത്ത്കാവ് ഭഗവതി എന്നിവർ സഹോദരിമാരായിരുന്നു എന്നാണ് സങ്കല്പം. അതിനാൽ 3 വർഷം കൂടുമ്പോൾ കുംഭം മീനം മാസങ്ങളിലായിരുന്നു പാട്ടുത്സവം നടത്തിയിരുന്നത്. ഈ ക്ഷേത്രനടത്തിപ്പിന് സാമൂതിരി രാജാവ് തളിപറമ്പിൽനിന്ന് നമ്പൂതിരി കുടുംബങ്ങളേയും കിഴക്കകാരെയും കൊണ്ടു വന്നു കുടിയിരുത്തിയതായും മുമ്പ് ഇവിടെ ബ്രാഹ്മണാധിപത്യം നിലനിന്നതായും അറിയുന്നു. പള്ളിക്കൽകാവിലെ ഉത്സവം നടത്തിയിരുന്നത് പട്ടികജാതിയിൽപെട്ടവരു മുതൽ സാമൂതിരി രാജകുടുംബാംഗങ്ങളായുള്ള ജാതിയിൽപെട്ടവരുടെ കൂട്ടായ്മയോടെയായിരുന്നു. അടുത്തുള്ള പഞ്ചായത്തുകളിലെ ജനങ്ങളും ഈ പാട്ടുത്സവത്തിന്റെ നടത്തിപ്പിൽ പങ്കാളികളായിരുന്നു. ഏറ്റവും അവസാനത്തെ പാട്ടുത്സവം 1944 ലായിരുന്നു.

പള്ളിക്കൽ ഗണപതി ക്ഷേത്രത്തിലെ മണ്ഡല ഉത്സവം ഏതാണ്ട് 400 വർഷമായി തുടർന്നുവരുന്നു. ചാലിയ സമുദായക്കാരുടെ ഉടമസ്ഥതയിലുള്ള ഈ ക്ഷേത്രത്തിൽ മണ്ഡലമാസത്തിൽ വിപുലമായ സാംസ്ക്കാരിക പരിപാടികൾ നടത്തിവരുന്നുണ്ട്.

കോഴിപ്പുറം നേർച്ച അടുത്ത ദിക്കുകളിലൊക്കെ പേരുകേട്ടതായിരുന്നു. 3 ദിവസം നീണ്ടു നിന്ന ഈ നേർച്ചയിൽ ഒന്നാംദിവസം വരവുകൾക്കും തുടർന്നുള്ള രണ്ടു ദിവസങ്ങളിൽ ദിക്ർ പോലുള്ള ആത്മീയ കാര്യങ്ങൾക്കുമായിരുന്നു പ്രാധാന്യം. നാനാജാതി മതസ്ഥരുടെ കൂട്ടായ്മയായിരുന്ന ഈ നേർച്ചകാലത്ത് ഇവിടെ വ്യാപാരമേളകളും കാലിചന്തകളും, കലാകായിക പ്രദർശനങ്ങളും നടന്നിരുന്നു. നേർച്ചവരവുകളെ കോരമ്പുലാക്കൽ സെയ്ത്കുഞ്ഞിക്കോയ തങ്ങളും അദ്ദേഹത്തിന്റെ മുൻഗാമികളും അശ്വാരൂഢരായി എതിരേറ്റ് ആനയിച്ചിരുന്നു. കോഴിപ്പുറം ജുമാമ

സ്ജിദിലെ കടലുണ്ടി പുളിക്കലകത്ത് കുഞ്ഞി ബിച്ചിക്കോയ തങ്ങളുടെ യാറത്തിലാണ് നേർച്ച സമാപിച്ചിരുന്നത്. കുഞ്ഞിബിച്ചിക്കോയ തങ്ങൾ സൂഫി വര്യനായിരുന്നു. കടലുണ്ടിയിൽനിന്നും പള്ളിക്കൽ വന്നതായിരുന്നു. ഏറ്റവും ഒടുവിൽ ഈ നേർച്ച നടന്നത് 1948 ലാണ് എന്നറിയുന്നു. എന്നാൽ തറയിട്ടാലിലെ കൊടിക്കൽ നേർച്ചയും അയിന്തൂർ നേർച്ചയും ചെട്ടിയാർമാടിലെ നാഗൂർഷൈഖിന്റെ പേരിലുള്ള നേർച്ചയും ഇപ്പോഴും ആഘോഷിച്ചു വരാറുണ്ട്.

ഈ നൂറ്റാണ്ടിന്റെ പൂർവ്വാദ്ധം മുതൽ വിവിധതരം നാടകങ്ങൾ, കലാപരിപാടികൾ എന്നിവ വിവിധ പ്രദേശങ്ങളിലായി നടന്നുവരുന്നു. പ്രാചീന കലാരൂപങ്ങളായ ദഫ്മുട്ട്, കോൽക്കളി, പരിചമുട്ട് എന്നിവയും പകിടകളി, കാരകളി തുടങ്ങിയവയും കൂടാതെ ഫുട്ബോൾ മത്സരങ്ങളും നടന്ന് വരുന്നു. പള്ളിക്കൽ പഞ്ചായത്തിലെ പട്ടികജാതിക്കാർ, ആശാരിമാർ, കൊല്ലന്മാർ എന്നിവർ അവരവരുടെ കാവുകളിൽ പരമ്പരാഗത ഉത്സവങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ഗംഭീരമായ നടത്തിയിരുന്നു. ഒരു സമൂഹം എന്ന നിലയിൽ പള്ളിക്കൽ പഞ്ചായത്തിലേക്ക് ഒന്നിച്ചു കടന്നുവന്നവരാണ് ചാലിയ സമുദായക്കാർ. ഇവരെ സാമൂതിരി രാജാവ്, പരുത്തിക്കോട് റോഡിനടുത്തുള്ള ആടനൂർ എന്ന സ്ഥലത്തായിരുന്നു കുടിയിരുത്തിയത്. പിന്നീട് ഇവർ 1490ൽ ഇപ്പോഴത്തെ ചാലിയ തെരുവ് സ്ഥാപിക്കുകയായിരുന്നു. പ്രസ്തുത സ്ഥലത്ത് വിസ്തൃതിയിലാണ്ടുപോയ ഒരു നരസിംഹക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാം.

പള്ളിക്കൽ എന്ന സ്ഥലം ആദ്യകാലത്ത് പള്ളിക്കൽ കാവിന്റെ ചുറ്റുമുള്ള 13 ഏക്കർ സ്ഥലം മാത്രമായിരുന്നു. പീഠഭൂമി പോലെ ഉയർന്ന് കിടക്കുന്ന പുത്തൂർ കുറുങ്കോട്ട് പറമ്പ്, പുത്തൂർ ശിവക്ഷേത്രം, നെടുങ്ങോട്ട് മാട്, അങ്കപ്പറമ്പ് കുറുപ്പം വീട് കുറുന്തലകാവ് കളരി, ഏലോത്ത് ശിവക്ഷേത്രം, മണക്കാട്ടി ശിവക്ഷേത്രം എന്നിവ ഇന്നും ചരിത്രസ്മരണകളയവിറക്കുന്ന കേന്ദ്രങ്ങളായിരുന്നു.

സ്വാതന്ത്ര്യത്തിനായി വെള്ളക്കാർക്കെതിരെ പോരാടിമരിച്ച എമ്പാടും പേർ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നു. 1921ലെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന മലബാർ വിപ്ലവത്തിലും 1946ലെ MSP സമരത്തിലും പങ്കെടുത്തതിന്റെ പേരിൽ കഷ്ടനഷ്ടങ്ങൾ സഹിച്ചവർക്ക് വൈകിയാണെങ്കിലും സ്വാതന്ത്ര്യസമരപെൻഷൻ അനുവദിച്ച് കിട്ടിയിട്ടുണ്ട്. ശ്രീ ശങ്കുണ്ണിനായർ, എൻ. വേലായുധൻ നായർ എന്നിവർ MSP സമരത്തിൽ പങ്കെടുത്തതിന് പീഡിപ്പിക്കപ്പെട്ടിരുന്നു. അസ്പ്രഷ്യതക്കെതിരെ സന്ധിയില്ലാസമരം നടത്തിയിരുന്ന സ്വാമി ആനന്ദതീർത്ഥൻ പള്ളിക്കൽ തന്റെ സന്ദേശവുമായി സന്ദർശിച്ചിരുന്നു.

മലബാറിന് ചിറക് നൽകിയ കരിപ്പൂർ കരിപ്പൂർ വിമാനത്താവളം

പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് നിലകൊള്ളുന്നു. കരിപ്പൂരിലെ കണ്ണംകോട്ടുപാറമൈതാനമാണ് വിമാനത്താവളമായി തീർന്ന സ്ഥലം.

1950ൽ വ്യോമയാന വകുപ്പിന്റെ വികസനത്തിലുൾപ്പെടുത്തിയ മലബാർ വിമാനത്താവളത്തിന് 1959ൽ ചെറുവണ്ണൂരിൽ സ്ഥലം കണ്ടെത്തിയതായിരുന്നു. ആ നാട്ടുകാരുടെ എതിർപ്പു മൂലം സ്ഥലം കിട്ടിയില്ല. കരിപ്പൂർ ഗ്രാമസേവാസംഘം നൽകിയ നിവേദനത്തെ തുടർന്ന് കരിപ്പൂർ, വിമാനത്താവളത്തിന് തെരഞ്ഞെടുത്തത് 1968 നവംബർ 13നായിരുന്നു. 1970ൽ 14 ലക്ഷം രൂപ സ്ഥലമെടുപ്പിന് വേണ്ടി നീക്കിവെക്കുകയും 217 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. പിന്നീട് നടപടി ഒന്നും ഉണ്ടാകാതിരുന്നപ്പോൾ 1977 ഒക്ടോബർ 8ന് കെ.പി. കേശവമേനോന്റെ നേതൃത്വത്തിൽ കോഴിക്കോട്ടുനിന്നും പുറപ്പെട്ട എയർപോർട്ട് കമ്മറ്റിയുടെ പ്രതിഷേധ വാഹന ഘോഷയാത്ര കരിപ്പൂരിലെത്തി. സ്ഥലം എം.എൽ.എയായിരുന്ന പി. സീതിഹാജി നാട്ടുകാർക്ക് വേണ്ടി പ്രതിഷേധ ഘോഷയാത്രയെ കരിപ്പൂരിലേയ്ക്ക് സ്വാഗതം ചെയ്തു.

1980ൽ മുൻ മുഖ്യമന്ത്രി സി.എച്ച്.മുഹമ്മദ്കോയ അന്നത്തെ വ്യോമയാനമന്ത്രി എ.പി. ശർമയെ കോവളത്ത് ചെന്ന് കണ്ട് വിമാനത്താവളത്തിനായി നിവേദനം സമർപ്പിച്ചിരുന്നു. അതിന് ശേഷം സിവി എവിയേഷൻ ഡെപ്യൂട്ടി ഡയരക്ടർ ഭരദ്വാജ് കരിപ്പൂർ സന്ദർശിച്ചു. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി എല്ലാ സൗകര്യങ്ങളോടുംകൂടിയ വിമാനത്താവളം കരിപ്പൂരിൽ

സ്ഥാപിക്കുമെന്ന് കോഴിക്കോട് വെച്ച് പ്രഖ്യാപിക്കുകയും ചെയ്തു.

അങ്ങനെ 1982 ജൂൺ 19ന് കോഴിക്കോട് വിമാനത്താവളത്തിന് പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ കരിപ്പൂരിൽ തറക്കല്ലിട്ടു. 1983 ഏപ്രിലിൽ കരിപ്പൂരിലെ കണ്ണുംകോട്ട് പാറയിൽ ബുൾഡോസറുകൾ ഉരുണ്ട് തുടങ്ങിയതോടെ താവളനിർമ്മാണം ആരംഭിച്ചു. 1988 എപ്രിൽ 13-ാം തിയ്യതി വിമാനത്താവളം ഉൽഘാടനം ചെയ്യപ്പെട്ടു. പതിനായിരങ്ങൾ നോക്കിനിൽക്കെ "ബോംബെയിൽനിന്ന് പറന്ന് വന്ന ബോയിംഗ് 707 വിമാനം കരിപ്പൂർ കണ്ണംകോട്ടുപാറയിൽ താഴ്ന്നിറങ്ങി. ജനങ്ങൾ അത്ഭുത ആഹ്ലാദാരവങ്ങളോടെ വിമാനത്തെ എതിരേറ്റു. അതിന് മുൻപ് ആകാശത്ത് ഒരു പൊട്ടായി പറന്ന് പോകുന്നതല്ലാതെ ഇത്ര അടുത്ത് ഗ്രാമവാസികൾ യന്ത്രപക്ഷിയെ കണ്ടിരുന്നില്ല.

കരിപ്പൂരിലെ കർഷകകാരണവരായ പെരികടക്കാട്ട് സെയ്തുകാക്ക, ആകാശത്തിലൂടെ പറക്കുന്ന വിമാനം ആദ്യമായി കണ്ട ദിനം വിവരിച്ചു.

അന്ന് ഒന്നാംലോകമഹായുദ്ധത്തിന് ശേഷമുള്ള ഒരു വെള്ളിയാഴ്ചയായിരുന്നു. വീട്ടിലുള്ള പുരുഷന്മാർ ജുമുഅ നമസ്കാരത്തിന് പോയനേരം. വീട്ടിലെ സ്ത്രീകൾ ഉച്ചഭക്ഷണം തയ്യാറാക്കുന്ന നേരവും. ആകാശത്ത് അതികഠോരമായ ഒരാരവം. മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടികളാണ് തിളങ്ങുന്ന ഒരു സാധനം ആകാശത്തിലൂടെ നീങ്ങുന്നത് ആദ്യമായി കണ്ടത്. മുറ്റത്തേക്ക് ഓടി ഇറങ്ങിയ സ്ത്രീകളും ആ കാഴ്ച കണ്ടു. അതിന് മുമ്പ് ആരും അങ്ങനെയൊരു സാധനം കാണുകയോ അത്തരത്തിലൊരു ശബ്ദം കേൾക്കുകയോ ചെയ്തിരുന്നില്ല.

ഖിയാമംനാൾ! ആകാശത്ത്നിന്ന് മലക്കുകൾ ഇറങ്ങുകയാണോ?

പേടിച്ച് വിറച്ച് അടുപ്പിൽ തീകത്തിക്കാൻ പോലും കഴിയാതെ ഭക്ഷണം പാകം ചെയ്യാതെ വീട്ടുകാരികൾ തരിച്ചിരുന്നു.....

നമസ്കാരം കഴിഞ്ഞ് പള്ളിയിൽനിന്നും പുരുഷന്മാർ ഭക്ഷണം കഴിക്കാനായി വീട്ടിൽ തിരിച്ചെത്തി. അപ്പോഴും ആകാശത്തെ അത്ഭുതംകണ്ട പേടിയിലായിരുന്നു വീട്ടുകാരികൾ. പള്ളിയിൽനിന്നും ആകാശക്കപ്പലിനെപ്പറ്റി കേട്ടറിഞ്ഞ പുരുഷന്മാർ ഇത്കണ്ട് പൊട്ടിച്ചിരിച്ചുപോയി....

വിമാനത്താവളമാകുംമുൻപ്, കണ്ണംകോട്ടുപാറ മൈതാനിയിലൂടെ ഒറ്റക്ക് നടക്കാൻ പേടിയായിരുന്നുവെന്ന് വിമാനത്താവളത്തിന് വേണ്ടി വീടൊഴിയേണ്ടിവന്ന വൃദ്ധയും രോഗിണിയുമായ പാപ്പാടൻ ചക്കിക്കുട്ടി പറഞ്ഞു. പൊട്ടിച്ചൂട്ട് പിശാച് വഴി തെറ്റിക്കുമെന്ന അന്ധവിശ്വാസമായിരുന്നു കാരണം.

കണ്ണംകോട്ടുപാറ കൂടാതെ, ജനവാസമുള്ള വെള്ളാർ, കുമ്മിണിപറമ്പ്, പുളിയംപറമ്പ്, പാലപ്പെട്ടി തറയിട്ടാൽ എന്നീ പ്രദേശങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണ് കരിപ്പൂർ.

കരിപ്പൂർ എന്ന പേർ, കാരിപുരി എന്ന പേരിൽനിന്നുണ്ടായതാണ്. കാരിപുരി എന്നാൽ തരിശുനിലം എന്നും കാരിയുടെ കോട്ട എന്നും അർത്ഥമുണ്ട്. കരിചാത്തൻകുന്ന്, കുമ്മിണിപറമ്പ്, ചെറുക്കന്റെകണ്ടി, കണ്ണൻകോട്ട്പാറ, അയ്യപ്പൻചോല എന്നീ പേരുകളും കരിപ്പൂരിൽ ഹരിജനങ്ങൾക്കുണ്ടായിരുന്ന പ്രാമുഖ്യം വിളിച്ചുപറയുന്നവയാണ്. പള്ളിക്കൽ മേഖലയിലെ അഞ്ചാം വാർഡിൽ കാട്ടരുവി ഒലിച്ചിറങ്ങുന്ന മനോഹരമായ രാമൻചിറകുളമുണ്ട്വി കരിപ്പൂരിൽ ആഞ്ചിറ എന്ന ഒരു പുരാതന കുളവുമുണ്ട്. ഈ കുളത്തിന്റെ തെക്കെപറമ്പിൽ മമ്പുറം തങ്ങളായ സയ്യിദ് അലവി മൗലദ്വവീല തങ്ങൾ സ്ഥാനനിർണയം ചെയ്ത ആഞ്ചിറക്കൽപള്ളി ചരിത്രസ്മാരകമായി നിലനിറുത്തിയിരിക്കുന്നു. ഇസ്ലാംമതപ്രബോധകനും ഹസർമൗത്തിലെ തരീം നിവാസിയുമായിരുന്ന തങ്ങൾ അവർകൾ സുമാർ 100 വർഷങ്ങൾക്ക് മുൻപ് കരിപ്പൂരിൽ വന്നതായിരുന്നു. രാമൻചിറ വലിയ ജുമഅത്ത് പള്ളി, തറയിട്ടാൽ ചാൽകുളം ജുമാമസ്ജിദ്, പുളിയംപറമ്പ് വലിയ ജുമാഅത്ത് പള്ളി കുമ്മിണിപറമ്പ് ജുമാമസ്ജിദ്, കൂട്ടാലുങ്ങൽ ജുമാ മസ്ജിദ് എന്നിവ പില്ക്കാലത്ത് നിർമിച്ചവയാണ്.

കരിപ്പൂരിൽ ജീവിച്ചിരുന്ന സൂഫിവര്യനായിരുന്ന കീടക്കാട്ട് ഉണ്ണിപോക്കർഹാജിയെ, മതഭക്തിയും ലളിതജീവിതവും സത്യസന്ധതയും കാരണം ജനങ്ങൾ ഭക്ത്യാദരപൂർവ്വം ഓർമ്മിക്കുന്നു. കീടക്കാട്ട് മോന്തീൻ മുസ്ല്യാരും നെയ്യൻ മുഹ

മ്മദ് മുസ്ല്യാരും പ്രഗത്ഭരായ മതപണ്ഡിതന്മാരായിരുന്നു.

ആരഴിപ്പാറപുറത്ത് ഭാസ്ക്കരൻ നമ്പൂതിരി, കോഴിപ്പുറം അഹമ്മദ്കുട്ടി മുസ്ല്യാർ എന്നിവർ ജീവിച്ചിരുന്ന കാലത്ത് സമാദരണീയരായിരുന്നു.

കരിപ്പൂർ മേഖലയിലെ തറയിട്ടാൽ പ്രദേശത്തിന്റെ പേരിന് കാരണമായ പഴക്കം ചെന്ന ആൽമരവും തറയും ഇന്നും ഇവിടെ സംരക്ഷിക്കപ്പെട്ടു പോരുന്നുണ്ട്. മോട്ടോർ വാഹനങ്ങളില്ലാത്ത പഴയ കാലത്ത് ക്ഷീണിതരായ യാത്രക്കാർക്ക് തണലിനൊപ്പം ദാഹജലവും നൽകിപ്പോന്ന കേന്ദ്രമായിരുന്നു തറയിട്ടാൽ എന്ന് വയോവൃദ്ധനായ കാളൂർ ബാവുഹാജി പറഞ്ഞു. കാളപൂട്ടുമത്സരവും നായാട്ടും അക്കാലത്ത് കരിപ്പൂരിൽ നടന്നിരുന്നു.

നമസ്ക്കാരപള്ളിയും ക്രൈസ്തവൻ ചർച്ചും, ഹരിജൻ ശ്മശാനവും, റൺവേ നീളം കൂട്ടാൻ വേണ്ടി കഴിഞ്ഞ വർഷം പൊളിച്ചുനീക്കിയപ്പോൾ കൂട്ടത്തിൽ കരിപ്പൂരിലെ കൂട്ടാലങ്ങാടി മുഴുവൻ പൊളിച്ചുനീക്കുകയുണ്ടായി. കുമ്മിണിപറമ്പിലെ ഇ.എം.ഇ.എ. ആർട്സ് ആന്റ് സയൻസ് കോളേജിന് സമീപമുള്ള മനോഹരമായ ബെങ്കുളം, മുക്കാൽഭാഗവും റൺവേ നിർമ്മാണത്തിന് വേണ്ടി നേരത്തെതന്നെ നികത്തിയിരുന്നു.

ഒരു സ്റ്റേഡിയം പോലെ തോന്നിച്ചിരുന്ന ബെങ്കുളത്തിന് കോഴിക്കോട് കോർപറേഷൻസ്റ്റേഡിയത്തിന്റെ മൂന്നിരട്ടി വലിപ്പമുണ്ടായിരുന്നു, ഗ്രൗണ്ടിൽ വയലുകളായിതിരിച്ച് നെൽകൃഷിയായിരുന്നു. നേരത്തെ അത്ഭുതവലിപ്പമുള്ള കുളമായിരിക്കണം ഇതെന്ന് അനുമാനിക്കുന്നു. എന്നാൽ കാടുവെട്ടിത്തെളിയിച്ചാണ് ബെങ്കുളം കൃഷിയോഗ്യമാക്കിയതെന്ന് കണ്ണംകോട്ടുപാറയിലെ കൃഷിക്കാരനായിരുന്ന കുട്ട്യാമുക്കാക്ക മരിക്കുംമുൻപ് പറഞ്ഞതായി അറിയാൻ കഴിഞ്ഞു.

ജീവൻപോലും തൃണവൽഗണിച്ച് മതസൗഹാർദ്ദം നിലനിറുത്തിപ്പോന്ന ഗ്രാമമായിരുന്നു കരിപ്പൂർ എന്ന് മനസ്സിലാവുന്നു. മലബാർ വിപ്ലവത്തിലെ മാപ്പിളമാരെ ഒറ്റുകൊടുക്കാൻ വിസമ്മതിച്ചതിന്റെ പേരിൽ ഹരിജനങ്ങളെ ഇവിടെ വെള്ളപ്പട്ടാളം കൂട്ടത്തോടെ കശാപ്പു ചെയ്തിട്ടുണ്ട്. പാലപ്പെട്ടിയിലെ വാച്ചനണ്ടിയിൽ ഒരു കുഴിയിൽ ആറ് ഹരിജനങ്ങളെ മറവ് ചെയ്തത് ഇത്വരെ ചരിത്രാന്വേഷകരാരും ശ്രദ്ധിക്കാതെ പോയത് അത്ഭുതംതന്നെ. 1921ൽ ബ്രിട്ടീഷുകാർക്കെതിരിൽ സമരം ചെയ്ത പോക്കർ ഹാജിയെ ഖൂർക്കാപട്ടാളം വെടിവെച്ചതിന് പിറകെ കൊല്ലുകയായിരുന്നു. തോട്ടോളി മരക്കാർ, വിളകീര കുഞ്ഞിമൊയ്തീൻകുട്ടി തുടങ്ങിയ ഏതാനും പേർ വെള്ളക്കാർക്കെതിരെ രംഗത്തിറങ്ങിയതിന്റെ പേരിൽ ദീർഘകാലം ബെല്ലാരി ജെയിലിൽ തടവിൽ കിടന്നിരുന്നു. ചരിത്രപരമായി മാത്രമല്ല, ഭൂമിശാസ്ത്രപരമായും പ്രത്യേകനില നിറുത്തുന്ന ഗ്രാമാണ് കരിപ്പൂർ. ഇത് കാരണം പുതുതായി രൂപീകരിക്കുന്ന പഞ്ചായത്തുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി 1994 ഒക്ടോബർ 2 മുതൽ പുതിയ കരിപ്പൂർ ഗ്രാമപഞ്ചായത്ത് നിവലിൽ വരുമെന്ന് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ലിസ്റ്റിലുണ്ടായിരുന്ന മറ്റൊരു പഞ്ചായത്ത് രൂപീകരിക്കുന്നതിന് നിയമതടസ്സമുണ്ടായതിനാൽ ആ വിജ്ഞാപനം പ്രാബല്യത്തിൽ വന്നിട്ടില്ല. 1957ലെ സംസ്ഥാനപുനസ്സംഘടനവരും വരെ കരിപ്പൂരും പള്ളിക്കലും വേറിട്ട് രണ്ട് അംശങ്ങൾ തന്നെയായിരുന്നു. അതിന് ശേഷമാണ് ഒരു റവന്യൂവില്ലേജായി മാറിയത്. പള്ളിക്കലും കരിപ്പൂരും ഉൾപ്പെടുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ 1.1.1964ൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡ് നിവിൽവന്നു. പ്രഥമപഞ്ചായത്ത് പ്രസിഡണ്ട് വി.പി. കുഞ്ഞഹമ്മദ് മാസ്റ്ററും വൈസ് പ്രസിഡണ്ട് കെ.എം. രായിൻമമ്മദുമായിരുന്നു. നീണ്ട രണ്ട് ദശാബ്ദകാലം പള്ളിക്കൽ പഞ്ചായത്ത് ബോർഡിന്റെ സാരഥിയായിരുന്ന, കുഞ്ഞഹമ്മദ് മാസ്റ്ററാണ് ഇന്ന് ഈ പഞ്ചായത്തിൽ കാണുന്ന പ്രധാന നേട്ടങ്ങളുടെയെല്ലാം സൂത്രധാരകൻ. കെഎം. കോയക്കുട്ടിമാസ്റ്റർ, കുഞ്ഞാവതങ്ങൾ എന്നിവർ പിന്നീട് പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്നിട്ടുണ്ട്. ഇപ്രാവശ്യം വനിതകൾക്കായി പ്രസിഡണ്ട്പദം റിസർവ് ചെയ്തിരിക്കുന്നു. ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡണ്ട് കെ. ഇത്തേയമ്മ ടീച്ചർ ഈ പഞ്ചായത്തിലെ ആദ്യത്തെ വനിതാ പഞ്ചായത്ത് പ്രസിഡണ്ടും കെ.സി. ആബിദ ആദ്യത്തെ വനിതാ വൈസ്പ്രസിഡണ്ടുമാണ്. ഇതിന്മുമ്പ് പി. ഉസ്സൻകുട്ടി, കെ.എം. കോയക്കുട്ടി മാസ്റ്റർ കെ.ഇ. മമ്മദ് എന്നിവരും വൈസ് പ്രസിഡണ്ടുമാരായിരുന്നിട്ടുണ്ട്. പള്ളിക്കൽ പഞ്ചായത്ത് ബോർഡിലേക്ക് വിവിധ കാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ പേർ വിവരം: 1.1.1962

മുതൽ 2.8.79 വരെ.

വി.പി. കുഞ്ഞഹമ്മദ് (പ്രസിഡണ്ട് കെ.എം. രായിൻ മമ്മദ് (വൈ.പ്രസിഡണ്ട്)പി. ഉസ്സൻകുട്ടി (വൈസ്പ്രസിഡണ്ട്) വി.വി. ചന്തുണ്ണി തങ്കം കെ. രവി, നായാടിക്കുട്ടി, പി.എ.അത്തൻ, കെ.പി. മാധവിക്കുട്ടി, കെ.പി. മമ്മദ്കുട്ടി (മെംബർമാർ) 28.9.79 മുതൽ 19.10 84 വരെ.

വി.പി. കുഞ്ഞഹമ്മദ് പ്രസിഡണ്ട്) കെ.എം. കോയക്കുട്ടി (വൈസ്പ്രസിഡണ്ട്) കെ.പി.എസ് കുഞ്ഞാവതങ്ങൾ, പി.എ. വീരാൻകുട്ടി, വി. നീലാണ്ടൻ, കെ. മൊയ്തീൻ, കെ. ഹസ്സൻകോയ, പി.മാധവിക്കുട്ടി, യു. അസ്സൈൻ (മെംബർമാർ) 19.10.84 മുതൽ 20.1.88 വരെ താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ നേരിട്ട് ഭരണത്തിലായിരുന്നു. 4.2.88 മുതൽ 30.9.95 വരെ കെ.എം. കോയക്കുട്ടി (പ്രസിഡണ്ട് 4.2.88 മുതൽ 19.2.91 വരെ) കെ.പി.എസ് കുഞ്ഞാവതങ്ങൾ (പ്രസിഡണ്ട് 6.3.91 മുതൽ 30.9.95 വരെ) കെ.ഇ. മമ്മദ് (വൈസ്പ്രസിഡണ്ട്) കെ.പി. അബ്ദുൽഗഫൂർ, ഇത്തായുമ്മ, ടി.ഗോപാലൻ, ടി.പി. മുഹമ്മദ്, വി.പി. അബ്ദുൽ ഹമീദ്, കെ. രത്നാകരൻ, സി.ഹഫ്സത്ത്, (മെംബർമാർ)

2.10.95 മുതൽ ഇപ്പോൾ നിലവിലുള്ളവർ. കെ. ഇത്തേയുമ്മ (പ്രസിഡണ്ട്) കെ.സി. ആബിദ(വൈ.പ്രസിഡണ്ട് കെ.പി.എസ്. കുഞ്ഞാവതങ്ങൾ, പി.കെ.കെ.പിള്ളമാസ്റ്റർ, തൊണ്ടിക്കോടൻ കുട്ടി ഹസ്സൻ, ഓടക്കൽ മൂസ്സക്കോയ, ടി. സൈറാബാനു, മൊക്കൻ മുഹമ്മദ്കുട്ടി മാസ്റ്റർ കുമ്മാളി ബീപാത്തുമ്മ, കെ.എം. കോയക്കുട്ടി, സി.പി. മുഹമ്മദ് കുട്ടി.

വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ് കോയയുടെ സ്മരണ അയവിറക്കിക്കൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി തലയുയർത്തിനിൽക്കുന്നതും ഈ പഞ്ചായത്തിലാണ്. പള്ളിക്കൽ പഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ സ്ഥാപനമാണ് കോഴിക്കോട് സർവ്വകലാശാല. പള്ളിക്കൽ, തേഞ്ഞിപ്പലം, ചേലേമ്പ്ര പഞ്ചായത്തുകളിൽ ചിതറിക്കിടക്കുന്ന ഈ സ്ഥാപനത്തിന്റെ പരീക്ഷാഭവൻ ഭരണ വിഭാഗം ആപ്പീസ് എന്നിവ ഈ പഞ്ചായത്തിലാണ്. പഞ്ചായത്തിന് സാമ്പത്തികമായി നല്ല ഒരു വരുമാനം ലഭിക്കുന്നുണ്ടെന്ന് മാത്രമല്ല ഈ പഞ്ചായത്തിലെ ധാരാളം പേർ യൂണിവേഴ്സിറ്റിയിലെ വിവിധ തലങ്ങളിൽ ജോലി ചെയ്തുവരുന്നുണ്ട്. കൂടാതെ പരോക്ഷണായും ധാരാളം കുടുംബങ്ങൾക്കും സാമ്പത്തിക വരുമാനം ലഭിക്കുന്നുണ്ട്. പ്രാദേശിക വികസന സാംസ്കാരിക കാര്യങ്ങളിലെല്ലാം തന്നെ യൂണിവേഴ്സിറ്റി ജീവനക്കാരുടേയും അധികൃതരുടേഉം പങ്കാളിത്തം ലഭിക്കുന്നുണ്ട്.

ഭൂപ്രകൃതിയും വിഭവങ്ങളും

ജില്ലാതലസ്ഥാനത്ത്നിന്നും 30 കിലോമീറ്റർ ദൂരം പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശം 25.96 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുണ്ട്. പള്ളിക്കൽ, കരിപ്പൂർ മേഖലകളിലായി സ്ഥിതിചെയ്യുന്ന പ്രദേശത്ത് 21.20 ചതുരശ്ര കിലോമീറ്റർ ഉയർന്ന സമതലം, ചരിവ് 4.65 വയൽ പ്രദേശമാണ്. 0.46 ചതുരശ്ര കിലോമീറ്റർ കുറ്റിക്കാടുകൾ നിറഞ്ഞ പ്രദേശവും കാണപ്പെടുന്നുണ്ട്. സംസ്ഥാനതല കണക്കെടുപ്പു പ്രകാരം 25.85 ചതുരശ്ര കിലോമീറ്റർ മിഡ്ലാന്റ് പ്രദേശമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ചെറുകാവ്, പള്ളിക്കൽ, കൊണ്ടോട്ടി, നെടിയിരുപ്പ്, വേങ്ങര, തേഞ്ഞിപ്പലം ചേലേമ്പ്ര എന്നീ പഞ്ചായത്തുകളാൽ ചുറ്റപ്പെട്ട പള്ളിക്കൽ, ഏറനാട്, തിരൂരങ്ങാടി താലൂക്കുകളുടെയും തിരൂരങ്ങാടി മലപ്പുറം നിയമസഭാ മണ്ഡലങ്ങളുടെയും അതിർത്തികളിലായി സ്ഥിതിചെയ്യുന്നു. പുതിയ താലൂക്ക് രൂപീകരണത്തോടെ ഏറനാട് താലൂക്കിൽപ്പെട്ടിരുന്ന ഈ ഭൂപ്രദേശം ഇന്ന് തിരൂരങ്ങാടി താലൂക്കിലാണ് സ്ഥിതിചെയ്യുന്നത്.

മണ്ണിന്റെ ഗുണനിലവാരമനുസരിച്ച് അഞ്ച് ഭാഗങ്ങളായി തരംതിരിക്കാം. ചെമ്മണ്ണ്, ചരൽപറ്റുള്ള മണ്ണ്, ഗുണനിലവാരമുള്ള ചേറ്, പശിമരാശിയുള്ള മണ്ണ് എന്നിവയും ഏതാനും ഭാഗങ്ങളിൽ തരിശ് ഭൂമിയും കാണപ്പെടുന്നുണ്ട്. ഇതിൽ പ്രധാനമായും കൃഷി ചെയ്യുന്നത് നെല്ല്, കപ്പ, ഇഞ്ചി, എള്ള്, തുടങ്ങിയ വാർഷികവിളകളും തെങ്ങ്, കവുങ്ങ്, കശുവണ്ടി തുടങ്ങിയ സ്ഥിരം വിളകളുമാണ്. എന്നാൽ വാർഷിക വിളകളിൽ നിന്ന് സ്ഥിരം വിളയിലേക്ക് കർഷകർ നീങ്ങുന്ന ഒരു മനോഭാവം പ്രദേശങ്ങളിൽ പൊതുവേ കാണാം. മൂന്ന് വിള കൃഷിചെയ്തിരുന്ന പല പ്രദേശങ്ങളും ഇന്ന് ഒറ്റ കൃഷി മാത്രമാണ് കാണുന്നത്. ജലസേചന സൗകര്യത്തിന്റെ കുറവും കൂലിയിലുള്ള വർദ്ധനവും, കാർഷികവിളയുടെ വിലയിടിവും മൂലമാണ് ഇത് സംഭവിച്ചത്.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 37421 ആണ്. ജനനമരണനിരക്ക് കുറഞ്ഞുവരുന്നത് ആരോഗ്യഗുണനിലവാരത്തെ സൂചിപ്പിക്കുന്നു. സമ്പൂർണ്ണ സാക്ഷരതാനേട്ടം കൈവരിച്ച പഞ്ചായത്ത് വിദ്യാഭ്യാസരംഗത്തും ഉന്നതനിലവാരം പുലർത്തുന്നു. മുൻകാലങ്ങളിൽ കാർഷികമേഖലയെ ആശ്രയിച്ച് കുടുംബം പോറ്റിയിരുന്ന കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയും അതേ സമയം തൊഴിൽരഹിതരായ അഭ്യസ്ഥവിദ്യരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

മൂന്നു PWD റോഡുകളും, 16 പഞ്ചായത്ത് പക്കാ റോഡുകളും ഒരു ദേശീയപാതയുമുള്ള പഞ്ചായത്ത്പ്രദേശം ഗതാഗതത്തിന്റെ കാര്യത്തിൽ ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗം കെട്ടിടനികുതി, തൊഴിൽനികുതി, സ്റ്റാമ്പ് ഡ്യൂട്ടി, അൺടൈഡ് ഫണ്ട്, സർക്കാർഗ്രാന്റ്, ബേസിക് ടാക്സ് എന്നിവയാണ്.

കരിപ്പൂർ II

ബ്ലോക്ക് 11 ഭൂമി സംബന്ധിച്ച വിവരങ്ങൾ

	ഹെ.	ച.മീ.	
പുറമ്പോക്ക്	94	2715	
നിങ്ക	12	8060	തോടുകൾ ഉൾപ്പെടെ
ഭൂസ്ഥിതിറോഡ്	18	1200	പഞ്ചായത്ത് റോഡ് ഉൾപ്പെടെ
നിലം	123	8060	
പുരയിടം	1056	1620	
ആകെ	1305	1655	

പള്ളിക്കൽ I

ബ്ലോക്ക് 10

ഹെ.	ച. മീ.		
പുറമ്പോക്ക്	13	9298	
നിങ്ക	2	4555	
ഭൂസ്ഥിതിറോഡ്	16	8575	
നിലം	171	5442	
പുരയിടം	1086	3290	
1291	1160		

ആകെ വിസ്തീർണ്ണം

പള്ളിക്കൽ	1291	11,60	58998 40
കരിപ്പൂർ	1305	1655	62893 66
	2596	8815	121892 06

ട്രാൻസ്ഫോർമർ വാക്ക്

ഇംഗ്ലീഷ്	മലയാളം	ഇംഗ്ലീഷ് വാക്കിന്റെ അർത്ഥം
Transformer	ട്രാൻസ്ഫോർമർ	ഒരു കറന്റ് വോൾട്ടേജ് മാറ്റുന്ന ഉപകരണം
Core	കോർ	ട്രാൻസ്ഫോർമറിന്റെ ഉള്ളിലുള്ള ഇരുമ്പ് ഭാഗം
Coil	കോയിൽ	കോർ ചുറ്റിയിരിക്കുന്ന ചെമ്പ് കമ്പി
Primary	പ്രൈമറി	വൈദ്യുതി ഉള്ളിലേക്ക് വരുന്ന കോയിൽ
Secondary	സെക്കൻഡറി	വൈദ്യുതി പുറത്തേക്ക് പോകുന്ന കോയിൽ
Step up	സ്റ്റെപ്പ് അപ്പ്	വോൾട്ടേജ് കൂട്ടുന്ന ട്രാൻസ്ഫോർമർ
Step down	സ്റ്റെപ്പ് ഡൗൺ	വോൾട്ടേജ് കുറയ്ക്കുന്ന ട്രാൻസ്ഫോർമർ
Voltage	വോൾട്ടേജ്	വൈദ്യുത മർദ്ദം
Current	കറന്റ്	വൈദ്യുതി ഒഴുകുന്നത്
Turns ratio	ടേൺസ് റേഷ്യോ	പ്രൈമറിയും സെക്കൻഡറിയും തമ്മിലുള്ള കോയിൽ ചുറ്റുകളുടെ അനുപാതം
Efficiency	എഫിഷ്യൻസി	ഉപയോഗപ്രദമായ പവർ എത്ര ശതമാനം എന്ന് കാണിക്കുന്നത്
Losses	ലോസസ്	ചൂടായി നഷ്ടപ്പെടുന്ന പവർ
Iron loss	അയൺ ലോസ്	കോറിൽ ഉണ്ടാകുന്ന നഷ്ടം
Copper loss	കോപ്പർ ലോസ്	കോയിലിൽ ഉണ്ടാകുന്ന നഷ്ടം
Rating	റേറ്റിംഗ്	ട്രാൻസ്ഫോർമറിന് താങ്ങാവുന്ന പരമാവധി പവർ
Insulation	ഇൻസുലേഷൻ	കോയിലുകൾ തമ്മിൽ തൊടാതിരിക്കാൻ വെക്കുന്ന കവർ

പൊതുവിവരണം

ഗ്രാമപഞ്ചായത്തിന്റെ പേര്	:	പള്ളിക്കൽ
വില്ലേജ്	:	പള്ളിക്കൽ
ബ്ലോക്ക് പഞ്ചായത്ത്	:	കുണ്ടോട്ടി
താലൂക്ക്	:	തിരൂരങ്ങാടി
അസംബ്ലി മണ്ഡലം	:	കുണ്ടോട്ടി
വിസ്തീർണ്ണം	:	25.96 ച.കി.മീ.

അതിരുകൾ

വടക്ക്	:	പുളിക്കൽ ചെറുകാവ്, കുണ്ടോട്ടി പഞ്ചായത്തുകൾ
തെക്ക്	:	തേഞ്ഞിപ്പലം, വേങ്ങര, പഞ്ചായത്തുകൾ
കിഴക്ക്	:	നെടിയിരുപ്പ്, വേങ്ങര പഞ്ചായത്ത്.
പടിഞ്ഞാറ്	:	ചേലേമ്പ്ര.
ജനസംഖ്യ	:	37421
പുരുഷന്മാർ	:	18633
സ്ത്രീകൾ	:	18788
പ്രസിഡണ്ട്	:	ശ്രീമതി. കെ. ഇത്തേയുമ്മ ടീച്ചർ
വൈ. പ്രസിഡണ്ട്	:	ശ്രീമതി. കെ.സി. ആബിദ.

ബ്ലോക്ക് പഞ്ചായത്ത് മംബർമാർ

പള്ളിക്കൽ മേഖല	:	വി.പി. അബ്ദുൽഹമീദ് മാസ്റ്റർ
കിരപ്പൂർ മേഖല	:	കെ. ആരിഫ ടീച്ചർ

കൃഷിയും ജൂലൈസേചനവും

കൃഷി

പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന പള്ളിക്കൽ കരിപ്പൂർ അംശങ്ങളിലെ ഭൂരി ഭാഗം ജനങ്ങളും ഈ നൂറ്റാണ്ടിന്റെ ആരംഭം മുത ലേ കൃഷിക്കാരായിരുന്നു. 1936ലെ സെറ്റിൽമെന്റ് കണക്കുകൾ ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്. സാമൂതിരി രാജാവിന്റെ കീഴിലുള്ള എടപ്രഭുക്ക ന്മാരായിരുന്നു ഭൂവുടമകളെങ്കിലും ഭൂമിയിൽ ഭൂരി ഭാഗവും കുടിയാന്മാരുടെ കൈവശമായിരുന്നു. അവർ ഭൂമിയിൽനിന്ന് വർഷംതോറും മിച്ചവാരം/ പാട്ടം ജന്മിക്ക് നൽകിവന്നിരുന്നു. അക്കാലത്ത് ആകെ ഭൂമിയുടെ അറുപത് ശതമാനം ഭാഗവും കൃഷി ചെയ്തിരുന്നു. അന്നത്തെ പല വിളകളും ഇന്ന് കൃഷി ചെയ്യുന്നില്ല. അക്കാലത്ത് കന്നു കാലി വളർത്തലും ലാഭകരമായിരുന്നു. ഭൂമിയുടെ വിസ്തീർണ്ണം, തൊഴിലാളികളുടെ ലഭ്യത, കൂലിയി ലുള്ളകുറവ്, ജൈവവളങ്ങളുടെ ലഭ്യത മേച്ചിൽ സ്ഥലങ്ങൾ എന്നിവ അന്നത്തെ കൃഷി ആദായ കരമാക്കിയിരുന്നു. എന്നാൽ ഭൂപരിഷ്കരണ നിയമം വന്നതോടെ ഭൂമികൾ തുണ്ടംതുണ്ടമായി ഉടമസ്ഥത കൂടുകയും സ്ഥലങ്ങൾ കുറയുകയും, കൃഷിയിൽ ഉടമസ്ഥ പങ്കാളിത്തം കുറയുകയും ജോലിക്കാരെ വെച്ച് ചെയ്യിക്കുന്ന പ്രവർത്തിയാ യിത്തീരുകയും കൂലി, വളം, കീടനാശിനി, തൊഴി ലാളികളെ കിട്ടാനില്ലായ്മ ഇവകൂടി വന്നപ്പോൾ കർഷകൻ നെൽകൃഷിയിൽനിന്നും നാണ്യവിളക ളിലേക്കും ദീർഘകാല വിളകളിലേക്കും നീങ്ങുക യുണ്ടായി. കരിപൂരിൽ സെറികൾച്ചർ കൃഷി പരീ ക്ഷണാടിസ്ഥാനത്തിൽ ഒരു വ്യക്തി ആരംഭിച്ചിരി ക്കുന്നു.

ഭൂമിയുടെ ഇനം:

ഈ പഞ്ചായത്തിലെ ആകെ ഭൂവിസ്തീർണ്ണം 25.96 Sq. കി.മീ. ആണ്. ഇതിൽ 2120 ഉയർന്ന സമതലം, ചെരിവുകൾ എന്നിവയും 465 ഹെ. വയൽ പ്രദേശവുമാണ്. കൂടാതെ 46 ഹെ. പ്രദേശം ഉയർന്നു താണ കുറ്റിക്കാടുകൾ നിറഞ്ഞതുമാ ണ്. എന്നാൽ സ്ഥാനതല കണക്കെടുപ്പു പ്രകാരം ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശം 2585 ഹെ. മിഡ്ലാന്റ് പ്രദേശമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഭൂമിയുടെ ഇനം അനുസരിച്ച് പള്ളിക്കൽ, കരിപ്പൂർ മേഖലകൾ ഉൾപ്പെടുന്ന പള്ളിക്കൽ പഞ്ചായത്തിലെ ഭൂപ്രദേശത്തെ പട്ടിക(1)ൽ സൂചി പ്പിക്കുന്ന വിധത്തിൽ നാലായി തരം തിരിച്ചിരി ക്കുന്നു.

പട്ടിക (1)

1936ലെ സെറ്റിൽമെന്റിൽ രജിസ്റ്റർ ഏക്കർ)

പള്ളിക്കൽ	584.89	1118.64	1644.31	3347.84	30.86
കരിപ്പൂർ	439.38	910.88	1677.16	3027.42	12.89
ആകെ	1024.27	2029.52	3321.47	6375.26	43.75

മണ്ണിന്റെ തരം:

മണ്ണിന്റെ ഗുണനിലവാരമനുസരിച്ച് ഈ പഞ്ചായത്തിലെ മണ്ണിനെ ഏറ്റവും ഗുണനിലവാ രമുള്ള ചെമ്മണ്ണ് ചരൽപറ്റുള്ള മണ്ണ്, ഗുണനില

വാരമുള്ള ചേറ്, പശിമരാശിയുള്ള മണ്ണ് വെട്ടുകല്ല് കൂടാതെ Iാം വാർഡിലെ കാരാളിപറമ്പ് IIIാം വാർഡിലെ ചെനപ്പറമ്പ് IXാം വാർഡിലെ EMEA കോളേജിന് പിൻവശം ചോലമാട്പ്പുറായ്, അഴുക്വളപ്പ് എന്നിവിടങ്ങളിൽ വളരെകുറച്ച് ഭാഗം തരിശുഭൂമികളും കാണപ്പെടുന്നു.

ഭൂവിനിയോഗം

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ നെല്ലും, തെങ്ങും ഭാഗികമായി കവുങ്ങ്, കശുമാവ്, കുരുമുളക്, എള്ള്, പയർ, പച്ചക്കറികൾ തുടങ്ങിയവും കൃഷി ചെയ്തു വരുന്നു. നെൽവയലുകളെ ഒരുപ്പൂ, ഇരുപ്പൂ എന്നിങ്ങനെയും മൂന്നാം വിളയെ പഞ്ചകൃഷി എന്നു തരംതിരിച്ചിരിക്കുന്നു. എന്നാൽ ജലലഭ്യത കുറവുകാരണവും കാലാവസ്ഥ കെടുതികളാലും പുഞ്ചകൃഷി ഏതാണ്ട് അസ്തമിച്ചിരിക്കുന്നു. ഇതേ അവസ്ഥതന്നെ ഇരുപ്പൂ നിലങ്ങളേയും ബാധിച്ചിരിക്കുന്നു. ഫലത്തിൽ നെൽകൃഷി മിക്കഭാഗങ്ങളിലും ഒരുപ്പൂനിലങ്ങളായി മാറിയിരിക്കുന്നു.

കാർഷികവിളകളുടെ പഴയതും പുതിയതുമായ അവസ്ഥകൾ പട്ടിക 2ൽ കാണാം.

നമ്പർ	വിള	1936 വിസ്തൃതി(ഏക്കറിൽ)	1995 ഹെക്ടർ
1.	നെല്ല്	1482.62	175 (വിരിപ്പ്) 220 (മുണ്ടകൻ)
2.	തെങ്ങ്	1167	985
3.	കവുങ്ങ്	776	850
4.	കുരുമുളക്	136	25
5.	വാഴ	407	150
6.	കപ്പ	30	20
7.	പച്ചക്കറി	25	5
8.	ചെറുപയർ	14	2
9.	ഇഞ്ചി	81	2
10.	വെറ്റില	19	1
11.	മുള, പനമ്പുല്ല്	297	-

നെൽകൃഷി:

ഈ പഞ്ചായത്തിലെ പ്രധാന കൃഷി നെൽകൃഷി ആയിരുന്നു. കാലാവസ്ഥയെ ആശ്രയിച്ചായിരുന്നു പണ്ട് കാലങ്ങളിലെ കൃഷി. അക്കാലത്ത് കൃഷിയിടങ്ങൾ ഇന്നത്തേക്കാൾ വിസ്തൃതമായിരുന്നു. നാടൻകൃഷി ഉപകരണങ്ങളും വിത്തിനങ്ങളും ആയിരുന്നു അന്ന് ഉപയോഗിച്ചിരുന്നത്. പ്രധാന വിത്തിനങ്ങൾ അരിയക്കാരി, ആര്യൻ, മുണ്ട, ചിറ്റ്യാനി, തെക്കൻ, പട്ടാമ്പി തെക്കൻ, തെക്കൻചീര തുടങ്ങിയവയായിരുന്നു. കൂടാതെ പറമ്പുകളിൽ മോടൻ നെൽകൃഷി, കല്ലുരുണ്ടി, ചാമ, രായി എന്നീ കൃഷികളും നിലവിലുണ്ടായിരുന്നു. കാർഷിക വൃത്തിയിൽ ഉപജീവനം കണ്ടെത്തിയ വരായിരുന്നു മൊത്തം ജനസംഖ്യയിൽ നല്ലൊരു പങ്കും. അതിനാൽ കാർഷികമേഖലയിൽ മനുഷ്യാധ്വാനത്തിലെ ലഭ്യത വളരെ കൂടുതലായിരുന്നു. ജൻമി- കുടിയാൻ സമ്പ്രദായം നെൽകൃഷി മേഖലകളിൽ നിലനിന്നിരുന്നു.

പിൽകാലങ്ങളിൽ നെൽകൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞു വരുന്നതായും, മറ്റു ദീർഘകാലവിളകളോട് (തെങ്ങ്, കവുങ്ങ്) ആഭിമുഖ്യം കൂടിവരുന്നതായും കണ്ടുവരുന്നു. ഇതിന് കാരണങ്ങളായി ചൂണ്ടിക്കാണിച്ചവ പ്രശ്നങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇടവിളകൾ

നെൽകൃഷിക്കുശേഷം പാടങ്ങൾ തരിശിടുകയാണ് മിക്ക ഭാഗങ്ങളിലും പതിവെങ്കിലും ചിലയിടങ്ങളിൽ, പയർ, എള്ള്, വാഴ, മരച്ചീനി, മധുരക്കിഴങ്ങ്, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ എന്നിവയും കണ്ടുവന്നിരുന്നു.

നെൽപാടങ്ങൾ നികത്തൽ, ഉല്പാദനക്ഷമതക്കുറവ്, അന്യസംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞ വിലക്ക് അരികളുടെ വരവ്, വർധിച്ചുവരുന്ന കൂലിച്ചെലവ്, ആധുനികവിദ്യാഭ്യാസം വ്യാപകമായതോടെ കർഷകത്തൊഴിലാളികളുടെ പിൻമുറക്കാൻ മറ്റു മേഖലകളിലേക്ക് മാറിത്തുടങ്ങിയത്, തേങ്ങയ്ക്ക് താരതമ്യേന മെച്ചപ്പെട്ട വില കിട്ടിയിരുന്നതിനാൽ തെങ്ങുകൃഷി നെൽകൃഷിയേക്കാൾ ലാഭകരമായതും, അടക്കയ്ക്ക് നല്ല വിലകിട്ടിയിരുന്നതും, നെൽകൃഷിയോളം പരിചരണം മറ്റു കൃഷിക്ക് വേണ്ടിയിരുന്നില്ല എന്നതും, നെൽകൃഷിയും ഇടവിളകളും വയലേലകളിൽനിന്ന് ക്രമേണ അപ്രത്യക്ഷമാകാൻ കാരണമായത്തീർന്നു.

നാണ്യവിളകൾ

നെൽകൃഷി കഴിഞ്ഞാൽ തെങ്ങ് കൃഷിക്കാരായിരുന്നു ഈ പഞ്ചായത്തിൽ രണ്ടാം സ്ഥാനം. എന്നാൽ ഇന്നത് ഒന്നാംസ്ഥാനം പിടിച്ചടക്കിയിരിക്കുന്നു. പറമ്പുകളിലും വയലുകളിലും മുമ്പ് കൃഷി ചെയ്തിരുന്ന ഇഞ്ചി, ചേന, കവുങ്ങ്, കൂർക്കൽ, നനക്കിഴങ്ങ്, പുനക്കിഴങ്ങ്, ചേമ്പ്, ചക്കരകിഴങ്ങ്, പൂള, ചാമ, മുത്താറി, എള്ള്, പയർ, ഉഴുന്ന്, മുതിര, ചെറുപയർ എന്നിവയിൽ പലതും ഇന്ന് നാമാവശേഷമായിരിക്കുന്നു. കരിപ്പൂർ ഭാഗത്ത് ചിലയിടങ്ങളിൽ ഇപ്പോഴും എള്ള് കൃഷി കാണുന്നുണ്ട്.

കവുങ്ങ്, കശുമാവ്, കുരുമുളക് എന്നിവയും പ്രധാന നാണ്യവിളകളായിരുന്നു. പണ്ട് കാലങ്ങളിൽ പറമ്പുകളിൽ മാത്രം കണ്ടുവന്നിരുന്ന ഇത്തരം വിളകളിൾ പലതും ഇപ്പോൾ വയലുകളിൽ ഗണ്യമായ സ്ഥാനം പിടിച്ചിട്ടുണ്ട്.

ജലസേചന സൗകര്യങ്ങൾ

പ്രധാനമായും മഴയെ ആശ്രയിച്ചായിരുന്നു ഈ പഞ്ചായത്തിലെ കൃഷി എന്നു നേരത്തെ സൂചിപ്പിച്ചുവല്ലൊ. സാധാരണപോലെ രണ്ട് ഘട്ടങ്ങളിലെ മഴയാണ് ഇവിടേയും ലഭിക്കുന്നത് ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള കാലവർഷവും സെപ്റ്റംബർ മുതൽ ഒക്ടോബർ വരെയുള്ള തുലാവർഷവും. ഇവിടെ ജൂലായ് മാസത്തിലാണ് താരതമ്യേന കൂടുതൽ മഴ ലഭിക്കുന്നത്. ജനുവരി മുതൽ ഡിസംബർ വരെ ഈ പഞ്ചായത്തിൽ ലഭിക്കുന്ന ശരാശരി മഴയുടെ വിവരവും ചൂടിന്റെ വിവരവും പട്ടിക 3,4കളിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ഒഴുകുന്ന തോടുകളുടെ വിവരം. പട്ടിക 5ൽ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക.

ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാന ജല സ്രോതസ്സാണ് കുളങ്ങൾ. പ്രധാന കുളങ്ങളും പൊതുവായി ഉപയോഗിക്കുന്ന സ്വകാര്യകുളങ്ങളും അവയിലെ ജലലഭ്യതയെകുറിച്ചും പട്ടിക 6ൽ സൂചിപ്പിച്ചിരിക്കുന്നു.

കാർഷികമേഖലയിലെ കൂലിനിരക്ക്

എല്ലാ മേഖലയിലും കൂലി കൂടുതലാണ് എന്നാണ് കർഷകരുടെ പൊതുവായുള്ള പരാതി. എന്നാൽ ജീവിതനിലവാരത്തിനനുസരിച്ച് കൂലി ആയിട്ടില്ല എന്ന് തൊഴിലാളികളും പറയുന്നു. ഏതായാലും ഇപ്പോൾ നടപ്പിലുള്ള കൂലിസമ്പ്രദായം ഇങ്ങനെയാണ്.

പുരുഷൻ 125രൂപ സ്ത്രീ 75 രൂപ, കന്നുപൂട്ടിന് ഇരുന്നൂറ് രൂപ, ഞാറ് പറിക്കുന്നതിന് 60 രൂപ, ഞാറ് നടുന്നതിന് 75 രൂപ. പള്ളിക്കൽ പഞ്ചായത്തിലെ തൊഴിലാളികളുടെ വിശദവിവരം പട്ടിക 7ൽ കൊടുത്തിരിക്കുന്നു.

പ്രശ്നങ്ങൾ:

വിളകൾ പൊതുവെ മോശമായാണ് കാണപ്പെടുന്നത്. അതിന് പല കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. ജലസേചന സൗകര്യക്കുറവ്, നല്ലയിനം വിത്തിനങ്ങളുടെ അപര്യാപ്തത, വയൽനികത്തൽകൊണ്ട് സമീപവയലുകാർ നേരിടുന്ന വിഷമം, ജൈവവളങ്ങളുടെ കമ്മി, രോഗ

പട്ടിക (3)

മഴയുടെ അളവ് (മി.മീ) (ലാന്റ് റിസോഴ്സസ് ഓഫ് കേരള 1995)

ജ.	ഫെ.	മാ.	ഏ.	മേ.	.ജൂൺ.	ജൂലായ്	ആഗ	സെ.	ഒ.	നവം.	ഡിസം
-	2	0.3	15	1349	846.5.	862.5	310.5	52.6	384.3	120	157.3

താപനില പട്ടിക 4

ജ.	ഫെ.	മാ.	ഏ.	മേ	ജൂൺ.	ജൂലായ്	ആഗ	സെ.	ഒ.	നവം.	ഡിസം.
Max.											
33.2	32.8	34.4	33.1	33.1	28.6	27.6	28.9	30.6	31.1	32.2	33.1
MIN											
22.4	23.1.	24.5	24.9	25.4	23	22.3	22.9	23.1	23.2	23.5	21.9

പട്ടിക 5

നമ്പർ	തോടുകളുടെ പേര്	വാർഡ്	ജലം ലഭിക്കുന്ന മാസങ്ങൾ
1	വെങ്കുളത്ത് വയൽതോട്	1	ജൂൺ-ആഗസ്റ്റ്
2.	കാട്ടുകളം രാമൻചിറതോട് പരുത്തിക്കോട്വരെ	2,5	ജൂൺ-ജനവരി
3.	വെണ്ണായൂർ തോട്	1,2	ജൂൺ-ജനവരി
4.	നെടുങ്ങാട്ട്മാട് തോട്	3	ജൂൺ-മാർച്ച്
5.	വലിയതോട്	4	ജൂൺ മുതൽ ജനുവരിവരെ
6.	രാമൻചിറ-പരുത്തിക്കുഴി തോട്	4	ജൂൺ-ജനുവരി
7.	പുല്ലുപാടം-കുറ്റിപുറത്തുപാടം കൈത്തോട്	4	ജൂൺ-ജനുവരി
8.	കാവുങ്ങൽ മുതൽ ഉള്ളിഞ്ചേരി വഴി അണിത്തോട്	4	ജൂൺ ഡിസംബർ
9.	പാലിശ്ശേരി അണിത്തോട്	7	ജൂൺ ജനുവരി
10.	തച്ചണ്ണത്തോട്	8	ജൂൺ ജനുവരി
11.	തോട്ടുംപുറത്തോട്	8	ജൂൺ ഫെബ്രുവരി
12.	കളത്തുംപാറ വെള്ളാരതോട്	8	ജൂൺ ഫെബ്രുവരി
13.	ചെർളത്തോട്	9,10,11,12	ജൂൺ മാർച്ച്
14.	കരിമ്പൻചോല	10,11	ജൂൺ മാർച്ച്

പട്ടിക 6
കുളങ്ങൾ

നമ്പർ	കുളങ്ങൾ	വാർഡ്	ജലലഭ്യത
1	പള്ളിക്കുളം	2	വറ്റാത്തത്
2	കാട്ടുകുളം	2	,,,
3.	കല്ലുംകുഴികുളം	2	,,
4.	വളയംകുളം	3	,,
5.	രാമൻചിറകുളം	5	വറ്റുന്നത്.
6.	വേങ്ങരകുളങ്ങരകുളം	7	,,
7.	ചോലയിൽ സ്രാമ്പ്യബസാർ കുളം	7	വറ്റാത്തത്
8.	കണിയാടത്ത് കുളം	7	വറ്റുന്നത്.
9.	അയനിക്കാട്ട് ചോലക്കുളം	10	വറ്റാത്തത്
10.	ചാലുകുളം	10	,,
11.	കൊടിയകുളം	10	
	കരിമ്പനചോലകുളം	10	,,
12.	പുളയംപറമ്പ് പള്ളിക്കുളം	11	,,
13	ഇരട്ടകുളം	11	,,
14.	ചോലക്കാട്ട് കുഴികുളം	12	,,
15.	മാതാംകുളം	12	,,

പട്ടിക 7

പള്ളിക്കൽ പഞ്ചായത്ത് (1991 പ്രൈമറി സെൻസസ്)

വാർഡ്	തൊഴിൽവിവരം	ഏർപ്പെട്ടിട്ടുള്ളവർ പു.	സ്ത്രീ
1.	മൊത്തം ജോലിക്കാർ	5753	582
2.	കൃഷിക്കാർ	923	27
3.	കർഷകതൊഴിലാളികൾ	2244	230
4.	കന്നുകാലി വളർത്തൽ, മത്സ്യവിപണനം	56	1
5.	കല്ല്വെട്ട്, ഖനനം	173	13
6.	നിർമ്മാണ തൊഴിലാളികൾ	204	-
7.	വ്യാപാര മേഖല	569	9
8.	മാർജിനൽ വർക്കേഴ്സ്	143	235
9.	ജോലി ഇല്ലാത്തവർ	9177	15225

ങ്ങൾ (കൂമ്പുചീയൽ, മഹാളി, പുഴുക്കുത്ത്, പ്രാണിശല്യം, മുഞ്ഞരോഗം, വെള്ളക്കുല, തെങ്ങോലപുഴ, ധൃതവാട്ടം മുതലായവ), കൃഷിഭൂമി തുണ്ടം തുണ്ടങ്ങളാക്കി മാറ്റിയതിനാൽ ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കുവാനുള്ള സൗകര്യക്കുറവ്, ഗതാഗതക്കുറവ്, കൃഷി ഉപകരണങ്ങളുടെ അപര്യാപ്തത, കർഷകത്തൊഴിലാളികളുടെ അപര്യാപ്തത, ജനങ്ങളും, കൃഷിഭവനുമായുള്ള സമ്പർക്കകുറവ്, ആധുനിക കൃഷിരീതിയെക്കുറിച്ചുള്ള അജ്ഞത, കാലവർഷക്കെടുതികളിൽ സംഭവിക്കുന്ന നഷ്ടങ്ങളിൽ കർഷകന് അർഹമായ രീതിയിലുള്ള നഷ്ടപരിഹാരം കിട്ടാത്തതുമൂലം കർഷകർക്ക് പൊതുവെ കൃഷി ചെയ്യാനുള്ള താൽപര്യക്കുറവ്, ഉല്പന്നങ്ങൾക്ക് ശരിയായ വിപണനകേന്ദ്രത്തിന്റെ ഇല്ലായ്മയും, വിലക്കുറവും, പഴഞ്ചൻ കൃഷിരീതി മുതലായവയാണ്. നെൽകൃഷിയെ പൊതുവെ നഷ്ടമാക്കിയത്. ഇത് പാടം നികത്തി തെങ്ങുകൃഷിയും മറ്റും നടത്താൻ കർഷകരെ നിർബന്ധിതരാക്കി. ഇത് മൂലം നെൽകൃഷി കുറഞ്ഞു വരുകയും തെങ്ങ്, കവുങ്ങ് കൃഷികൾ കൂടുതലാവുകയും ചെയ്യുന്നു.

കർഷികവൃത്തിയിൽ സാമ്പത്തിക ഭദ്രതയില്ലായ്മ ഈ രംഗത്തെ തളർച്ചക്ക് മറ്റൊരു കാരണമാണ്. സർക്കാർ തലത്തിൽ കർഷകർക്കുള്ള വായ്പകളെക്കുറിച്ച് ജനങ്ങളുടെ അറിവില്ലായ്മ. വായ്പകളിന്മേലുള്ള അമിതമായ പലിശ; ലഭ്യമാകുന്ന സഹായങ്ങൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്നുറപ്പുവരുത്താത്തതിന്റെ അഭാവം. തുടങ്ങിയവ ഇവിടെ നിഴലിക്കുന്നത് കാണാം.

ഉല്പാദനരംഗത്ത് വരവിനേക്കാൾ കൂടുതലായി ചെലവ് വരുന്നത് കൃഷിയിൽനിന്നും പലരേയും പാലായനം ചെയ്യിച്ചിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തതും, ജൈവവളത്തിന്റെ കുറവും, കീടനാശിനികളുടെ അമിതമായ പ്രയോഗവും മണ്ണിന്റെ ഘടനയെത്തന്നെ മാറ്റി മറിച്ചിട്ടുണ്ട്.

മണ്ണൊലിപ്പ്മൂലം മണ്ണിനു വലിയ തോതിൽ ഫലഭൂയിഷ്ഠത കുറവ് സംഭവിക്കുന്നുണ്ട്. തോടുകളുടേയും കുളങ്ങളുടേയും സൈഡു കെട്ടി സംരക്ഷിക്കാത്തതുകൊണ്ട് സമീപവയലുകളിൽ മഴക്കാലങ്ങളിൽ വെള്ളം കയറി കൃഷിനാശം സംഭവിക്കുകയും, വേനൽക്കാലങ്ങളിൽ ആവശ്യമായ ജലം ലഭിക്കാതെ കൃഷി ഉണങ്ങിപ്പോവുകയും ചെയ്യുന്നു. ഒരു കാലത്ത് ധാരാളമായി കൃഷി ചെയ്തിരുന്ന പയർ മുതലായ ഇടവിളകൾ അന്യം നിന്നത് നെൽപാടങ്ങളിൽ മണ്ണിന്റെ പ്രകൃതിദത്തമായ വളക്കുറവ് സൃഷ്ടിക്കുന്നു.

സാധ്യതകൾ: (ജലസേചനം)

പള്ളിക്കൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ധാരാളം തോടുകളും കുളങ്ങളും, കിണറുകളും നിലവിലുണ്ട്. ഇവ ശരിയാംവണ്ണം സംരക്ഷിച്ച് ഉപയോഗപ്രദമാക്കിയാൽ പലയിടത്തും രണ്ടു വിളകളും ചിലയിടങ്ങളിൽ മൂന്നും വിളകളും നടത്താൻ സാധിക്കുന്നതാണ്.

വെങ്കളം വയൽപ്രദേശത്ത് കുളം കുഴിക്കാനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാണ്. ഇത് ആഭാഗങ്ങളിലെ ഒരുപ്പൂനിലങ്ങളെ ഇരുപ്പൂനിലങ്ങളാക്കാൻ സഹായിക്കും.

പരിഹാരങ്ങൾ:

ജലസേചനം

ജലസേചനസൗകര്യം വിപുലമാക്കുന്നതിന് പട്ടിക 5,6, ഇവയിൽ കൊടുത്തിരിക്കുന്ന തോടുകളും, കുളങ്ങളും റിപ്പയർ ചെയ്യുകയും ആവശ്യമായ സ്ഥലത്ത് ബണ്ട് കെട്ടുകയും ചെയ്യുന്നതിനു പറമെ പുതിയ നിർദ്ദേശങ്ങൾ കൂടി താഴെ ചേർക്കുന്നു.

6ാം വാർഡിലെ ചാലിൽപോക്കു പാടം ഈത്ത ച്ചിറമുതൽ പുളിയക്കുണ്ട് വരെ തോടിന്റെയും കോമ്പിൻപാടം കൈത്തോടിന്റെയും സൈഡു കെട്ടുകയും റിപ്പയർ ചെയ്യുകയും വേണം.

9ാം വാർഡിലെ ചെമ്മോൾചിറ, നെടിയാൻചിറ, ഈത്തച്ചിറ എന്നിവയ്ക്ക് പലകയിട്ടു ബണ്ടുകെട്ടുക, ചെറുകരതോട് ചിറകെട്ടുക, കമ്മിണിക്കുത്ത് ആണി ചിറക്കു കെട്ടുക.

അയനിക്കാട്ടു ചോലക്കുളം ചാലുകുളം കരിമ്പൻചോല മുതലായവ നന്നാക്കി എടുക്കുക. ചെറളത്തോട്ടിൽ അമ്പലങ്ങൾ ഭാഗത്ത് ഒരണക്കെട്ടുവേണം.

12ാം വാർഡിൽ അരീത്തോട്ടിലൂടെ ഒഴുകി ചെറളത്തോട്ടിൽ എത്തുന്നതിനിടക്ക് ഉചിതമായ സ്ഥലത്ത് വാട്ടർഷെഡ് മാനേജ്മെന്റ് പദ്ധതിയിലൂടെ തടഞ്ഞുനിർത്തി കൃഷിക്കുപയുക്തമാക്കുക.

പുതിയ കുളങ്ങൾ അത്യാവശ്യമായ സ്ഥലങ്ങൾ ഗ്രാമഭാ ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്നവ ചുവടെ ചേർക്കുന്നു.

നമ്പർ	പേര്വിവരം	വാർഡ്
1.	വെണ്ണായൂർ മണക്കാട്ട് വെങ്കുളംഭാഗത്ത്, കായന്തോൻ ചേലപ്പുറം അരു	1
2	ഉമ്മളത്ത് അരു	II
3.	പൂളക്കൊളക്കാട്	IV
4.	പാലത്തിങ്കൽ ചോലക്കര അരു	IV
5.	പുത്തൂർ പാടം	IV
6.	പരുത്തിക്കോട്ട് ചുഴലിനിലം	V
7.	കരുവാത്ത്പാടം	VI
8.	മംഗലം കുന്ന്	
9.	ബങ്കുളംപാടം	IX

കരുവാത്ത് അരു, പൊറ്റമ്മൽ പടി ചിറ, ആരോളിപാടം എന്നിവിടങ്ങളിൽ പുതിയ ചിറകൾ നിർമ്മിക്കുന്നതും ജലസേചനസൗകര്യം വർദ്ധിപ്പിക്കാവുന്ന മാർഗങ്ങളാണ്.

എന്നാൽ പള്ളിക്കൽ പഞ്ചായത്തിന് മൊത്തം ഗുണപ്രദവും ശാശ്വതവുമായ ഒരു ബൃഹത്ത് പദ്ധതിയാണ് നിർദ്ദിഷ്ട ചാലിയാർ ഇറിഗേഷൻ പദ്ധതി. ഇത് ജലസേചന സൗകര്യത്തിന് മാത്രമല്ല കുടിവെള്ളത്തിനു കൂടി ശാശ്വതമായ ഒരു പരിഹാരമാർഗമാണ്.

മണ്ണു പരിശോധന:

1. കൃഷിഭവന്റെ മേൽനോട്ടത്തിൽ കാലാനുസൃതമായി മണ്ണ് പരിശോധന നടത്തുകയും അതിന്റെ വളക്കൂറിനെ സംബന്ധിച്ചും അതിനനുസൃതമായ വളപ്രയോഗം നടത്തേണ്ടതിനെ സംബന്ധിച്ചും കർഷകരെ ബോധവാന്മാരാക്കേണ്ടത് അത്യാവശ്യമാണ് കേരകർഷകസമിതി. പാടശേഖരസമിതി ഇവ മുഖേന ഇത് നടപ്പിലാക്കാവുന്നതാണ്.

2. ജൈവ വളപ്രയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിന് കമ്പോസ്റ്റ് വളങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക, സീമക്കൊന്ന ഡെയിഞ്ച തുടങ്ങിയ പച്ചിലകൃഷിയും പയർവർഗ്ഗങ്ങളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. കൂടാതെ സഹകരണ വളം ഡിപ്പോ പുനഃസ്ഥാപിക്കേണ്ടതാണ്.

(3) ഗ്രൂപ്പ് ഫാമിങ്ങ്:- കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുവാൻ വാർഡുകൾതോറും എല്ലാനെൽകർഷകരേയും ഉൾപ്പെടുത്തികൊണ്ട് പാടശേഖരകമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. കൃഷിഭവന്റെ നേതൃത്വത്തിൽ പാടശേഖരകമ്മറ്റികളുടെ സഹായത്തോടെ ആധുനിക കൃഷിഉപകരണങ്ങളും വിത്തുകളും വളങ്ങളും കർഷകർക്ക് എത്തിച്ചുകൊടുക്കാവുന്നതാണ്. ഇത് ഏതെങ്കിലും കർഷകന് ലഭിക്കാതെ പോകുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

4) വിത്തിനങ്ങൾ: അത്യുല്പാദനശേഷിയുള്ള നടീൽവസ്തുക്കൾ കർഷകർക്ക് യഥാസമയം ലഭിക്കാനുള്ള സൗകര്യം പാടശേഖരകമ്മറ്റികൾ മുഖേന നടപ്പിലാക്കാവുന്നതാണ്. ഇടവിളകളായ പയർ, ഉഴുന്ന് എന്നിവയുടെ വിത്തുകളും, TXD, D & T കുറ്റ്യാടി തെങ്ങിനങ്ങൾ, കാസർകോടൻ, മംഗള കഴുങ്ങിനങ്ങൾ തുടങ്ങിയവയും യഥാസമയം വിതരണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിലേക്കാവശ്യമായ വിത്തിനങ്ങളും, തൈകളും ഉല്പാദിപ്പിക്കുവാൻ ഇവിടത്തന്നെ നഴ്സറികൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇവിടെ പ്രാദേശിക ഫലവൃക്ഷത്തൈകൾക്ക് മുൻഗണന നൽകുന്നതായിരിക്കും അഭികാമ്യം.

പള്ളിക്കൽ കൃഷിഭവനിൽനിന്നും കഴിഞ്ഞ ഏതാനും വർഷങ്ങളായി പച്ചക്കറി കിറ്റുകൾ,

നെല്ല്, എള്ള്, പയർ, മഞ്ഞൾ, ഇഞ്ചി, ഉഴുന്ന്, ഡയ്ഞ്ച, മുളക് എന്നിവയുടെ വിത്തുകളും, മംഗ ളകഴുങ്ങ്, പ്ലാവിൻ തൈകൾ, ഗ്രാമ്പൂതൈകൾ, തെങ്ങിൻതൈകൾ കറുവപ്പെട്ട, ജാതി, സപ്പോട്ട, പപ്പായ കുരുമുളക്വള്ളി, ഒട്ടുമാവിൻ തൈകൾ എന്നിവ നൽകിയിരുന്നു. കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകളും നൽകി യിരുന്നു. ഒരു പവർ ട്രില്ലർ 1000 ക. സബ്സിഡി യോടുകൂടിയും 5 ബ്രെയറും ഒരു തെങ്ങു കയറ്റ യന്ത്രം സബ്സിഡി നിരക്കിലും നൽകുകയുണ്ടാ യി. കഴിഞ്ഞ വർഷം പ്രകൃതിക്ഷോഭത്തിനിരയായ 139 പേർക്ക് 413648 രൂപ വിതരണം ചെയ്തു. ഈ വർഷം 21879 രൂപയും വിതരണം ചെയ്തു.

ചെറുകിട ജലസേചന വകുപ്പും കൊണ്ടോ ട്ടി ബ്ലോക്കും ധാരാളം ജലസേചനപദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും അവ ഒന്നും തന്നെ ലക്ഷ്യം നേടിയിട്ടില്ലെന്നതാണ് പര മാർത്ഥം. ജലസേചനപദ്ധതികളിലെ അയക്കെട്ട് ഏരിയയിൽ വരുന്ന കർഷകൾ കിട്ടാത്ത വെള്ള ത്തിന് ജലനികുതി അടക്കേണ്ടി വരികയാണ്. ഈ ഇനത്തിൽ ഭീമമായ തുക കരിപ്പൂർ പ്രദേ ശത്ത് കുടിശ്ശികയാണ്. കർഷകർ ഇന്ന് ജപ്തി ഭീഷണി നേരിടുകയാണ്.

പച്ചക്കറി ഉല്പാദനം:

ഈ പഞ്ചായത്തിലെ കർഷകർ പണ്ടുകാലം മുതലേ പച്ചക്കറി കൃഷിയിൽ തൽപരരായിരുന്നു. ഇപ്പോഴും ചുരുക്കമായി കരിപ്പൂർ; പള്ളിക്കൽ പ്രദേ ശങ്ങളിൽ നാമമാത്രമായ പച്ചക്കറി കൃഷി ഊർജി തമായും ലാഭകരമായും നടത്തിവരുന്നു. എന്നാൽ സാമ്പത്തിക പരാധീനത, ജലസേചന പ്രശ്ന ങ്ങൾ, കീടബാധ, വിപണന സാധ്യതക്കുറവ്, അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളുടെ ആധിക്യം, മുന്തിയതരം വിത്തിനങ്ങളുടെ ദൗർല ഭ്യം തുടങ്ങിയ കാരണങ്ങളാൽ പച്ചക്കറികൃഷി ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുകയും, ജൈവവളപ്രയോഗം കൂട്ടുകൃഷി മുതലായവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പച്ചക്കറികൃഷി പനഃരുജ്ജീ വിപ്പിക്കുവാൻ സാധിക്കും. കൂടാതെ വാർഡ് തല ത്തിൽ പച്ചക്കറി കൃഷിക്കാരെ സഹകരണാടി സ്ഥാനത്തിൽ സംഘടിപ്പിക്കുന്നതും, അടുക്കള ത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതും, സ്കൂളുകൾ/ അംഗൻവാടികൾ, മഹിളാസമാജങ്ങൾ വഴി പച്ച ക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതും പച്ചക്കറി ഉല്പാദനത്തിലെങ്കിലും സ്വാശ്രയത്വം കൈവരിക്കാൻ സഹായിക്കും.

കീടനാശിനിപ്രയോഗം:

അശാസ്ത്രീയമായ കീടനാശിനി പ്രയോഗം പല പരിസ്ഥിതി പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ശാസ്ത്രീ യമായ കീടനാശിനിപ്രയോഗത്തെക്കുറിച്ച് ബോധ വാന്മാരാക്കുന്നതും, പരമ്പരാഗത ജൈവകീടനാ ശിനിപ്രയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യു ന്നത് എന്തുകൊണ്ടും നന്നായിരിക്കും.

പുഷ്പ, ഔഷധകൃഷി: ധാരാളം വിപണന സാധ്യതകളുള്ള ഓർക്കിഡ്, ആന്തൂരിയം, കുറ്റിമു ല്ല, വെറ്റില, പൈനാപ്പിൾ, കൂൺ, പട്ടുനൂൽ, തുട ങ്ങിയവ ഇവിടെ പരീക്ഷിക്കാവുന്നതാണ്. കരി പ്പൂർ വിമാനത്താവളം വഴി ഏതാനും വർഷത്തി നുള്ളിൽ വൻകിട കയറ്റുമതി സാധ്യകളുള്ള മേഖ ലയാണ് പുഷ്പകൃഷി. വനിതകളേയും മറ്റും ഈ കൃഷിയിലേക്ക് ആകർഷിക്കാവുന്നതാണ്.

പ്രമുഖ ആയുർവേദ കമ്പനികളുടേയും പരമ്പ രാഗത ആയുർവ്വേദ വൈദ്യന്മാരുടേയും സഹകര ണത്തോടെ പഞ്ചായത്തിൽ സുലഭമായ കണ്ടുവ ന്നിരുന്ന ഔഷധ സസ്യങ്ങളായ കുറുന്തോട്ടി, ആട ലോടകം, കഞ്ഞിക്കുറുക്കൽ, ബ്രഹ്മി, കീഴാർനെ ല്ലി, തഴുതാമ, കഞ്ഞുണ്ണി, ഇഞ്ചി, മഞ്ഞൾ, കൊട ലരിക്ക തുടങ്ങിയ കൃഷികൾ വ്യാവസായകാടി സ്ഥാനത്തിൽതന്നെ ചെയ്യാവുന്നതാണ്.

ഇൻഷ്വറൻസ് പദ്ധതി:

പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിവ് മൂലമുണ്ടാ കുന്ന കെടുതികൾക്ക് തക്കതായ പ്രതിഫലം നൽകി കർഷകർക്ക് ആത്മവിശ്വാസം വർധിപ്പി ക്കാൻ വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

പൊതുവിപണി:

കാർഷിക ഉല്പന്നങ്ങളായ തേങ്ങ, അടക്ക, നെല്ല്, പച്ചക്കറി തുടങ്ങിയവക്ക് പഞ്ചായത്ത് തല ത്തിൽ സഹകരണാടിസ്ഥാനത്തിൽ വിപണകേ

ന്ദ്രങ്ങൾ ആവശ്യമാണ്. കേര ഉല്പന്നങ്ങൾക്ക് കൊപ്രസംസ്കരണകേന്ദ്രവും, പച്ചക്കറികൾക്ക്, പൊതു മാർക്കറ്റ്, അന്തിച്ചന്ത തുടങ്ങിയവയും നടപ്പിലാക്കിയാൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ രക്ഷിക്കാവുന്നതാണ്. പള്ളിക്കൽ സഹകരണസംഘം കൊപ്രസംഭരണം ആരംഭിക്കേണ്ടതാണ്.

കർഷകർക്കാവശ്യമായ വൈദ്യുതി, മണ്ണെണ്ണ മുതലായവ സൗജന്യനിരക്കിൽ അനുവദിക്കുക, ഇവ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക മുതലായവ നടപ്പിലാക്കേണ്ടതാണ്. കൃഷി ആഫീസർ ശുപാർശ ചെയ്യുന്ന മണ്ണെണ്ണ ഡിസംബർ മാസം മുതൽ മേയ് 31 വരെ ലഭിക്കാൻ പെർമിറ്റ് നൽകണം കൂടാതെ പെർമിറ്റ് ഒരാഴ്ചക്കകം നൽകാനും നടപടിവേണം പരിശരഹിത ലോണുകൾ നൽകി പമ്പുസെറ്റുകൾ കൃഷി ഉപകരണങ്ങൾ മുതലായവ സംഘടിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതും നന്നായിരിക്കും.

ഏറ്റവും നല്ല കർഷകരെ കണ്ടെത്തി വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും അവാർഡുകൾ നൽകി ആദരിക്കുന്നത് ഈ രംഗത്ത് ആരോഗ്യപരമായ ഒരു മത്സരബുദ്ധി ഉണ്ടാക്കുന്നതിന് സഹായിക്കും.

കൃഷിഭവനിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം മെച്ചപ്പെട്ട സേവനങ്ങൾ കാഴ്ചവെക്കാനും അവർക്ക് കഴിയണം. കൃഷിഭവന്റെ സേവനങ്ങൾ വാർഡുതലത്തിൽ ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതാണ് അതിന് കൃഷി ഉദ്യോഗസ്ഥർ ആഴ്ചയിലൊരിക്കലെങ്കിലും ഓരോ വാർഡിനെ കേന്ദ്രീകരിച്ചും ക്യാമ്പ് ചെയ്ത് കർഷകർക്കാവശ്യമായ ഉപദേശനിർദേശങ്ങൾ നൽകേണ്ടതാണ്.

മേൽ സൂചിപ്പിച്ച മാർഗങ്ങളിലൂടെ കാർഷിക വൃത്തി ആദായകരമാക്കിയാൽ ഈ രംഗത്ത് ഓജസ്സും ഊർജ്ജസ്വലതയും സൃഷ്ടിക്കാനും, തൊഴിലാളിയുടെ ഒഴിച്ചുപോക്കു നിയന്ത്രിക്കാനും കഴിയുന്നതാണ്.

പാടശേഖര സമിതികൾക്ക് പഞ്ചായത്ത്തല കേന്ദ്രസമിതി രൂപീകരിക്കേണ്ടതും അതിന്റെ പ്രവർത്തനങ്ങൾ കൃഷിഭവന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തേണ്ടതുമാണ്. കൃഷി ഉപകരണങ്ങളായ ട്രാക്ടർ, ട്രില്ലർ, മെതിയെന്ത്രം എന്നിവ ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ നൽകുകയും കർഷകർക്ക് ചുരുങ്ങിയ വാടകയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഈ പഞ്ചായത്തിൽ നിലവിലുള്ള പാടശേഖരകമ്മിറ്റികൾ താഴെ ചേർക്കുന്നു.

പാടശേഖര സമിതികൾ

1). അഴിഞ്ഞിലശ്ശേരി പാടശേഖരസമിതി
2). പള്ളിക്കൽ പാടശേഖരസമിതി
3). നെടുങ്ങോട്ട് മാട് പാടശേഖരസമിതി
4). പുത്തൂർ പാടശേഖരസമിതി
5). കരിപ്പൂർ പാടശേഖര സമിതി
6). വെള്ളാർ പാടം പാടശേഖര സമിതി
7). പരുത്തിക്കോട് പാടശേഖര സമിതി
8). വെണ്ണായൂർ പാടശേഖരസമിതി

പാടശേഖരസമിതികൾ സ്വാർത്ഥതാല്പര്യത്തിനല്ല നിലകൊള്ളുന്നതെന്നും ആനുകൂല്യങ്ങൾ ഒരൊറ്റ കർഷകനുപോലും നഷ്ടപ്പെടുന്നില്ല എന്നും പഞ്ചായത്തും കൃഷിഭവൻ ജീവനക്കാരും ഉറപ്പുവരുത്തേണ്ടതാണ്.

കൃഷിക്ക് വൈദ്യുതി ലഭിക്കുന്നതിന് മുൻഗണന 200മീ. എന്നത് 500 മീറ്റർ എന്നാക്കി മാറ്റുകയും അലൊക്കേഷൻ 7 ദിവസത്തിനുള്ളിൽ നൽകണമെന്ന നിബന്ധന വെക്കുകയും വേണം. പമ്പ്സെറ്റ് വാങ്ങി വൈദ്യുതിബോർഡിൽ കടലാസു നൽകി 15 ദിവസത്തിനുള്ളിൽ വൈദ്യുതി ലഭിക്കണമെന്ന നിബന്ധനയും വെയ്ക്കേണ്ടതാണ്.

നാണ്യവിളകളിൽ ഒരു പ്രധാന ഇനമാണല്ലൊ കശുമാവ് കൃഷി. അത് പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സങ്കരം ഇനം തൈകൾ സൗജന്യമായി വിതരണം ചെയ്യുക, കീടനാശിനി, വളം മുതലായവ യഥാകാലം വിതരണം ചെയ്യുക എന്നീ മാർഗങ്ങളിലൂടെ ഈ മേഖല പുഷ്ടിപ്പെടുത്താവുന്നതാണ്.

കുരുമുളക് കൃഷി ശാസ്ത്രീയമായി പുനരുദ്ധരിക്കുകയും അത്യുല്പാദനശേഷിയുള്ള കരിമുണ്ട, പന്നിയൂർ എന്നിവക്ക് പ്രചുരപ്രചാരം നൽകുകയും ദ്രുതവാട്ടം പോലുള്ള രോഗങ്ങൾക്ക് സൗജന്യമായി മരുന്ന് നൽകുകയും, കുരുമുളക് സമിതികൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

പള്ളിക്കൽ പഞ്ചായത്തിലെ കരിപ്പൂർ, പള്ളിക്കൽ പ്രദേശങ്ങൾ നീർമറി വികസ പദ്ധതിയിൽ

ഉൾപ്പെടുത്തി സഹായധനം നൽകുകയും, ഇന്നത്തെ സങ്കേതത്തിന് പകരം ഓരോ പഞ്ചായത്തിലേയും നീർമറി പ്രദേശം മാനദണ്ഡമായി എടുക്കുകയും വേണ്ടതാണ്. നെടുങ്ങാട്ട്മാട് പാടം നിർമറി പ്രദേശമായി അംഗീകരിക്കേണ്ടതാണ്.

മണ്ണ് പരിശോധനാടിസ്ഥാനത്തിൽമാത്രം വള പ്രയോഗം നടത്താൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

നേന്ത്രവാഴ, റോബസ്റ്റ, പൂവ്വൻ എന്നിവയുടെ കൃഷി ഏറ്റവും ലാഭമായുള്ളവയാകുന്നു. ആവശ്യമായ പ്രോത്സാഹനം ഈ മേഖലക്കും നൽകേണ്ടതാണ്.

ജലനികുതി പൂർണമായും ഒഴിവാക്കുകയും കുടിശ്ശിക നികുതി എഴുതിതള്ളുകയും വേണ്ടതാണ്. വിദഗ്ദ തൊഴിലാളികളുടെ അഭാവം പരിഹരിക്കാൻ പൂട്ട്, നടീൽ, എടയിളക്കൽ, കൊയ്ത്ത്, മെതി, തെങ്ങ്കയറ്റം എന്നിവ യന്ത്രവൽക്കരിക്കാവുന്നതാണ്.

പമ്പ്സെറ്റുകൾക്ക് മണ്ണെണ്ണ പെർമിറ്റ് നവംബർ മാസത്തിൽതന്നെ വിതരണം ചെയ്യുക.

പെർമിറ്റിനുള്ള അപേക്ഷകൾ കൃഷിഭവൻ മുഖേന സമർപ്പിക്കുക. യഥാസമയം പെർമിറ്റ് കൃഷിഭവൻ മുഖേന അനുവദിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

പള്ളിക്കൽ ഭാഗങ്ങളിലും പുളിയം പറമ്പിലും ചെനക്കലും കേരള ഹോരട്ടി കൾച്ചറൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ "സസ്യസ്റ്റോറുകൾ" ആരംഭിക്കുക.

സെറികൾച്ചർ വികസനത്തിന് ബോധവൽക്കരണവും, സഹായധനവും നൽകുക. സെറികൾച്ചർ സൊസൈറ്റി രൂപീകരിക്കുക.

കൃഷിഭവൻ നൽകുന്ന സബ്സിഡി നിർത്തൽ ചെയ്ത പലിശയില്ലാത്ത വായ്പ നൽകുക.

കാർഷികരാജ്യമായ നമ്മുടെ രാജ്യത്തെ ഈ രംഗത്തെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ച് കാർഷികവൃത്തിക്ക് മുന്തിയ പരിഗണന നൽകി പഞ്ചായത്തിനേയും അതുവഴി രാജ്യത്തേയും പുഷ്ടിപ്പെടുത്താൻ നാമോരോരുത്തരും ബാധ്യസ്ഥരാണ്.

N
W
E
S
വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് ഭൂപടം
N
I
II
III
IV
V
VI
VII
VIII
IX
X
XI
XII

മൃഗസംരംക്ഷണവും മത്സ്യബന്ധനവും

മൃഗസംരംക്ഷണം:

പശു, ആട്, എരുമ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. ഉഴവുകാള പോത്ത്, എന്നിവയുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. ഏറ്റവും പുതിയ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ കോഴികളുടെ എണ്ണം 3173 ആണ്.

1970 വരെ ഈ പഞ്ചായത്തിലെ മിക്കവാറും വീടുകളിലും കന്നുകാലികൾ ധാരാളമുണ്ടായിരുന്നു. ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ തുടർച്ചയായ മേച്ചിൽ സ്ഥലങ്ങൾ ലഭ്യമല്ലാതാവുകയും, കൃഷിഭൂമി ഓരോരുത്തരും വളച്ചുകെട്ടി മറ്റ് കൃഷികൾക്ക് ഉപയോഗിച്ചു വന്നതും കാലിത്തീറ്റയുടെ വിലക്കൂടുതലും, പാലിന്റെ വിപണന സൗകര്യക്കുറവും ഈ രംഗത്തെ തളർച്ചക്ക് കാരണമായ ഘടകങ്ങളാണ്.

കൂടാതെ വലിയ നാടൻഇനം പശുക്കളെ വളർത്തുന്നത് ആദായകരമല്ലാതാകുകയും, നല്ല സങ്കര ഇനം പശുക്കളുടേയും എരുമകളുടേയും ദൗർലഭ്യവും ഈ മേഖലയെ തളർത്തുകയുണ്ടായി.

ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികളിലൂടെയും കന്നുകുട്ടി പശുപാലന പദ്ധതിയിലൂടെയും ലഭിച്ച മുന്തിയ ജനുസ്സ് പശുക്കളും, പരമ്പരാഗത ക്ഷീരകർഷകർ വളർത്തുന്ന ഏതാനും സങ്കര ഇനങ്ങളുമാണ് ഈ പഞ്ചായത്തിലെ ഗുണമേന്മയുള്ള പശുക്കൾ.

ഈ പഞ്ചായത്തിൽ മൃഗാശുപത്രിയുടെ അഭാവവും സമീപ പഞ്ചായത്തുകളിലെ മൃഗഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളും ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു.

പാൽ വിപണനം ഈ മേഖലയിൽ വലിയൊരു പ്രശ്നമായി അവശേഷിക്കുന്നു. പ്രാദേശിക ചായക്കടകളിലും, വീടുകളിലും, രാമനാട്ടുകര, പരപ്പനങ്ങാടി പോലുള്ള സ്ഥലങ്ങളിലുമാണ് ഇന്നുല്പാദിപ്പിക്കുന്ന പാല് വിൽക്കുന്നത്. കൂടാതെ പള്ളിക്കൽ പഞ്ചായത്തിലെ ആളോഹരി പാൽ ഉപഭോഗം വളരെ കുറവാണ്.

പശു, ആട്, എരുമ മുതലായവ വാങ്ങാൻ സർക്കാർ തലത്തിൽ നൽകുന്ന സബ്സിഡിയോടുകൂടിയ ലോണുകൾ സബ്സിഡി തട്ടിയെടുക്കാനുള്ള ഒരു മാർഗം മാത്രമായാണ് പലരും കാണുന്നത്. ഈ പ്രവണത മാറ്റിയെടുക്കേണ്ടിയിരിക്കുന്നു.

ഗോബർ ഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പള്ളിക്കൽ പഞ്ചായത്തിൽ ചേലപ്പുറം, അഴിഞ്ഞിലശ്ശേരി എന്നിവിടങ്ങളിൽ ഇത്തരം പ്ലാന്റുകൾ ഉണ്ടായിരുന്നു. എന്നാൽ ഇന്നവ നിലവിലില്ലാതായിരിക്കുന്നു.

കന്നുകാവി വളർത്തലിൽ, ഇവിടങ്ങളിൽ ആല എന്ന് പറയുന്ന തൊഴുത്തിനുള്ള പ്രാധാന്യം അവഗണിക്കാവുന്നതല്ലല്ലൊ. എന്നാൽ കന്നുകാലികളെ പരിരക്ഷിക്കുന്ന തരത്തിലുള്ള ആരോഗ്യപരമായ തൊഴുത്തുകൾ മിക്ക വീടുകളിലും ഇല്ല.

ഈ പ്രദേശങ്ങളിലെ പ്രധാന കാലിചന്ത ചേളാരിയിൽ ആണ് സ്ഥിതി ചെയ്യുന്നത്. ഇത്

പള്ളിക്കൽ പഞ്ചായത്ത്

വളർത്തു പക്ഷികൾ 1996 (അവലംബം പ്രഥമവിവര സർവ്വേ)

വാർഡു നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്			മറ്റുള്ളവ
		മുട്ടയിടുന്നവ	മുട്ടയിടാത്തത്	ആൺ	പെൺ		
1	2	3	4	5	6		7
1	175	208	172				
2.	409	401	399		5		
3.	295	600	106		13		
4.	150	294	136		5		
5.	210	312	172				
6.	195	300	190				
7.	212	290	79				
8.	177	302	299		25		
9.	48	125	82				
10.	386	400	352		20		
11.	185	296	198				
12.	43	66	81	4	9	6	
ആകെ	2485	3594	2266	4	83	6	

മുന്നിയൂർ പഞ്ചായത്തിലാണ്. ഇത് കാലികൾക്ക് രോഗം പരത്തുന്ന ഒരു കേന്ദ്രമായാണ് ഇന്ന് പ്രവർത്തിച്ചു വരുന്നത്. ഇവിടെ ക്രയവിക്രയം ചെയ്യപ്പെടുന്നത് ചുറ്റുപാടുകളിൽനിന്നും വരുന്ന രോഗം ബാധിച്ച കന്നുകാലികളെയാണ്. ഇതു മൂലം സമീപപ്രദേശങ്ങളിൽ കാലിരോഗം പടരാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ഇവിടെ അണുവിമുക്ത(Disinfect)മാക്കേണ്ടത് അത്യാവശ്യമാണ്.

ഇവിടങ്ങളിൽ നായ/പട്ടികളെ വളർത്തുന്ന കുടുംബങ്ങളും കുറവല്ല. എന്നാൽ പല വീടുകളിലും പരിപൂർണ സുരക്ഷാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. അലഞ്ഞു തിരിഞ്ഞു നടക്കുന്ന ധാരാളം നായ്ക്കൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണാം. ഇവ വളർത്തുനായ്ക്കൾക്ക് പലപ്പോഴും ഭീഷണിയാണ്. പേപ്പട്ടിശല്യം ഒഴിവാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ ആവശ്യമാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതും, വളർത്തുനായ്ക്കൾക്ക് യഥാസമയം കുത്തിവെപ്പു നടത്തുന്നതും, അവയ്ക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുന്നതും ഇതിലേക്ക് സ്വീകരിക്കാവുന്ന മാർഗങ്ങളാണ്.

പഞ്ചായത്തിലെ 75% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. കോഴിവസന്ത തുടങ്ങിയ രോഗങ്ങൾ, ചികിത്സാസൗകര്യക്കുറവ്, മുട്ട, കോഴി എന്നിവ വിറ്റഴിക്കാനുള്ള വിപണിയില്ലായ്മ, തീറ്റയുടെ അമിതവില എന്നീ പ്രശ്നങ്ങൾ കാരണം പള്ളിക്കൽ പഞ്ചായത്തിൽ ഉണ്ടായിരുന്ന അഞ്ചോളം കോഴിവളർത്തു കേന്ദ്രങ്ങളിൽ 3 എണ്ണവും അടച്ചുപൂട്ടുകയുണ്ടായി. മിക്ക വീടുകളിലും കോഴികളെ വളർത്തുന്നുണ്ടെങ്കിലും പഞ്ചായത്തിലേക്ക് ആവശ്യമായ ഇറച്ചി, മുട്ട എന്നിവയ്ക്ക് വേണ്ടി അയൽ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുവയേയാണ് വൻതോതിൽ ആശ്രയിക്കുന്നത് എന്നത് കോഴിവളർത്തലിന്റെ വൻസാധ്യതകളെയാണ് വ്യക്തമാക്കുന്നത്.

പ്രശ്നങ്ങൾ:

1. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയെയുള്ളു എന്നതിനാൽ മുഴുവൻ പ്രദേശങ്ങളിലും സേവനം ലഭിക്കുന്നില്ല.

2. മൃഗസംരക്ഷണകേന്ദ്രത്തിൽ ആവശ്യമായ സ്റ്റാഫോ സൗകര്യങ്ങളോ ഇല്ല.

3. കാലിത്തീറ്റ, തീറ്റപുല്ല് എന്നിവയുടെ അഭാവം കാലിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നു.

4. പാൽ സംഭരിക്കാനും വിപണനത്തിനും സംവിധാനമില്ല.

5. കോഴിത്തീറ്റയുടെ വർദ്ധച്ച വില, നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാനുള്ള പ്രയാസം.

പരിഹാരമാർഗ്ഗങ്ങൾ.

1). കന്നുകാലി വളർത്തലിന് ആവശ്യമായ ധനസഹായം സാമ്പത്തികാടിസ്ഥാനത്തിൽ ആവശ്യക്കാർക്ക് ലഭിക്കാനുള്ള നടപടി സ്വീകരിക്കുക. കൂടാതെ ഇത്തരം സഹായങ്ങൾ പ്രസ്തുത വ്യക്തി അതേ ആവശ്യത്തിനു തന്നെയാണോ ഉപയോഗപ്പെടുത്തുന്നതെന്ന് വിലയിരുത്തേണ്ടതാണ്.

2). ശുചിത്വമേറിയതും വീടുകളിൽനിന്നും വേറിട്ടുള്ളതുമായ കാലിത്തൊഴുത്തുകൾ നിർമ്മിക്കാനാവശ്യമായ പലിശരഹിതലോണുകൾ അനുവദിക്കുക.

3). പള്ളിക്കൽ പഞ്ചായത്ത് മൃഗാശുപത്രിയിൽ ആവശ്യമായ ഡോക്ടറേയും മറ്റു ജീവനക്കാരേയും വേണ്ട സൗകര്യങ്ങളും ലഭ്യമാക്കുക. പള്ളിക്കലിൽ നിലവിലുള്ള ഊർജിത മൃഗസംരക്ഷണ കേന്ദ്രം കരിപ്പൂരിലേക്ക് മാറ്റി സ്ഥാപിക്കുക.

4). പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ആനന്ദ് മോഡൽ പാൽ സൊസൈറ്റികൾ (മൂന്ന് വാർഡുകൾക്ക് ഒന്നുവീതം) രൂപീകരിച്ച് മിൽമയും അഫിലിയേറ്റ് ചെയ്ത് അവയുടെ സംഭരണയൂണിറ്റുകൾ വിവിധ വാർഡുകളിലും ആരംഭിക്കേണ്ടതാണ്. ക്ഷീരകർഷകർക്ക് ആവശ്യമായ കടങ്ങൾ പ്രസ്തുത സൊസൈറ്റി മുഖേന നൽകാവുന്നതും അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കാൻ സാധിക്കുന്നതോടൊപ്പം തന്നെ അവർക്ക് നൽകുന്ന ലോണുകളുടെ തിരിച്ചടവ് ക്ഷീര ഉല്പന്നങ്ങളിലൂടെതന്നെ നടപ്പാക്കാനും സാധിക്കുന്നതാണ്. കൂടാതെ കന്നുകാലികൾക്കാവശ്യമായ പുല്ല്, കാലിത്തീറ്റ, എന്നിവ ഉല്പാദനകേന്ദ്രങ്ങളിൽനിന്നും സംഘങ്ങൾ മുഖേന നേരിട്ട് ഇറക്കുമതി ചെയ്ത് കർഷകർക്ക് നൽകാനും പുല്ല്കൃഷി പ്രോത്സാഹിപ്പിക്കാനും സാധിക്കുന്നതാണ്.

5) അത്യുല്പാദനശേഷിയുള്ള പുശുക്കളെ വളർത്തുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കടവും സബ്സിഡിയും നൽകുക ക്ഷീരകൃഷി പ്രോത്സാഹിപ്പിക്കാൻ ബോധവൽക്കരണവും കന്നുകാലി പ്രദർശനവും നടത്തുകയും ഏറ്റവും നല്ല ക്ഷീരകർഷകനെ അംഗീകരിച്ച് ആദരിക്കുകയും ചെയ്യുക.

6) 5, 10 വനിതകളെ ഉൾപ്പെടുത്തി പശു വളർത്തൽ DWCRA യൂണിറ്റ് വാർഡുതലത്തിൽ ആരംഭിക്കുക.

7) ധനകാര്യസ്ഥാപനങ്ങളുടെ സഹകരണത്തോടെ താല്പര്യമുള്ള എല്ലാവർക്കും മുന്തിയ ജനുസ് പശു/എരുമകളെ നൽകുക.

8). പോഷകാഹാരത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് മുട്ടകൃഷി പ്രോത്സാഹിപ്പിക്കാൻ അഞ്ച് കോഴികൾ വീതമുള്ള യൂണിറ്റുകൾ സർക്കാർഫാമിൽനിന്നും നേരിട്ടു വരുത്തി വീട്ടമ്മമാർക്ക് മഹിളാസമാജം/CBNP മുഖേന നൽകേണ്ടതാണ്.

9). മുട്ടകൃഷി/ക്ഷീരകൃഷി/ഇറച്ചിക്കോഴി എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കാൻ സ്വകാര്യ/സഹകരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

10). മഹിളാ സമാജം/CBNP മുഖേന ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് കറവപശു/ ആട് വളർത്തൽ യൂനിറ്റുകൾ ആരംഭിക്കാൻ സഹായം നൽകുക.

11). ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്.

12). അറവുശാലകൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കുകയും, പരിസരമലിനീകരണം തടയുകയും, അറവു മൃഗങ്ങളെ വൈദ്യപരിശോധന നടത്തുകയും വേണം.

13). അലഞ്ഞ് തിരിയുന്ന പട്ടികളെ കൊല്ലു

വളർത്തുമൃഗസർവ്വേ 1996 (അവലംബം പ്രഥമവിവരസർവ്വേ)

വാർഡ്	കാളനാടൻ		കാളസങ്കരം		പശുനാടൻ		പശുസങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
1	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ് ഉള്ളത്	കറവ് ഇല്ലാത്തത്	കറവ് ഉള്ളത്	കറവ് ഇല്ലാത്തത്	കറവ് ഉള്ളത്	കറവ് ഇല്ലാത്തത്				
1		12		8	30	12	35	26			58	3		
2		10	6	41	34	33	29	2	5	83	16			
3		28	11	120		20	4	4		20	145	45		
4		54	18	55	39	37	25	5		4	64	13	2	
5.		12	14	35	16	24	19			96	4			
6.		7	1	25	12	40	12			77				
7.		16		42	16	54	30			55				
8.		32	61	38	43		6			152				
9.			24	26						35				
10.		26		21	28	38	45				56			
11.		18		32	18	35	26				76	35		
12.		15		110	17	8	1	10	2	6	24	16		
		258		58	596	236	407	217	27	7	30	921	3	

ന്നതിന് സന്നദ്ധസേവനം പ്രയോജനപ്പെടുത്തുക.

14). ഇന്ധനക്ഷാമം പരിഹരിക്കാൻ ബയോ ഗ്യാസ് പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുക.

15). കന്നുകുട്ടി വളർത്തൽ എല്ലാ വാർഡിലും നടപ്പിലാക്കുക.

16). പഞ്ചായത്ത് തലത്തിൽ എഗ്ഗർ നഴ്സറി ആരംഭിക്കുക.

17). പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മൊബൈൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുക.

18). ചെറുകിട/പരിമിത/നാമമാത്ര കർഷകർക്ക് തീറ്റപുല്ല് കൃഷിയിൽ പരിശീലനവും പ്രോത്സാഹനവും നൽകുക.

വളർത്തുമൃഗസമ്പത്ത് 1936
(സെറ്റിൽമെന്റ് രജിസ്റ്റർ)

1. പശു	449
2. എരുമ	16
3. കാളകളും പോത്തുകളും	712
4. ആട്	784

മത്സ്യബന്ധനം

മത്സ്യബന്ധന സാധ്യതകൾ വളരെ കുറവായ പ്രദേശമാണ് പള്ളിക്കൽ പഞ്ചായത്ത്. ബേപ്പൂർ, കോഴിക്കോട്, കൊണ്ടോട്ടി എന്നീ ഭാഗങ്ങളിൽ നിന്ന് മത്സ്യം കൊണ്ടുവന്ന് ഇവിടെ വിപണനം നടത്തിവരുന്നു. അത്തരം 50 ഓളം മത്സ്യവിപണനത്തൊഴിലാളി കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്.

പ്രശ്നങ്ങൾ: ഉൾനാടൻ മത്സ്യബന്ധനങ്ങൾ ഈ പഞ്ചായത്തിൽ ചെറിയ തോതിൽ നടന്നിരുന്നു. ഇതിനായി ചൂണ്ട, കോരുവല, വീശുവല, ഒറ്റൽ, കൂട് മുതലായവ ഉപയോഗിച്ചിരുന്നു. വരാൽ, കരുതല, മുഴു, പരൽ തുടങ്ങി വിവിധയിനം മത്സ്യങ്ങൾ ഇവിടങ്ങളിലെ തോടുകളിലും കുളങ്ങളിലും ധാരാളമായി കണ്ടുവന്നിരുന്നു.

മത്സ്യരോഗം ബാധിച്ച് ഇവിടങ്ങളിലെ വരാൽ മത്സ്യം കുറ്റയറ്റുപോയിരിക്കുന്നു. മുഴുമത്സ്യങ്ങളിലും രോഗം കാര്യമായി ബാധിച്ചിട്ടുണ്ടെങ്കിലും മുഴു മത്സ്യക്കുഞ്ഞുങ്ങളെ ഇപ്പോഴും ചില കുളങ്ങളിലും തോടുകളിലും കാണാം.

അശാസ്ത്രീയമായ മുൻപിൽ നോക്കാതെയുള്ള മീൻപിടുത്തം ഈ മേഖലയെ തളർത്തിയ മറ്റൊരു ഘടകമാണ്. അതാതു കാലങ്ങളിൽ കുളങ്ങളും തോടുകളും നന്നാക്കിയെടുക്കാത്തതുമൂലം അവ വെള്ളം വറഫ്റ്റി ചെളിപ്പരുവത്തിലായതിനാൽ മത്സ്യങ്ങൾ ചത്തൊടുങ്ങുന്നതും മുട്ടകൾ നശിക്കുന്നതുമായ കാഴ്ച സർവ്വസാധാരണമാണ്.

ശാസ്ത്രീയമായ മത്സ്യം വളർത്തൽ രീതിയും അതിന്റെ ആദായാവസ്ഥയെക്കുറിച്ചുള്ള അറിവിന്റെ ന്യൂനതയും ഈ രംഗത്ത് നിഴലിക്കുന്ന കാഴ്ച ശ്രദ്ധേയമാണ്.

ഈ പ്രദേശത്ത് ശുചിത്വമുള്ള ഒരു മത്സ്യമാർക്കറ്റിന്റെ അഭാവം പൊതുജനാരോഗ്യത്തെ വല്ലാതെ ബാധിക്കുന്നുണ്ട്.

സാധ്യതകൾ:

ഈ പഞ്ചായത്തിൽ പല വാർഡുകളിലും വറ്റാത്ത കുളങ്ങളും തോടുകളും ഉണ്ട്. ഇവയിൽ ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള സാധ്യതകൾ ഏറെയാണ്.

പരിഹാരങ്ങൾ:

1). കുളങ്ങളും തോടുകളും ആഴംകൂട്ടി സൈഡുകെട്ടി റിപ്പയർ ചെയ്യുക.

2). ആധുനികരീതിയിലുള്ള മത്സ്യകൃഷി സമ്പ്രദായത്തെക്കുറിച്ച് ബോധവാന്മാരാക്കുക.

3). അത്യുല്പാദനശേഷിയും ശീഘ്രവളർച്ചയുമുള്ള മത്സ്യക്കുഞ്ഞുങ്ങളേയും അവയുടെ തീറ്റയും സൗജന്യമായി വിതരണം ചെയ്യുക.

4). മത്സ്യം വളർത്തുന്നതിനുള്ള വായ്പാസൗകര്യങ്ങൾ വർധിപ്പിക്കുക. അവ ലഭ്യമാക്കുന്നതിനുള്ള നിയമനടപടികൾ ലഘൂകരിക്കുക.

5). മത്സ്യനാശത്തിലേക്ക് നയിക്കുന്ന അശാസ്ത്രീയമായ മത്സ്യബന്ധനപരിപാടി കർശനമായി നിരോധിക്കുക.

6). മത്സ്യരോഗങ്ങളിൽനിന്നും മത്സ്യങ്ങളെ വിമുക്തമാക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുക.

7). ഒഴുകുന്ന തോടുകളിലും, കുളങ്ങളിലും മറ്റും വാഹനങ്ങൾ കഴുകുന്നത് മൂലം ഡീസൽ, പെട്രോൾ മുതലായവ വെള്ളത്തിൽ കലരുന്നത്

മത്സ്യങ്ങൾക്ക് മാത്രമല്ല പൊതുജനാരോഗ്യത്തെ പ്പോലും ബാധിക്കുന്നു.

8). മത്സ്യകൃഷിയുടെ ലഭ്യവസ്ഥയും, മത്സ്യ ങ്ങളിൽനിന്ന് ലഭിക്കുന്ന പോഷകാംശങ്ങളെക്കു റിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതും മഹി ളാസംഘടനകളെക്കൂടി ഇതിൽ ഭാഗഭാക്കാക്കുന്ന തും ഈ മേഖലയിൽ ഗുണം ചെയ്യും.

9). മത്സ്യവിപണനകേന്ദ്രം:- മത്സ്യബന്ധനം കുറവാണെങ്കിലും മത്സ്യവിപണനം ഈ പ്രദേശ ങ്ങളിൽ അത്ര മോശമല്ല. എന്നാൽ മത്സ്യവിപണ നത്തിന് ഒരു മാർക്കറ്റില്ല എന്നത് ഈ രംഗത്തെ ശോച്യാവസ്ഥ വെളിപ്പെടുത്തുന്നു. പള്ളിക്കൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മത്സ്യവി പണനത്തിന് ധാരാളം സാധ്യതകളുണ്ടെങ്കിലും പുതുതായി ഈ മേഖലയിലേക്ക് അധികമാരും കടന്നുവരുന്നില്ല. അതിന് സഹകരണാടിസ്ഥാന ത്തിൽ ഈ അവസ്ഥ ചൂഷണം ചെയ്യേണ്ടതാണ്.

പണ്ട് കാലങ്ങളിൽ ബേപ്പൂരിൽനിന്നും മറ്റും തലച്ചുമടുമായി എത്തിയിരുന്ന മത്സ്യങ്ങൾ പിൽക്കാലത്ത് സൈക്കളിലും പിന്നീട് പിക്കപ്പ് വാനിലും മറ്റും എത്തിത്തുടങ്ങി. ഇത് മത്സ്യവിപ ണനത്തിന്റെ വളർച്ചയെ കാണിക്കുന്നുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് പുതിയ മത്സ്യം വിലകുറ വിൽ ലഭിക്കുന്നതിന് ഇന്നും ബുദ്ധിമുട്ടനുഭവപ്പെ ടുന്നുണ്ട്.

10). ഒരു പൊതുമാർക്കറ്റിന്റെ അഭാവം പൊതു ജനാരോഗ്യത്തേയും ബാധിക്കുന്നുണ്ട്.

11). പള്ളിക്കൽ ബസാറിൽ ഒരു പൊതു മത്സ്യ-മാംസ മാർക്കറ്റ് അത്യാവശ്യമാണ്. കൂടാതെ പുത്തൂർ പള്ളിക്കൽ, കരിപ്പൂർ, പുളിയംപറമ്പ്, ചെനക്കൽ, റൊട്ടിപ്പീടിക എന്നിവിടങ്ങളിൽ സ്വകാ ര്യസ്ഥലത്ത് സംയുക്തമായോ പഞ്ചായത്ത് തല ത്തിലൊ മാർക്കറ്റ് ആരംഭിക്കാവുന്നതാണ്.

12). ഉൾനാടൻ കവലകളിലും മത്സ്യവിപണ നത്തിനുള്ള സൗകര്യം കണ്ടെത്തി ഏർപ്പാടു ചെയ്യേണ്ടതാണ്.

13). കൂടാതെ മത്സ്യമാംസ മാർക്കറ്റിലെ അവ ശിഷ്ടങ്ങൾ സംസ്കരിക്കാൻ ഒരു ഡംപിംഗ് ഡിപ്പോ യും കണ്ടെത്തേണ്ടതാണ്.

14). 'നാട്ടിൽകുളം' 'വീട്ടിൽകുളം' പരിപാടി കൾ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നടപ്പി ലാക്കി മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വനം

പള്ളിക്കൽ പഞ്ചായത്തിൽ റിസർവ്വ് വന ങ്ങളോ നിക്ഷിപ്ത വനങ്ങളോ ഇല്ല. 1970കളിൽ ഈ പഞ്ചായത്തിലെ പല തറവാടുകളിലും സർപ്പ ക്കാവുകൾ നിലവിലുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ 25 കൊല്ലത്തിനിടയിൽ പല സർപ്പക്കാ വുകളും നശിപ്പിക്കപ്പെടുകയുണ്ടായി.

വ്യാപകമായ നശീകരണം കാരണം പല കാ വുകളുടേയും നിലനില്പ് ഇന്ന് ഭീഷണിയെ നേരി ടുകയാണ്. ഇത് കാരണം പാരസ്ഥിതികമായി പല മാറ്റങ്ങളും സംഭവിക്കുന്നുണ്ട്. അതിനാൽ നില വിലുള്ള സർപ്പക്കാവുകൾ സംരക്ഷിക്കുന്നതിനും അവയിൽ കൂടുതൽ മരങ്ങളും പള്ളികളും വച്ചു പിടിപ്പിക്കുന്നതിനും ബോധവൽക്കരണം നടത്തു വാനും, ആവശ്യമായ പ്രോത്സാഹനം നടത്തുവാ നും ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ വേണം.

സാമൂഹ്യവനവൽക്കരണം:- പള്ളിക്കൽ പഞ്ചാ യത്തിലെ 99% വീടുകളിലും വിറകാണ് ഇന്ധന മായി ഉപയോഗിക്കുന്നത്. എന്നാൽ ഇതിനാവശ്യ മായ വിറകിന്റെ ലഭ്യത ദിനംതോറും കുറഞ്ഞുവ രികയാണ്. പള്ളിക്കൽ ബസാർ, യൂനിവേഴ്സിറ്റി, വിമാനത്താവളം എന്നിവയുടെ പ്രാന്തപ്രദേശങ്ങ ളിൽ ഇന്ധനക്ഷാമം രൂക്ഷവുമാണ്. കൂടാതെ ഈ പ്രദേശത്ത് വീട് വെക്കുന്നതിനാവശ്യമായ തടി യുടെ ദൗർലഭ്യവും രൂക്ഷമാണ്. ഭൂരിഭാഗം പേരും ദൂരെയുള്ള അറക്കമില്ലുകളിൽനിന്നും മരം വാങ്ങി യാണ് ആവശ്യം നിറവേറ്റുന്നത്.

ഈ രണ്ട് ആവശ്യങ്ങളും ഒരു പരിധിവരെ പരിഹരിക്കുന്നതിന് സാമൂഹ്യവനവൽക്കരണ പദ്ധ തിക്ക് കഴിയുന്നതാണ്. സാമൂഹ്യവനവൽക്കരണ പദ്ധതിയിൻ കീഴിൽ വനിതാ സഹകരണസംഘ ങ്ങൾ / CBNP/ മഹിളാ സമാജങ്ങൾ എന്നിവയുടെ മേൽനോട്ടത്തിൽ പഞ്ചായത്തു തലത്തിൽ നഴ്സ റികൾ തയ്യാറാകുകയും അവയിൽ തേക്ക്, വീട്ടി, ആൽ, ഉങ്ങ്, രക്തചന്ദനം, ചന്ദനം എന്നിവയും മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളുടേയും തൈകൾ ഉല്പാദിപ്പുക്കുക, പ്രസ്തുത തൈകൾ ഓരോ വാർഡ് തലത്തിലും ജൂൺമാസം 6ാം തിയ്യതി ലോകപരിസ്ഥിതി ദിനത്തിൽ ബഹുജന പങ്കാളിത്തത്തോടെ വിതരണം ചെയ്യുക, ഒരു വർഷം ഒരാൾ ഒരു മരമെങ്കിലും നട്ട് സംരക്ഷി

ക്കാൻ തയ്യാറാവുക. കാവുകളിൽ പരിസ്ഥിതിക്ക് കേട്ടം തട്ടാത്ത ഉങ്ങ്, ആൽ എന്നിവ നടുക, സ്കൂളുകളിൽ വനംവകുപ്പിന്റെ കീഴിൽ ഫോറസ്ട്രി ക്ലബ്ബുകൾ, ഒയിസ്കയുടെ നേതൃത്വത്തിൽ C F P (ചിൽഡ്രൻസ് ഫോറസ്ട്രി പ്രോഗ്രാം) എന്നിവ സംഘടിപ്പിച്ച് വിദ്യാർത്ഥികളെ ഈ മേഖലയിൽ പങ്കാളികളാക്കുക, സ്ത്രീകൾക്ക് അംഗൻവാടി, CBNP എന്നി മുഖേന തൈകൾ വിരണം ചെയ്യുക, വിതരണം ചെയ്ത തൈകളുടെ വളർച്ച യെപ്പറ്റി യഥാസമയം മൂല്യനിർണയം (evaluation) നടത്തുക, പഞ്ചായത്തിൽ ഏറ്റവും നല്ലനിലയിൽ സാമൂഹ്യവനവൽക്കരണം നടപ്പിലാക്കുന്ന വ്യക്തിയേയും സംഘടനയേയും അംഗീകാരം നൽകി പ്രോത്സാഹിപ്പിക്കുക, സർക്കാർ, പുറമ്പോക്ക് തരിശ്ഭൂമി എന്നിവിടങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ സാമൂഹ്യവനവൽക്കരണ പദ്ധതിയെ വിജയപ്രദമാക്കുന്ന ഘടകങ്ങളാണ്.

ഇത്തരം പ്രവർത്തനങ്ങൾ ഊർജിതമാക്കിയാൽ 5 വർഷംകൊണ്ട് ആവശ്യത്തിന് വിറകും 10 വർഷംകൊണ്ട് ആവശ്യത്തിന് തടിയും ലഭിക്കുന്നതായിരിക്കും. ഇത് ഒരു പരിധിവരെ പ്രകൃതിയെ സമ്പന്നമാക്കുമെന്ന് പറയേണ്ടതില്ലല്ലൊ.



വിദ്യാഭ്യാസം

വള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് കോഴിക്കോട് സർവ്വകലാശാലയുടെ ഏതാനും ഭാഗങ്ങൾ സ്ഥിതി ചെയ്യുന്നത്. സർവ്വകലാശാലയുടെ സാമീപ്യം ഉണ്ട് എന്നല്ലാതെ വിദ്യാഭ്യാസപരമായി പഞ്ചായത്ത് പ്രദേശം ഉയർന്ന നിലവാരം പുലർത്തുന്നില്ല. പള്ളിക്കൽ മേഖല കരിപ്പൂർ മേഖലയെ അപേക്ഷിച്ച് മുൻകാലങ്ങളിലേ വിദ്യാഭ്യാസത്തിൽ ഉന്നതനിലവാരം പുലർത്തിയിട്ടുണ്ട്. സർവ്വശ്രീ. കെ.പി. കുഞ്ഞിക്കോയതങ്ങൾ, പി.സി. സുകുമാരൻനായർ, എം. അഹമ്മദ്കുട്ടി മുസ്ല്യാർ, പി.സി. മുഹമ്മദ് ഹാജി എന്നിവരുടെ സംഭാവനകൾ സ്മരണീയമാണ്. ഈ മഹൽ വ്യക്തികളുടെ പള്ളിക്കൂടങ്ങളും വിദ്യാഭ്യാസപ്രവർത്തനങ്ങളും അക്കാലത്ത് പള്ളിക്കൽ പ്രദേശത്ത് അക്ഷരദീപം തെളിയാൻ ഇടയായി.

പഞ്ചായത്തിൽ ഒരു കോളേജും ഒരു ഹൈസ്ക്കൂളും എയർപോർട്ട് സെന്റർ സ്ക്കൂളും, ഏതാനും യു.പി. എൽ.പി. സ്ക്കൂളുമാണ് പ്രവർത്തിക്കുന്നത്. കോളേജ് കരിപ്പൂരിലും ഹൈസ്ക്കൂൾ പുത്തൂർപള്ളിക്കലുമാണ് സ്ഥിതി ചെയ്യുന്നത്. ഭൂമിശാസ്ത്രപരമായ ആ രണ്ടു മേഖലകളും രണ്ടു ധ്രുവങ്ങളിലായതുകൊണ്ട് കോളേജിന്റെ സേവനം പള്ളിക്കൽ പ്രദേശത്തും ഹൈസ്ക്കൂളിന്റെ സേവനം കരിപ്പൂർ പ്രദേശത്തും ലഭിക്കുന്നില്ല.

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 9,10 വാർഡുകളിലെ വിദ്യാർത്ഥികൾക്കു ഹൈസ്ക്കൂൾ പഠനം ലഭിക്കുന്നത് കൊണ്ടോട്ടി ഹൈസ്ക്കൂളിലും, 11,12 വാർഡുകൾക്ക് തേഞ്ഞിപ്പലം പഞ്ചായത്തിലെ പെരുവള്ളൂർ ഹൈസ്ക്കൂളിൽനിന്നുമാണ്. കരിപ്പൂർ വിമാനത്താവള വികസനം പൂർത്തിയാക്കുമ്പോൾ സ്വാഭാവികമായും കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ് അടയപ്പെടും. തന്മൂലം ഈ പ്രദേശത്തെ വിദ്യാർത്ഥിക ചുരുങ്ങിയത് 6 കിലോമീറ്റർ ദൂരമെങ്കിലും യാത്രചെയ്താലേ സ്ക്കൂളിലെത്തുകയുള്ളൂ. നിലവിൽ ആശ്രയിക്കുന്ന രണ്ടു സ്ക്കൂളുകളും വിദ്യാർത്ഥി ബാഹുല്യം നിമിത്തം ശ്വാസംമുട്ടുകയാണ്. മാത്രമല്ല രണ്ട് വിദ്യാലയങ്ങളും സർക്കാർ സ്ഥാപനമായതുകൊണ്ട് യഥാസമയം അധ്യാപകരെ നിയമിക്കാറുമില്ല. പള്ളിക്കൽ പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഏക ഹൈസ്ക്കൂളിനെയാണ് ആശ്രയിക്കാനുള്ളതെങ്കിലും അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത പ്രസ്തുത സ്ക്കൂളിലും നിലവാരത്തകർച്ച അനുഭവപ്പെടുന്നുണ്ട്. പള്ളിക്കൽ ഏതാനും വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി ഹൈസ്ക്കൂളിലും കോട്ടപ്പുറം ഹൈസ്ക്കൂളിലും പഠിക്കുന്നുണ്ട്.

പല പ്രദേശങ്ങളിലും പ്രാധമിക വിദ്യാഭ്യാസ സൗകര്യം വേണ്ടത്ര ലഭ്യമല്ലാത്തതു കൊണ്ടും സ്ക്കൂളിലേക്കുള്ള ദൂരക്കൂടുതലും, സാമ്പത്തിക പരാതീനതയും ഹൈസ്ക്കൂൾ പ്രവേശനം നേടാനുള്ള ബുദ്ധിമുട്ടും കാരണം സ്ക്കൂളിലെ കൊഴിഞ്ഞുപോക്ക് സർവ്വസാധാരണയാണ്. സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമെന്ന് കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും തുടർ സാക്ഷരതാ പ്രവർത്തനം നിലച്ചത് കാരണം പഴയ പടിയിലേക്ക് തന്നെ

പഞ്ചായത്തിലെ വിദ്യാലയങ്ങൾ

നമ്പർ	സ്കൂളിന്റെ പേർ	തലം
1.	EMEA കോളേജ്	എയിഡഡ്
2.	VPKMM ഹൈസ്കൂൾ	എയിഡഡ്
3.	AMUP സ്കൂൾ, കുമ്മിണിപറമ്പ്	എയിഡഡ്
4.	AMUP സ്കൂൾ, പുത്തൂർപള്ളിക്കൽ	എയിഡഡ്
5.	AMUP സ്കൂൾ, പള്ളക്കൽ	എയിഡഡ്
6.	AMUP സ്കൂൾ, കോഴിപ്പുറം	എയിഡഡ്
7.	ALP സ്കൂൾ, കാവുംപടി	എയിഡഡ്
8.	AMLP സ്കൂൾ വെണ്ണായൂർ	എയിഡഡ്
9.	AMLP സ്കൂൾ കൂനോൾമാട്	എയിഡഡ്
10.	GMLP സ്കൂൾ, കരിപ്പൂർ	ഗവൺമെന്റ്
11.	GMLP സ്കൂൾ കുമ്മിണിപറമ്പ്	ഗവൺമെന്റ്
12.	MMLP സ്കൂൾ തറയിട്ടാൻ	എയിഡഡ്
13.	MIAMLP സ്കൂൾ, കരിപ്പൂർ	എയിഡഡ്
14.	AMLP സ്കൂൾ, കരിപ്പൂർ, ചിറയിൽ	എയിഡഡ്

ക്ലാസ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					VPKMHS S S L C വിജയശതമാനം
		30% താഴെ കുട്ടികൾ	30-40 % മാർക്ക് നേടുന്നവർ	40-50 ശതമാനം നേടുന്നവർ	50-60 ശതമാനം നേടുന്നവർ	60 % ശതമാനം നേടുന്നവർ	
3.	892	248	275	119	115	135	91 - 92 – 32.88%
4.	909	227	249	166	113	154	92 - 93 – 28.9 %
5.	823	302	257	133	74	57	93 - 94 – 29.83 %
6.	798	344	190	115	69	80	94 - 95 – 28.09 %
7.	930	371	284	108	80	87	95 - 96 – 25.35 %
8.	574	497	24	13	4	36	
9.	459	393	23	10	5	28	
10.	367	308	18	10	6	25	

നവസാക്ഷരർ എത്തിയിട്ടുണ്ട്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ് പാവപ്പെട്ട കുട്ടികളെ ഒന്നാം ക്ലാസിൽ നേരിട്ട് ചേർക്കാൻ നിർബന്ധിതരാകുന്നു. തന്മൂലം മറ്റു കുട്ടികളുടെ നിലവാരം പുലർത്താൻ ഈ കുട്ടികൾക്ക് സാധിക്കുന്നുമില്ല.

പ്രശ്നങ്ങൾ

1. ദൂരക്കൂടുതൽ കാരണം കുട്ടികൾക്ക് യഥാസമയം സ്ക്കൂളിലെത്തിപ്പെടാൻ സാധിക്കുന്നില്ല.

2. പ്രീപ്രൈമറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കുന്നില്ല.

3. പ്രാഥമിക സൗകര്യത്തിന്റെ കുറവ് അധ്യാപകരേയും വിദ്യാർത്ഥികളേയും കഷ്ടപ്പെടുത്തുന്നു.

4. സ്വകാര്യകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ക്കൂളുകൾ മറ്റ് സർക്കാർ സ്ക്കൂളുകളെ അപേക്ഷിച്ച് അടിസ്ഥാനസൗകര്യം കുറവാണ്.

5. അദ്ധ്യാപകരെ മറ്റു ജോലികൾക്ക് നിയോഗിക്കുന്നത് കാരണം അധ്യയനദിവസങ്ങൾ നഷ്ടമാകുന്നു.

6. വായനശാല, ഗ്രന്ഥശാല തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവ് അഭ്യസ്ഥവിദ്യരായ യുവാക്കൾക്ക് തൊഴിലവസരം നഷ്ടപ്പെടുത്തുന്നു.

8. എസ്.എസ്.എൽ.സി. ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പോലും സീറ്റിന്റെ കുറവ് കാരണം കോളേജ് വിദ്യാഭ്യാസത്തിന് അവസരം നഷ്ടപ്പെടുന്നു.

9. സർക്കാർ സ്ക്കൂളുകളിൽ യഥാസമയം അധ്യാപകരെ നിയമിക്കാത്തത്കൊണ്ട് പോർഷൻ തീരുന്നില്ല.

10. തദ്ദേശീയരല്ലാത്ത അദ്ധ്യാപകരുടെ സംസാരരീതി പിഞ്ചുകുട്ടികൾക്ക് ഗ്രഹിക്കാൻ കഴിയുന്നില്ല.

11. മാസപ്പരീക്ഷകൾ കർശനമായി നടത്തുകയും ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽനിന്ന് ഒഴിവാക്കുകയും, പത്തിലധികം അധ്യാപകരുള്ള വിദ്യാലയങ്ങളിൽ ക്ലാർക്കിനെ നിയമിക്കുകയും ചെയ്താൽ അധ്യയനത്തിന് വേണ്ടത്ര സമയം ലഭിക്കുകയും നിലവാരം ഉയർത്താനും സാധിക്കും.

12. സ്ക്കൂൾ പ്രവേശനം 6 വയസ്സു മുതലും All promotion നിർത്തലാക്കുകയും ചെയ്താൽ നിലവാരം ഉയരാനിടയാകും.

13. അധ്യാപക-വിദ്യാർത്ഥി അനുപാതം ശാസ്ത്രീയമല്ല.

14. കലാലയ രാഷ്ട്രീയം അദ്ധ്യയനം മുടക്കുന്നതോടൊപ്പം അക്രമവാസന വർദ്ധിക്കുന്നു.

15. മേലധികാരികളുടെ സ്ക്കൂൾ വിസിറ്റിംഗ് കർശനമായി നടപ്പാക്കുന്നില്ല.

16. അധ്യാപകർക്ക് കാലോചിതമായ പരിശീലനം ലഭിക്കുന്നില്ല.

17. തുടർവിദ്യാഭ്യാസം സജീവമല്ല.

19. E.M.E.A കോളേജിൽ തദ്ദേശീയരായ വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ചെയ്യുന്നില്ല.

20. സ്ക്കൂൾ പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

21. ജനവിദ്യാകേന്ദ്രങ്ങൾ നിർജ്ജീവാവസ്ഥയിലാണ്.

നിർദ്ദേശങ്ങൾ

1. താഴെ പറയുന്ന പ്രദേശങ്ങളിൽ സ്ക്കൂളുകൾ അനുവദിക്കുക.

എൽ.പി. സ്ക്കൂൾ

1. ചെട്ട്യാർമാട്
2. ഓട്ടുപാറ
3. കോതേരിക്കുണ്ട്
4. കാരപ്പറമ്പ്
5. നെടുങ്ങോട്ട്മാട് ജുമാമസ്ജിദ്
6. പാലപ്പറമ്പ്
7. പരുത്തിക്കോട്
8. പറങ്കിമാവിൻതോട്ടം
9. ചോലമാട്

യു.പി. സ്ക്കൂൾ

1. പുളിയംപറമ്പ്
2. കുമ്മിണിപറമ്പ്
3. കൂനോൾമാട്

ഹൈസ്ക്കൂളുകൾ

1. തറയിട്ടാൽ

2. കോഴിപ്പുറം യുപി. അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കുക.

സ്കൂളിന്റെ ഭൗതികസൗകര്യം

ക്രമ നമ്പർ	സ്കൂളിന്റെ പേർ	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ		മുറികൾ		മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുര	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	കുടിവെള്ള സംവിധാനം	വൈദ്യുതീകരണം ഉണ്ട് / ഇല്ല	പാചകമുറി	സ്റ്റാഫ് റൂം
			സ്ഥിരം	അർദ്ധ സ്ഥിരം	സ്ഥിരം	അർദ്ധ സ്ഥിരം									
1	AMUP കോഴിപ്പുറം	23	1	4	3	14			1		1	കിണർ	ഇല്ല		
2.	AMLP, വെണ്ണായൂർ	12	3		13			2	1		ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല
3.	ALP, കാവുംപടി	5	2		3				1		ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല
4.	VPKMMHS	32	7		37				3	2	3	കിണർ			2
5.	AMUP, പുത്തൂർ	23	6	5	14	12	3		2	2	1	കിണർ		ഉണ്ട്	ഉണ്ട
6.	AMUP, പള്ളിക്കൽ	36	7	4	15	22			1		1	കിണർ പൈപ്പ്	ഉണ്ട്	ഉണ്ട്	ഉണ്ട്
7.	AMLP, കൂനോൾമാട്		4						1		ഇല്ല	കിണർ	ഇല്ല	ഇല്ല	ഉണ്ട്
8.	AMUP, കുമ്മിണിപറമ്പ്		3		15				2	2	1	കിണർ	ഇല്ല	ഉണ്ട്	ഉണ്ട്
9.	GMLP, കരിപ്പൂർ	6	1				3	കെടിടം ആവശ്യമുണ്ട് സ്ഥലമില്ല	ഇല്ല	1	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല
10	GMLP, കുമ്മിണിപറമ്പ്	7					3		ഇല്ല	2	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല
11	MMLP, തറയിട്ടാൽ	10	4	13					2	2	1	കിണർ	ഉണ്ട്	ഇല്ല	ഉണ്ട്
12.	MIAMLP, കരിപ്പൂർ	8	3			4	2		1	2	ഇല്ല	കിണർ	ഇല്ല	ഇല്ല	ഇല്ല
13	AMLP, കരിപ്പൂർ,ചിറയിൻ	10	3		5	5			1	2	ഇല്ല	കിണർ	ഇല്ല	ഉണ്ട്	ഉണ്ട്

3. കരിപ്പൂർ മേഖലയിലെ കുമ്മിണിപ്പറമ്പ് യു.പി. അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളാക്കുക

2. താഴെ പറയുന്ന പ്രദേശങ്ങളിൽ അംഗന വാടി കേന്ദ്രങ്ങൾ തുറക്കുക.

1. മൊടക്കിയിൽ
2. കീരനാല്ക്കൽപുറായ്
3. പുന്നൊടി
4. കോതേരിക്കുന്ന്
5. SMAP
6. അമ്പലത്തിങ്ങൽ
7. ദേവതിയാൽ
8. നെടുങ്ങോട്ട്മാട്
9. ഉള്ളഞ്ചീരിമാട്
10. ആടനൂർ
11. ഫത്താഹ്നഗർ
12. പുതമതായി
13. കോഴിശ്ശേരി മാട്
14. ഈത്തച്ചിറ
15. റൊട്ടിപ്പീടിക
16. കുമ്മിണിപറമ്പ്
17. ചോലമാട്
18, ഓട്ടുപാറ
19. അരീപ്പാറ

3. കോഴിക്കോട് സർവ്വകലാശാല കാമ്പസിൽ ഒരു യൂണിവേഴ്സിറ്റികോളേജ് അനുവദിക്കുക.

4. പള്ളിക്കൽ പ്രദേശത്ത് ഒരു ITC യും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളും അനുവദിക്കുക.

5. കരിപ്പൂർ പ്രദേശത്ത് ഒരു ITI യും ട്രെയി നിംഗ് സ്ക്കൂളും അനുവദിക്കുക

6. എയർപോർട്ട് സ്ക്കൂൾ സെൻട്രൽ സ്ക്കൂ ളായി ഉയർത്തുക.

7. V.P.K.M.M.H.S.വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തുക.

8. മൂന്നാംവാർഡിലും, കാക്കഞ്ചേരിയിലും കമ്പ്യൂ ട്ടർ സെന്റർ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ തുടങ്ങുക

9. സർക്കാർ സ്ക്കൂളുകൾക്ക് സ്വന്തമായി കെ ട്ടിടം പണിയുക.

10. എല്ലാ സ്ക്കൂളുകൾക്കും വേണ്ടത്ര ഫർണീ ച്ചർ, പഠനോപകരണങ്ങൾ, ഗ്രൗണ്ട്, ചുറ്റുമതിൽ, മൂത്രപ്പുര, കക്കൂസ് എന്നിവ അടിയന്തിരമായി നിർമ്മിക്കുക.

11. ശുദ്ധജലവും വൈദ്യുതിയും എത്താത്ത സ്ക്കൂളുകൾക്ക് അതെത്തിക്കുക.

12. സ്ക്കൂളുകളിൽ തൊഴിലധിഷ്ടിത വിദ്യാ ഭ്യാസത്തിന് പ്രാമുഖ്യം കൊടുക്കുക.

13. കരിപ്പൂർ പ്രദേശത്ത് സഹകരണ ട്യൂഷൻ സെന്റർ തുടങ്ങി അഭ്യസ്ഥവിദ്യരായ തൊഴിൽ രഹി തരെ ജോലിക്ക് നിയമിക്കുക.

14. 150 വീടുകൾക്ക് ഒന്ന് എന്ന തോതിൽ അംഗനവാടികേന്ദ്ര ആരംഭിക്കുക.

15. ഒന്നാം വാർഡിൽ ഒരു സാങ്കേതിക വിദ്യാ ഭ്യാസ സ്ഥാപനം അനുവദിക്കുക.

16. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റും, മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പും വർദ്ധിപ്പിക്കുക.

17. എല്ലാ വാർഡിലും ഓരോ ഗ്രന്ഥാലയവും വായനശാലയും അതില്ലാത്തസ്ഥലങ്ങളിൽ ആര ഭിക്കുക.

18. സ്വന്തം കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുക.

19. സ്ക്കൂളുകളിലെത്തിപ്പെടാൻ ബുദ്ധിമുട്ടുന്ന പ്രദേശങ്ങളിൽ നടപ്പാത നിർമ്മിക്കുക.

20. മന്ദബുദ്ധികൾക്കും വികലാംഗർക്കും വിദ്യാ ലയം അനുവദിക്കുക.

21. സ്ക്കൂൾ മാതൃസംഗമം, രക്ഷാകർതൃ സമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

22. കാൽകൊല്ല/അർദ്ധവാർഷിക പരീക്ഷാഫലം വന്ന ഉടനെ അദ്ധ്യാപക/രക്ഷാകർതൃ മുഖാ മുഖം നടത്തി പഠനനിലവാരം വിലയിരുത്തുക.

23. കരിപ്പൂർ G.M.L.P. സ്ക്കൂളിൽ സ്വന്തമായി പഠനസൗകര്യം ഉണ്ടാക്കുക.

24. തുടർ വിദ്യാഭ്യാസത്തിനുള്ള സ്ഥിരം സംവി ധാനം ഉണ്ടാക്കുക.

സ്കൂളിന്റെ പൊതുവിവരം.

ക്രമ നമ്പർ	സ്കൂളിന്റെ പേർ	സ്കൂളിന്റെ ഉടമസ്ഥത		കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				സ്കൂൾ കാമ്പസിന്റെ മൊത്ത വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	കുറിപ്പുകൾ
		സർക്കാർ	എയിഡഡ്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ച പോസ്റ്റ്	നിലവിലിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘ കാല ലീവുള്ളവർ			
1.	VPKMMHS,		എയിഡഡ്	636	764	1400	54	54	ഇല്ല	3	3ഏ.	1ഏ.	ചുറ്റുമതിൽ ഉണ്ട്
2.	AMUP, കോഴിപ്പുറം		എയിഡഡ്	297	236	533	20	20	ഇല്ല	ഇല	3ഏ.	1ഏ.	ചുറ്റുമതിൽ ഉണ്ട്
3.	AMUP, പള്ളിക്കൽ		എയിഡഡ്	746	697	1443	47	47	ഇല്ല	1	1/2 ഏ.	10സെന്റ്	ചുറ്റുമതിൽ ഉണ്ട്
4.	AMUP, പുത്തൂർ		എയിഡഡ്	540	500	1040	31	31	ഇല്ല	2	2ഏ.	1/2 ഏ	ചുറ്റുമതിൽ ഉണ്ട്
5.	AMLP, കുമ്മിണിപറമ്പ്		എയിഡഡ്	261	259	520	20	20			2.07ഏ.	1/2 ഏ	ചുറ്റുമതിൽ ഉണ്ട്
6.	AMLP, വെണ്ണായൂർ		എയിഡഡ്	211	209	420	14	14		1	0.3സെ.		
7.	ALP, കാവുംപടി		എയിഡഡ്	129	123	256	9	9			0.30സെ		
8.	AMLP, കൂനോൾമാട്		എയിഡഡ്	140	146	286	10	10			1/2 ഏ	10സെ.	ചുറ്റുമതിൽ ഉണ്ട്
9.	GMLP, കരിപ്പൂർ	സർക്കാർ		134	112	246	8	8				ഇല്ല	വാടകകെട്ടിടം
10.	GMLP, കുമ്മിണിപറമ്പ്	സർക്കാർ		130	121	251		7	3		0.60ഏ.	ഇല്ല	വാടകകെട്ടിടം ചുറ്റുമതിൽ ഉണ്ട്
11.	MMLP, തറയിട്ടാൽ		എയിഡഡ്	212	203	415	12	11	1	3	1ഏ.	0.50ഏ.	ചുറ്റുമതിൽ ഉണ്ട്
12.	MIAMLP, കരിപ്പൂർ		എയിഡഡ്	147	153	300	10	10			0.30ഏ.		
13.	AMLP, കരിപ്പൂർ, ചിറയിൻ		എയിഡഡ്	215	239	454	12	12					

അക്കാദമിക് സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറികൾ ഉണ്ട് / ഇല്ല	ലാബോറട്ടറി ഉണ്ട് / ഇല്ല	പാഠ്യേതരപ്രവർത്തനങ്ങൾ ഉണ്ട് / ഇല്ല	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം								ബ്ലാക്ക് ബോർഡ്		95 96ൽ ലഭിച്ച അദ്ധ്യയനവർഷം	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ	പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയനങ്ങളുടെ ദിനം	മാതൃസംഗമം സജീവം/സജീവമല്ല.	ക്ലാസ്സും പി.ടി.എ.യും പ്രവർത്തിക്കുന്നു. / ഇല്ല
					റേഡിയോ	ടേപ്പ് റിക്കോർഡർ	ടി.വി.	വി.സി.ആർ.	സിനിമാപ്രൊജക്ടർ	സ്ലൈഡ്പ്രൊജക്ടർ	ഓവർഹെഡ്പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്.				
1.	AMLUP,S	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	15	183 1/2	5	3	ഉണ്ട്	പ്രവർത്തിക്കുന്നു.
2.	ALPS	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	6	184	1	9	ഉണ്ട്	പ്രവർത്തിക്കുന്നു.
3.	ALPS	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	8	194	-	-	ഉണ്ട്	പ്രവർത്തിക്കുന്നു.
4.	VPKMHS	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	32	32	180	ഇല്ല	ഇല്ല	അല്ല	പ്രവർത്തിക്കുന്നു.
5.	AMUPS	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	23	15	183	5	2	ഉണ്ട്	പ്രവർത്തിക്കുന്നു.
6.	AMUPS	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	37	184	-	-	ഉണ്ട്	പ്രവർത്തിക്കുന്നു.
7.	AMLPS	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	6	184	-	5	ഉണ്ട്	പ്രവർത്തിക്കുന്നു.
8,	AMUPS	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	14	12	185	-	-	ഉണ്ട്	പ്രവർത്തിക്കുന്നു.
9.	GMLPS	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	5	184	-	-	ഉണ്ട്	പ്രവർത്തിക്കുന്നു.
10.	GMLPS	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	2	187	-	5	ഉണ്ട്	പ്രവർത്തിക്കുന്നു.
11.	MMLPS	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	12	10	175	ഇല്ല	10	ഉണ്ട്	പ്രവർത്തിക്കുന്നു.
12.	MIAMLPS	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	8	185	-	-	ഉണ്ട്	പ്രവർത്തിക്കുന്നു.
13.	AMLPS	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	–	-	184	-	-	ഉണ്ട്	പ്രവർത്തിക്കുന്നു.

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ് നമ്പർ	സ്കൂളിന്റെ പേർ	ആകെകുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനംനിർത്തിയവർ					
								SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	AMUP	297	236	533	26	29	55	8	4	12	49	19	68				15	4	19
	AMLP	211	209	420	12	30	42	2	2	4	17	11	28						
II	ALP	129	123	256	7	7	14	-	-	-	8	9	16	-	-	-	-	-	-
III	VPKMMHS	636	764	1400	79	80	159	6	3	9	87	64	151	3	2	5	47	33	80
IV	AMUP	540	500	1040	54	48	102	4	6	10	-	-	-	-	-	-	-	-	-
V	AMUP	746	697	1443	72	79	151	7	9	16	63	41	104	1	2	3	-	1	1
VII	AMLP	140	146	286	14	16	30	-	1	1	8	9	17	-	-	-	-	-	-
VIII	AMUP	261	259	520	24	34	58	5	5	10	31	27	58	-	-	-	4	1	5
	GMLP	134	112	246	15	13	28	-	1	1	6	6	12	-	-	-	-	-	-
IX	GMLP	130	121	251	7	9	16		-	-	-	-	-	-	-	-	-	-	-
X	MMLP	215	203	418	10	10	20	-	-	-	15	16	31	-	-	-	-	-	-
XI	MIAMLP	149	153	300	15	13	28	-	-	-	-	-	-	-	-	-	-	-	-
XII	AMLP	215	239	454	5	8	13	-	-	-	15	18	33	-	-	-	2	-	2

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ജീവന്റെ നിലനിൽപിന്ന് അത്യന്താപേക്ഷിതങ്ങളായ ഘടകങ്ങളാല്ലൊ വായു, വെള്ളം, പാർപ്പിടം മുതലായവ ഇതിൽനിന്നും വായു കഴിഞ്ഞാൽ ജീവസന്ധാരണത്തിന് ഏറ്റവും പ്രാധാന്യം നൽകേണ്ടത് കുടിവെള്ളത്തിനാണെന്ന് വ്യക്തമാണ്. ഈ പഞ്ചായത്തിലെ 95% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ഏതാനും കുടുംബങ്ങൾ ഭാഗികമായി കേന്ദ്ര ഗവ: സഹായത്തോട കേരള ഗവ: വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന 'Acclarated Peeral Water Supply Scheme' എന്ന പദ്ധതി വഴിയുള്ള പൈപ്പുകളേയും ആശ്രയിക്കുന്നു. 15 കുഴൽക്കിണറുകൾ ഉണ്ട്.

കുടിവെള്ള സ്രോതസ്സ്

ഈ പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ സ്വന്തമായി കിണറുണ്ട്. കുടിവെള്ളത്തിനായി അയൽവീടുകളേയോ ചുരുക്കം ചില സ്ഥലങ്ങളിലുള്ള പൊതുകിണറുകളേയോ ആശ്രയിക്കുന്നവരും കുറവല്ല. (പട്ടിക 4)

പട്ടിക 1
കുടിവെള്ള സ്രോതസ്സ്

വാർഡ്	പൊതുകിണറുകൾ	സ്വകാര്യ കിണറുകൾ	കുഴൽകിണറുകൾ	മൊത്തം കിണറുകൾ
1	4	371	1	-
2	3	376	2	
3	6	400	3	
4	4	370	–	
5	3	320	1	
6	5	194	-	
7	7	152	-	
8	7	360	-	
9	4	163	2	
10	5	295	2	
11	7	345	1	
12	10	228	2	

ഇവിടെയുള്ള മിക്കവാറും കിണറുകൾ ഉയർന്ന പ്രദേശങ്ങളിലുള്ളവ പ്രത്യേകിച്ചും വറ്റിവരളുന്ന വയാണ്. എന്നാൽ വയലോര പ്രദേശങ്ങളിലെ കിണറുകളിൽ ധാരാളം വെള്ളം കാണാറുണ്ട്.

വരൾച്ച കാലങ്ങളിൽ കുടിവെള്ളക്ഷാമപ്രദേശങ്ങളിൽ 1 മുതൽ 2 വരെ കി.മീ. വെള്ളത്തിനായി യാത്ര ചെയ്യുന്നവരുണ്ട്. ജലജന്യരോഗങ്ങളും ഇക്കാലങ്ങളിൽ സാധാരണമാണ്. 1993-96 വർഷങ്ങളിൽ മാത്രം 587 ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പള്ളിക്കൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമപ്രദേശങ്ങൾ, വിശേഷാൽ ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾ, സാധ്യതകൾ, പരിഹാരങ്ങൾ എന്ന പട്ടികയിൽ ചേർത്തിരിക്കുന്നു. ഇതിൽ പള്ളിക്കൽ പഞ്ചായത്തിന് മൊത്തം ബാധകമാക്കാവുന്ന പ്രശ്ന പരിഹാരങ്ങൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പാലക്കപ്പറമ്പ്, വെണ്ണായൂർ, പുൽപ്പറമ്പ്, കാരപ്പറമ്പ്, തെക്കുമ്പുറം, കാരാളിപ്പറമ്പ്, ചെട്ടിയാർമാട്, തെക്കുപുറം ഹരിജൻകോളനി, കോഴിപ്പുറം ഹരിജൻ കോളനി

2. ഓട്ടുപ്പറ, വെണ്ണായൂർ, കാരാളിപ്പറമ്പ്, പടിഞ്ഞാറെതെരുവ്

3. അമ്പലവളവ്, കുറുന്തലഭാഗം, ലക്ഷംവീട് ഭാഗം (രൂക്ഷമായ കുടിവെള്ള പ്രശ്നം)

പൊട്ടനാണ്ടുൽ, ചിറക്കൽ, ആലിവളവ്, ചേലാട്ട്മാട്

4. ചെനപ്പറമ്പ്, പുത്തൂർ വായനശാല, ദേവതിയാൽ ചൊലക്കരവീട്, കെല്ലീരി, ചിറക്കൽമാട്, അമ്പലപ്പടി

5. ജവാൻസ്നഗർ, പരുത്തിക്കോട്, തിരുത്തംകുലത്ത്, കാപ്പുപറമ്പ് ഹരിജൻകോളനി, ആടത്തൂർ അത്താണിക്കൽ

6. കൂടക്കല്ല്, ഉണ്യാലുങ്ങൽ, കോഴിശ്ശേരിമാട്, ഈത്തച്ചിറ, ഇട്ടിപറമ്പ്, കണ്ണുംപറമ്പ്, കോഴിപ്പുറത്ത്മാട്

7. കൂനോൾമാട് സ്ക്കൂൾ പരിസരം, പിലാത്തോട്ടം ഭാഗം, ഈത്തച്ചിറ, എടത്തൊടിമാട്, അരീപ്പാറ

8. അത്തേക്കാട് ചോലക്കാട്, പൊട്ടൻകാട്, കോണത്തുമാട്, കറുപ്പൻചാൽ, പാലപ്പറമ്പ്, കരിപ്പൂർ എൽ.പി. സ്ക്കൂളിന്റെ പടിഞ്ഞാറുഭാഗം

9. കുമ്മിണിപറമ്പ്, ഓമോത്ത്, കണ്ണഞ്ചീരി ആൽ, അഴുവളപ്പ്, മിച്ചഭൂമിഭാഗം, കൊടിമരം ഭാഗം, തൊട്ടിയിൽ ഭാഗം, കാളക്കുറമ്പ് ഭാഗംഷ അരീപ്പറമ്പ് ഭാഗം, ഉള്ളാട്ടുചാൽ ഭാഗം, കക്കാട് ഭാഗം, പള്ളിപ്പാറ ഭാഗം

10. അമ്പലങ്ങാടൻ, പുളിശ്ശേരിമാട്, കുന്നത്ത്പറമ്പ്, കപ്പക്കോടൻ ഭാഗം, കാളൂർകുണ്ട്.

11. കുന്നത്ത്കാവ്, അത്തിപ്പറമ്പ്, കള്ളൻകണ്ടി, കീരനാലക്കൽ, വട്ടപ്പറമ്പ്, ചാല്മാട്.

12. കുന്നത്ത്പറമ്പ് ഹരിജൻ കോളനി, കാരട്ട്പറമ്പ് സ്ക്കൂൾ, അംഗനവാടി പ്രദേശങ്ങൾ

ചേലേമ്പ്ര പഞ്ചായത്തിൽ കാക്കഞ്ചേരിയിൽ DANIDA പദ്ധതിപ്രകാരം നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയിൻ കീഴിൽ ഈ പ്രദേശങ്ങളേയും ഉൾപ്പെടുത്തുക. അല്ലാത്ത പ്രദേശങ്ങളിൽ പള്ളിക്കൽ പഞ്ചായത്തിൽ നിലവിലുള്ള KWA യുടെ പൈപ്പ്ലൈൻ ഈ പ്രദേശങ്ങളിലേക്ക് നീട്ടുക.

കുഴൽ കിണറുക കുഴിച്ച് പ്രത്യേക ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക. K.W.A. പൈപ്പ്ലൈൻ പടിഞ്ഞാറേ തെരുവിലേക്ക് നീട്ടുക.

KWA പൈപ്പലൈൻ ആ ഭാഗങ്ങളിലേക്ക് നീട്ടുക

പൂക്കാട്ട്തെരു ഭാഗത്ത് കിണർ കുഴിച്ച് ഹൈസ്ക്കൂൾ ഭാഗത്ത് ടാങ്ക് കെട്ടി പൈപ്പ്ലൈൻ വഴി വെള്ളമെത്തിക്കുക. ചെട്ട്യാർമാട്, കുറുന്തല, അമ്പലവളപ്പ് എന്നീ ഭാഗങ്ങളിലേക്ക് രണ്ടാം വാർഡിൽ നിലവിലുള്ള ടാങ്കിൽനിന്ന് പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കുക.

നെടുങ്ങോട്ട്മാട് വയലിൽ കുഴൽക്കിണർ കുഴിച്ച് ചെനപ്പറമ്പിൽ ടാങ്ക് കെട്ടി ജലവിതരണം നടത്തുക. മറ്റു ഭാഗങ്ങളിൽ ഓരോ കുഴൽക്കിണർ അല്ലെങ്കിൽ പൊതുകിണർ കുഴിക്കുക.

ചെനപ്പറമ്പിലെ നിർദ്ദിഷ്ട വെള്ളം ഈ പ്രദേശത്തേക്കും എത്തിക്കുക. KWA പൈപ്പ് ലൈൻ പരുത്തിക്കോട് ഭാഗത്തേക്ക് നീട്ടുക.

കൂട്ടക്കല്ലുങ്ങൽ ഭാഗത്ത് കുഴൽക്കിണർ

സ്ഥാപിച്ച് ജല ലഭ്യം അനുഭവപ്പെടുന്ന ഭാഗത്തേക്ക് പൈപ്പ്പലൈൻ ഇടുക. നിലവിലുള്ള മൂന്ന് പൊതുകിണറുകൾ ഉപയോഗപ്രദമാക്കുകയും അവയിലേക്ക് പൊതുവഴി അനുവദിക്കുകയും വേണം.

നിലവിലുള്ള പഞ്ചായത്ത് കിണർ നന്നാക്കുക, പുതുതായി കിണറുകളും കുഴൽക്കിണറുകളും സ്ഥാപിക്കുക.

നിലവിലുള്ള കിണറുകൾ റിപ്പയർ ചെയ്യുക, പുതിയ കിണറുകൾ കുഴിച്ച് ജലവിതരണ സംവിധാനം ഏർപ്പെടുത്തുക. മൂന്നോ നാലോ കുഴൽ കിണറുകളും അഭികാമ്യമാണ്. പൊതുകിണർ കുഴിച്ച് വലിയ ടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ നടത്തി പൊതു വിതരണം ചെയ്യുക.

കൊടിയംകുണ്ട് ഭാഗത്ത് കിണർ കുഴിച്ച് അല്ലെങ്കിൽ നിലവിലുള്ള കുളം നന്നാക്കി അഴുവളപ്പ് ഭാഗത്ത് ടാങ്ക് കെട്ടി ഈ പ്രദേശങ്ങളിലേക്ക് ജലമെത്തിക്കാൻ സംവിധാനമുണ്ടാക്കുക.

മേൽപ്പറഞ്ഞ പരിഹാരമാർഗ്ഗം ഈ വാർഡിനു ബാധകമാക്കാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ നിലവിലുള്ള മിനി വാട്ടർ സപ്ലൈ സ്ക്കീം പ്രശ്നബാധിത പ്രദേശങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുക. ഇതിലേക്ക് നിലവിലുള്ള ടാങ്ക് വലുതാക്കേണ്ടതാണ്. കുന്നത്ത്കാവ്, അത്തിപ്പറമ്പ്, കീരനാലക്കൽ എന്നിവിടങ്ങളിൽ കുഴൽക്കിണർ വേണം.

തേഞ്ഞപ്പലം ഗ്രാമപഞ്ചായത്തിൽ ശുദ്ധജല വിതരണത്തിനുവേണ്ടി പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 12 വാർഡിൽ സ്ഥാപിച്ച വാർട്ടർ ടാങ്കിൽനിന്ന് പാലപ്പെട്ടി, വാതാംകുളം എന്നീ ഭാഗങ്ങിളൽ പൈപ്പ്ലൈൻ നീട്ടി ജലവിതരണം നടത്തുന്നതോടൊപ്പം ടാങ്ക് സ്ഥിതിചെയ്യുന്ന കുന്നത്ത്പറമ്പിലും ശുദ്ധജലം എത്തിക്കുക.

ആരോഗ്യം

രണ്ടായിരാമാണ്ടോടെ സമ്പൂർണ്ണ ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണല്ലോ നമ്മുടെ രാജ്യം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഈ ലക്ഷ്യം നേടണമെങ്കിൽ ഗ്രാമീണജനങ്ങളെ ആരോഗ്യപരമായ ചുറ്റുപാടുകളെക്കുറിച്ച് ബോധവാന്മാരാക്കേണ്ടതുണ്ട്. 1970കൾക്ക് മുന്നെയുള്ള കാലങ്ങളിൽ ആധുനിക ചികിത്സാസമ്പ്രദായങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നില്ല. ആധുനിക ചികിത്സ ലഭിക്കണമെങ്കിൽ അക്കാലങ്ങളിൽ 10-20 കീ.മീ. ദൂരം യാത്ര ചെയ്യേണ്ട അവസ്ഥയായിരുന്നു. അമ്പലങ്ങളിൽ വഴിപാട് കഴിക്കുക, സേവ നടത്തുക, മന്ത്രവാദങ്ങളും ഹോമങ്ങളും നടത്തുക, ചരട് ജപിച്ച് കെട്ടുക, മന്ത്രം ചെയ്ത് ഊതുക, പള്ളികളിൽ നേർച്ചയിടുക തുടങ്ങിയ മാർഗങ്ങളായിരുന്നു അക്കാലത്ത് കൂടുതലും നിലനിന്നിരുന്നത്. ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനവും, വാർത്താമാധ്യമങ്ങളുടെ സ്വാധീനവും ഈ അന്ധവിശ്വാസങ്ങളെ ജനങ്ങളിൽനിന്നും അകറ്റാൻ സഹായിച്ചു എങ്കിലും വിവിധ മതസ്ഥർക്കിടയിൽ ഇന്നും ചുരുക്കം ചിലരിൽ ഇത്തരം ചികിത്സാ സമ്പ്രദായം നിലനിൽക്കുന്നുണ്ട്.

മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ആയുർവ്വേദ യുനാനി വൈദ്യർ കുടുംബങ്ങൾ പള്ളിക്കൽ, കരിപ്പൂർ മേഖലകളിൽ ജീവിച്ചുവന്നിരുന്നു. ഇവർ അക്കാലത്ത് ആരോഗ്യരംഗത്ത് തങ്ങളുടേതായ സംഭാവനകൾ നൽകിവന്നിരുന്നു. ഇന്നും ഇത് നാമമാത്രമായി തുടരുന്നുണ്ട്.

1972ൽ ജി.ആർ.ഡി.ആയി ആരംഭിച്ച് പിൽക്കാലത്ത് സ്ഥാപിച്ച പി.എച്ച്.സി.ആയി ഉയർത്തിയ പള്ളിക്കൽ പഞ്ചായത്തിലെ ആരോഗ്യരംഗമാണ് നിലവിൽവന്ന ആദ്യത്തെ സർക്കാർ സ്ഥാപനം. ഇന്ന് കൂനോൾമാടിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനവും പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പ്രവർത്തിച്ച് വരുന്ന ഐ.പി.പി. കേന്ദ്രങ്ങളുമാണ് സർക്കാർ തലത്തിൽ നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങൾ. ഈ കേന്ദ്രങ്ങളിൽ എല്ലാം കൂടി ഒരു ഡോക്ടർ, 6 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, 3 ജൂനിയർ ഹെൽത്ത് ഇൻസ്പക്ടർ, ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് ഉൾപ്പെടെ 20 ജീവനക്കാരുണ്ട്. ഈ ആരോഗ്യകേന്ദ്രങ്ങളുടെ പട്ടിക 1ൽ പെടുത്തിയിരിക്കുന്നു.

മേൽപ്പറഞ്ഞ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾക്കു പുറമെ സ്വകാര്യമേഖലയിൽ 3 അലോപ്പതി ആശുപത്രികളും, ഒരു മലോപ്പതി മരുന്നുക

പട്ടിക 1.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

വാർഡ്	സ്ഥാപനങ്ങൾ	ജീവനക്കാരുടെ എണ്ണം
പ്രാഥമികാരോഗ്യകേന്ദ്രം		
കൂനൂൾമാട്		15
ഐ.പി. സബ്സെന്റർ,		
പാലപ്പെട്ടി		1
ഐ.പി.പി. കുമ്മിണിപ്പറമ്പ്		1
ഐ.പി.പി. കരിപ്പൂർ		1
ഐ.പി.പി. അഴിഞ്ഞിലശ്ശേരി		1
ഐ.പി.പി. പുത്തൂർ പള്ളിക്കൽ		1

ടയും, അഞ്ചിയലധികം ആയുർവ്വേദ കടകളു, 2 ആയുർവേദ ഡോക്ടർമാരുടെ സേവനവുമാണ് പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചുവരുന്നത്.

30,000ലധികം വരുന്ന ജനസംഖ്യയുള്ള പള്ളിക്കൽ പഞ്ചായത്തിൽ 5,000 ജനസംഖ്യയ്ക്ക് ഒന്ന് എന്ന കണക്കിൽ 6 ഐ.പി.പി. കേന്ദ്രങ്ങൾ വേണ്ടിടത്ത് 5 കേന്ദ്രങ്ങൾ മാത്രമാണ് പ്രവർത്തിച്ചുവരുന്നത്. അതുകൊണ്ട് പുതുതായി 2 ഐ.പി.പി. കേന്ദ്രം കൂടി പഞ്ചായത്തിൽ അനുവദിക്കേണ്ടതാണ്.

പഞ്ചായത്തിൽ സൗകര്യപ്രദമായ സ്വന്തം കെട്ടിടതുതൽ പ്രവർത്തിച്ചുവരുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ഇന്നത്തെ നില വളരെ ശോചനീയമാണ്. ഒരു ഡോക്ടറുടെ സേവനം മാത്രമാണ് ഇവിടെ ലഭിച്ചുവരുന്നത്. അതു കാരണം രോഗികൾക്ക് ആവശ്യമായ രീതിയിൽ ഡോക്ടറുടെ സേവനം ലഭ്യമാകുന്നില്ല. ഡോക്ടർമാരുടെ സേവനത്തിന്റേയും ആരോഗ്യകേന്ദ്രത്തിന്റെ സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പള്ളിക്കൽ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഇതിനായി സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ സ്വകാര്യ ആശുപത്രിതളും ഇവിടെ ലഭ്യമല്ല. ആയതിനാൽ രോഗികൾക്ക് വളരെ അകലങ്ങളിലുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടവരുന്നു. ഒരു ഡോക്ടറുടേയും സ്റ്റാഫ് നഴ്സിന്റേയും കൂടി സേവനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ടതാകുന്നു. കൂടാതെ ഈ ആരോഗ്യകേന്ദ്രത്തിൽ രോഗികൾക്ക് ആവശ്യമായ അത്യാവശ്യ മരുന്നുകൾ ലഭ്യമല്ല എന്നാമ് വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 5,000 ജനസംഖ്യയ്ക്ക് ഒരു ഹെൽത്ത് ഇൻസ്പകൂർ എന്ന തോതിൽ 6 ഹെൽത്ത് ഇൻസ്പകൂർമാർ വേണ്ടിടത്ത് 3 ഹെൽത്ത് ഇൻസ്പകൂസ്റ്റമാർ മാത്രമാണ് ഈ കേന്ദ്രത്തിലുള്ളത്.

ആരോഗ്യരംഗത്ത് മരുന്നുകളോളം തന്നെ പ്രാധാന്യമുള്ള ഒന്നാണ് ബോധവൽക്കരണം. ജനങ്ങളെ ആരോഗ്യകാര്യങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ട ഫീൽഡ്വർക്കർമാർ എണ്ണത്തിൽ കുറവാണെങ്കിലും, ഉള്ളവർ തന്നെ തങ്ങളുടെ കടമ തൃപ്തികരമായി നിർവഹിക്കാത്തതും ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്.

ഗതാഗത സൗകര്യം വളരെ കുറഞ്ഞ പ്രദേശങ്ങളിലാണ് ഇന്ന് പഞ്ചായത്തിലെ മിക്ക ആരോഗ്യകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നത്. ആയതുകൊണ്ട് ആവശ്യമായ ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കുന്നത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായിരിക്കും.

പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നത് കാരണം പ്രതിരോധകുത്തിവെപ്പിനാവശ്യമായ മരുന്നുകളും മറ്റും ശരിയായ രീതിയിൽ സൂക്ഷിച്ചുവെക്കാൻ സാധിക്കുന്നില്ല. ഇവിടെ നിലവിലുള്ള ഡോർമിറ്ററിയുടെ സ്ഥിതിയും വളരെ ശോചനീയമാണ്. ഇതിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് ശരിയായ രീതിയിൽ പ്രവർത്തനസ്ജജമാക്കേണ്ടതാണ്. ഈ കേന്ദ്രത്തിൽ ലാബറട്ടറിക്ക് ആവശ്യമായ ഉപകരണങ്ങളും രാസപദാർത്ഥങ്ങളും ലഭിക്കുന്നില്ല.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, ലാബറട്ടറിയിൽ ആവശ്യമായ ഉപകരണങ്ങൾ അനുവദിക്കുക, രോഗകളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ നടപ്പിലാക്കുക, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ജീവനക്കാർക്ക് താമസസൗകര്യം ഏർപ്പെടുത്തുക, ഓപ്പറേഷൻ തിയേറ്ററിന്റെ ശോച്യാവസ്ഥ പരിഹരിക്കുക, ഒരു വാച്ച്മാനെ നിയമിക്കുക തുടങ്ങിയ കാര്യങ്ങൾ കൂടി ഈ കേന്ദ്രത്തിൽ ഉടനടി നടപ്പാക്കേണ്ടതാകുന്നു.

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളിൽ വെള്ളം,

വെളിച്ചം എന്നിവ ലഭ്യമാക്കേണ്ടതും അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങളാകുന്നു. പൊതുമരണ നിരക്ക്, (ശിശു, മാതൃ) ജനനനിരക്ക്, പ്രായഘട ന, വൈകല്യനിരക്ക് (ലഭ്യമല്ല).

രോഗാതുരത

ക്ഷയം, കുഷ്ഠം, മലമ്പനി, നേത്രരോഗങ്ങൾ, രക്തസമ്മർദ്ദം പ്രമേഹം ആസ്തമ, കാൻസർ തുട ങ്ങിയ മാരക രോഗങ്ങളും ഈ പഞ്ചായത്തിൽ കുറവല്ല. താഴെ കൊടുത്തിരിക്കുന്ന പട്ടിക ഇത് വെളിപ്പെടുത്തുന്നു.

രോഗം	രോഗികളുടെ എണ്ണം
ക്ഷയം	66
കുഷ്ഠം	19
മലമ്പനി	
കാൻസർ	10
രക്തസമ്മർദ്ദം	220
പ്രമേഹം	195
ആസ്തമ	135

പകർച്ചവ്യാധികൾ

ചർദ്ദി, വയറിളക്കം, പനി, ചൊറി തുടങ്ങിയ പകർച്ച വ്യാധികൾ ഈ പഞ്ചായത്തിൽ സർവ്വ സാധാരണമാണ്. 1993-96 കാലഘട്ടത്തിലെ ഇത്തരം രോഗങ്ങളുടെ സ്ഥിതി വിവരക്കണക്ക് പട്ടികപ്പെ ടുത്തിയിരിക്കുന്നു.

പട്ടിക 3
പകർച്ച വ്യാധി വിവരങ്ങൾ
(പി.എച്ച്.സി. രേഖകൾ)

വർഷം	ജലജന്യം	വായുജന്യം	കീടജന്യം
1993-94	186	16	6 (മലമ്പനി)
1994-95	214	18	4 ,,
1995-96	187	24	4 ,,

പള്ളിക്കൽ പഞ്ചായത്തിലെ പള്ളിക്കൽ അഴി ഞ്ഞിലശ്ശേരിതേടുങ്ങോട്ടുമാട് ഭാഗങ്ങളിൽ 1970ന് ശേഷം ഇടിമിന്നലേറ്റ് ധാരാളം നാശനഷ്ടങ്ങൾ (മരണംവരെ) സംഭവിക്കയുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് ശാസ്ത്രീയ ഗവേഷണം നടത്തുന്നത് നന്നായിരിക്കും.

കുട്ടികളുടെ പോഷണ നിലവാരം

ഈ പഞ്ചായത്തിൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന കുട്ടികൾ ചില ഭാഗങ്ങളിൽ പ്രത്യേകിച്ച് കണ്ടുവരുന്നു.

പരിസര ശുചിത്വം

ശുദ്ധവായു, ശുദ്ധജലം, പരിസരശുചിത്വം, ഇവ മൂന്നും ആരോഗ്യപരിപാലനത്തിലെ പ്രധാന ഘടകങ്ങളാണല്ലോ. ഇതിൽ പരിസരം ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 60%ത്തോളം വീടുകളിൽ ആരോഗ്യപരമായ കക്കൂസ് ഇല്ല. ഇത് കാരണം കുട്ടികളിലും മുതിർന്നവരിലും വയറിളക്കം, വിരശല്യം മുതലായ രോഗങ്ങൾ കണ്ടുവരുന്നു.

വാർഡ്	ആകെ വീടുകൾ	കക്കൂസ്	
		ഉള്ളവ	ഇല്ലാത്തവ
1	510	230	280
2	487	351	136
3	624	373	251
4	512	370	142
5	442	305	137
6	305	183	122
7	317	178	139
8	503	351	152
9	274	132	142
10	530	306	224
11	400	187	213
12	402	187	215

സാമ്പത്തിക പരാധീനത, സ്ഥലപരിമിതി, ശുചിത്വക്കുറവ് എന്നിവയാണ് സ്വന്തമായി കക്കൂസ് ഇല്ലതിരിക്കുവാനുള്ള മുഖ്യകാരണങ്ങൾ.

കുടിവെള്ളത്തിനായി ഈ പഞ്ചായത്തിലെ 95% ആളുകളും കിണറുകളേയാണ് ആശ്രയിക്കു ന്നത്. എന്നാൽ കിണറുകൾ വേണ്ടവിധത്തിൽ ശുചിത്വബോധത്തോടെ ഉപയോഗിക്കാത്തത് ഈ രംഗത്ത് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കമ്പനികളിൽനിന്നും പുറത്തുവരുന്നു മാലി ന്യങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു ണ്ട്. കാക്കഞ്ചേരിയിലെ സിജ്മാക്ക് ഓയിൽമിൽസ്, ഒന്നാം വാർഡിസെ പാച്ചീരിക്കാവിനടുത്തുള്ള

സ്റ്റോൺക്രഷർ എന്നിവ ഉദാഹരണങ്ങളാണ്.

പള്ളിക്കൽ ബസാറിലെ ഹോട്ടലുകളിൽ നിന്നും പുറത്തുവിടുന്ന അഴുക്കുവെള്ളം മറ്റ് കട കളിൽനിനന്നും പുറത്ത് വിടുന്ന ചപ്പുചവറുകൾ എന്നിവ കെട്ടിക്കടന്ന് അതിൽ കൊതുകുകൾ വ ളർന്ന് അങ്ങാടിയുടെ പരിസരപ്രദേശങ്ങളിൽ താമ സിക്കുന്നവർക്ക് വളരെയധികം ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. അങ്ങാടിയിലെ ഡ്രെയ്നേജുകൾ ശരിയായ രീതിയിലല്ലാത്തതുകാരണം അങ്ങാടി യുടെ സമീപപ്രദേശത്ത് ഏറ്റവും കൂടുതൽ ജന ങ്ങൾ തിങ്ങിപ്പാർക്കുന്ന 2 തെരുവുകളിലേക്കും പോകുന്ന വഴികളിൽ ചളിവെള്ളവും ചപ്പുചവറു കളും കെട്ടികിടക്കാൻ കാരണമാകുന്നു. കൂടാതെ ഇവിടെയുള്ള ഇറച്ചിവെട്ടുകാരും, മത്സ്യക്കച്ചവട ക്കാരും പുറത്ത് കളയുന്ന അവശിഷ്ടങ്ങൾ ശരി യായ രീതിയിൽ സംസ്കരിക്കാനുള്ള മാർഗ്ഗങ്ങ ളുടെ അഭാവം കാരണം അവ സമീപപ്രദേശങ്ങ ളിലെ കിണറുകളിൽ കാക്ക മുതലായ പക്ഷികൾ കൊണ്ടുടുന്നതും വളരെയധികം ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരം പ്രശ്ന ങ്ങൾക്കെതിരെയുള്ള പഞ്ചായത്ത് അധികൃതരുടെ നിസ്സംഗത ഇവ കൂടുതൽ രൂക്ഷമാക്കിക്കൊണ്ടിരി ക്കുകയാണ്.

കൊണ്ടോട്ടിയിലെ അറവുശാലകളിൽനിന്നും മറ്റും (കോഴി, ഇറച്ചികടകളിൽ നിന്നും പ്രത്യേകി ച്ചും) പുറത്തുകളയുന്ന അവശിഷ്ടങ്ങൾ എന്നിവ കൊണ്ടോട്ടി തോടിലൂടെ വെള്ളാര് തോട്ടിലേക്ക് ഒഴുകിയെത്തുന്നത് കാരണം 4,5,6,7,8 എന്നീ വാർഡുകളിൽ പരിസരമലിനീകരമം സൃഷ്ടിക്കുന്നു മുണ്ട്. ഇവിടുത്തെ മിക്കവാറും ജനങ്ങൾ കുളി ക്കാൻ ഉപയോഗിക്കുന്നത് ഈ തോട്ടിലെ വെള്ള മാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റേയും ഐ.പി.പി. സെന്ററുകളുടേയും പ്രശ്നങ്ങൾ റിപ്പോർട്ടിൽ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. അവ പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തി രമായി ചെയ്യേണ്ടതാണ്. PHC യിൽ I P ആരംഭിക്കുക.

2. പഞ്ചായത്തിലെ ഓരോ വാർഡുകളിലും ഹെൽത്ത് കാർഡ് സംവിധാനം നടപ്പിലാക്കി 6 മാസത്തിലൊരിക്കൽ അവയിൽ ഓരോ അംഗങ്ങ ളുടേയും ആരോഗ്യനില രേഖപ്പെടുത്താനുള്ള സംവിധാനം നടപ്പിലാക്കുക.

3. ഐ.പി.പി. സെന്റർ, പി.എച്ച്.സി. എന്നിവ യോടനുബന്ധ വികസന സമിതികൾ കാര്യക്ഷ ണമാക്കുകയും ചെയ്ത അവയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുക.

4. കമ്പനികളിൽനിന്നും വരുന്ന മാലിന്യങ്ങൾ (പുക, പൊടി, അഴുക്കുവെള്ളം, ശബ്ദം) നിയന്ത്രി ക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

5. രണ്ടാം വാർഡിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന അങ്ങാടിയിലെ മാലിന്യങ്ങൾ ദിവസേന നീക്കം ചെയ്യാനായി ഒരു സ്വീപ്പറുടെ സേവനം ഉറപ്പുവരുത്തുക. മത്സ്യം, മാംസം എന്നിവയുടെ വിൽപ്പനക്കായി ഒരു ആധുനിക മാർക്കറ്റ് സ്ഥാപി ക്കുക. മത്സ്യ മാംസ വിൽപ്പനയിൽ ആരോഗ്യവ രുപ്പിന്റെ പരിശോധന കർശനമാക്കുക. അങ്ങാടി യിൽ ഒരു പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ സ്ഥാപിക്കു, മത്സ്യമാംസ മാർക്കറ്റുകളിൽനിന്നും പുറത്തേക്കു കളയുന്ന അവശിഷ്ടങ്ങൾ സംസ്ക രിക്കാനായുള്ള സംവിധാനം ഉടനടി നടപ്പിലാക്കുക.

6. അങ്ങാടിയിലെ അഴുക്കുചാലുകളിലെ കെട്ടി ക്കിടക്കുന്ന വെള്ളം സമീപത്തുകൂടെ ഒഴുകുന്ന തോടിലേക്ക് ഒഴുക്കിവിടാനുള്ള സംവിധാനമുണ്ടാ ക്കിയാൽ സമീപപ്രദേശത്തെ തെരുവിലേക്കുള്ള വഴികളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കു വാൻ സാധിക്കുന്നതാണ്. കൂടാതെ അഴുക്കുചാ ലുകൾക്ക് സ്ലാബ് ഇടാനുള്ള സംവിധാനവും ഉട നടി നടപ്പിലാക്കേണ്ടതാണ്.

അഴുക്കുചാലുകൾ ആരോഗ്യപരമായ രീതി യിൽ നന്നാക്കിയെടുത്ത് പഞ്ചായത്തിലെ മിക്ക വാർഡുകളിലും നിലവിലുള്ള കൊതുകു ശല്യം പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കണ്. കൊതുക് നിർമ്മാർജ്ജന പരിപാ ടിയുടെ ഭാഗമായി നടപ്പിലാക്കേണ്ടിയിരുന്ന യാ തൊരു പരിപാടികളും പഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്ത് ബോർഡിന്റേയും, ജീവനക്കാരുടേയും അലംഭാവം ഇതിൽ കാണു ന്നുണ്ട്. ഇത് ഒഴിവാക്കാത്തിടത്തോളം ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതല്ല.

7. പഞ്ചായത്തിൽ ചില പ്രത്യേക സമുദായ ക്കാർക്ക് മാത്രമായുള്ള ശ്മശാനങ്ങളാണ് നിലവി

ലുള്ളത്. ജനസാന്ദ്രത വർദ്ധിക്കുന്നതിനാൽ എല്ലാവർക്കും ഉപയോഗിക്കാവുന്ന രീതിയിൽ ഒരു പൊതു ശ്മശാനം ഉടനടി സ്ഥാപിക്കേണ്ടതാണ്.

8. കുടിവെള്ള സ്രോതസ്സുകളിൽ ശുദ്ധീകരിക്കാനാവശ്യമായ നടപടികൾ ആരോഗ്യകേന്ദ്രത്തിലെ ജീവനക്കാരുടെ സഹകരണത്തോടെ നടപ്പിലാക്കി ജലജന്യരോഗങ്ങൾ തടയേണ്ടതാണ്.

9. പഴകിയ മത്സ്യങ്ങളുടെ വിൽപന നിരോധിക്കുക, രോഗം ബാധിച്ച ആട്, മാട്, കോഴി തുടങ്ങിയവരുടെ മാംസവിൽപന എന്നിവ തടയുക.

10. ശുചിത്വം, ആരോഗ്യം, പ്രതിരോധ നടപടികൾ, ജനസംഖ്യാവർദ്ധനവിന്റെ ദൂഷ്യങ്ങൾ തുടങ്ങിയവയെക്കുറിച്ച് കൂടെ കൂടെയുള്ള ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും ഈ രംഗത്ത് ഗുണം ചെയ്യുന്നതാണ്.

11. ശിശുസ്ത്രീ രോഗ വിദഗ്ദ്ധന്മാരുടെ സേവനം ആഴ്ചയിൽ ഒരിക്കലെങ്കിലും പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണം. അംഗനവാടികളിലൂടെയുള്ള ആരോഗ്യപ്രവർത്തനരംഗത്ത് പഞ്ചായത്തിലെ മൊത്തം സ്ത്രീകളുടേയും പ്രാതിനിധ്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

12. സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ ബോധവൽക്കരണം വഴി പഞ്ചായത്ത് വാഡ് തലത്തിൽ തയ്യാറാക്കിവെക്കുകയും അത്യാവശ്യ ഘട്ടങ്ങളിൽ അവയുടെ സേവനം നൽകുകയും ചെയ്യുക.

13. പള്ളിക്കൽ എൽ.പി. സ്ക്കൂളിനടുത്തുള്ള തോട്ടിൽ വാഹനങ്ങൾ കഴുകുന്നത് വഴി വരുന്ന ഓയിൽ, ഗ്രീസ്, ഡീസൽ എന്നിവ പരുത്തിക്കോട് വരെയുള്ള പ്രസ്തുത തോട്ടിലും പള്ളിക്കുളത്തിലും രാമൻചിറയിലും, കുളിക്കുന്ന പൊതുജനങ്ങളെ ബാധിക്കുന്നുണ്ട്. അതിനാൽ കാവുംപടിയിൽ തോട്ടിലെ വാഹനം കഴുകൽ നിരോധിക്കണം.

14. വൃദ്ധജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് മാത്രമായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കുക, പാരമ്പര്യ വൈദ്യമേഖലയെ പ്രോത്സാഹിപ്പിക്കുക, ഒരു വിഷചികിത്സാകേന്ദ്രം ആരംഭിക്കുക, ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കാനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തല ഔഷധ സസ്യ സൊസൈറ്റികൾ രൂപീകരിക്കുക കൂടാതെ, പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടിയായാൽ രണ്ടായിരാമാണ്ടോടെ നമ്മുടെ പഞ്ചായത്തിലെ എല്ലാവർക്കും പരിപൂർണ്ണ ആരോഗ്യം എന്ന മുദ്രാവാക്യം അന്വർത്ഥമാക്കാൻ സാധിക്കുന്നതാണ് എന്ന കാര്യത്തിൽ തർക്കമില്ല.

15. കരിപ്പൂർ വിമാനത്താവളം ചേളാരിയിലെ പാചകവാതകപ്ലാന്റ്, ജനസാന്ദ്രത കൂടിയ യൂണിവേഴ്സിറ്റി പ്രദേശം എന്നിവിടിങ്ങളിൽ തീപ്പിടുത്തം മൂലമുള്ള അപകട സാദ്ധ്യത വളരെ കൂടുതലാണ്. അതിനാൽ ഒരു ഫയർസ്റ്റേഷൻ പള്ളിക്കൽ കേന്ദ്രമായി ആരംഭിക്കുന്നത് വളരെ നല്ലതാണ്.

16. പോളിയോ ഇമ്മ്യൂണൈസേഷൻ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പരിപൂർണ്ണമായി നടപ്പിലാക്കുകയുണ്ടായിട്ടുണ്ട്, ഇതിന്ന്ശേഷം ജനിച്ച് കുട്ടികൾക്കും പോളിയോ ഇമ്മ്യൂണൈസേഷൻ നിർബന്ധമാക്കുക.

17. മൂന്നാം വാർഡിൽ ഹെൽത്ത് സബ് സെന്റർ സ്ഥാപിക്കുക. ഐ.പി.പി. സെന്ററുകളിൽ ഡോക്ടറുടെ സേവനം സ്ഥിരമായി ലഭ്യമാക്കുക.

18. പഞ്ചായത്തിൽ ഒരു ഹോമിയോ ഹോസ്പിറ്റലും ആയുർവേദ ഹോസ്പിറ്റലും അനുവദിക്കുക.

വ്യവസായം

വ്യാവസായികമായി ജില്ലയിൽ പഞ്ചായത്തിന്റെ സ്ഥാനം വളരെ പിന്നിലാണ്. നാമമാത്രമായ ചെറുകിട വ്യവസായങ്ങൾ ഉണ്ട് എന്നല്ലാതെ ഒരൊറ്റ വൻകിട വ്യവസായ സംരംഭത്തിന്ന് പോലും നാന്ദി കുറിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ എടുത്ത് പറയാവുന്ന ഒരു വ്യവസായം ചെനക്കലുള്ള SMAP എൻജിനീയറിംഗ് വർക്സ് മാത്രമാണ്. 1970ൽ സ്ഥാപിക്കപ്പെട്ട സമയത്ത് 35 ഓളം തൊഴിലാളികളുണ്ടായിരുന്ന പ്രസ്തുത കമ്പനിയിൽ ഇന്ന് വെറും 18 തൊഴിലാളികൾ മാത്രമേയുള്ളു. അസംസ്കൃത വസ്തുക്കളുടെയും ഊർജ്ജത്തിന്റെയും ക്ഷാമം ഒന്നുകൊണ്ടുമാത്രമാണ് സ്ഥാപനം ഇന്ന് ഈ നിലയിലെത്താൻ പ്രധാന കാരണ്. തന്മൂലം തൊഴിലവസരം നഷ്ടമാവുകയും ഉല്പാദനത്തിൽ ഗണ്യമായ കുറവ് അനുഭവിക്കുകയും ചെയ്യുന്നുണ്ട്.

ചെറുകിട വ്യവസായരംഗത്ത് അമ്പതോളം യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മിക്കതിന്റെയും പ്രവർത്തനം തൃപ്തികരമല്ല. 121 പുരുഷന്മാരും 57 സ്ത്രീകളുമടക്കം 178 തൊഴിലാളികളാണ് വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത്. അതേ സമയം പഞ്ചായത്തിന്റെ തൊട്ടടുത്ത പ്രദേശങ്ങളായ ചേലേമ്പ്ര,ചേളാരി, ഫറോക്ക്, ചെറുവണ്ണൂർ, മലപ്പുറം, മാവൂർ എന്നീ സ്ഥലങ്ങളിലെ വ്യവസായ സ്ഥാപനങ്ങളിൽ പഞ്ചായത്തിൽനിന്നുള്ള 79 പുരുഷന്മാരും 4 സ്ത്രീകളുമടക്കം 83 പേർ ജോലി ചെയ്യുന്നുണ്ട്.

ചെറുകിട വ്യവസായ സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന ഏക യൂനിറ്റ് പള്ളിക്കലെനെയ്ത്ത് സഹകരണ സംഘമാണ്. 80ൽപരം തൊഴിലാളികൾ ജോലിചെയ്തിരുന്ന ശാലയിൽ ഇന്ന് വെറും 8 തൊഴിലാളികൾക്കേ അവസരം ലഭിക്കുന്നുള്ളൂ. ഇത് സ്ഥാപനത്തിന്റെ തകർച്ചയിലേക്ക് വിരൽചൂണ്ടുകയാണ്.

പരമ്പരാഗതകുടിൽ വ്യവസായരംഗത്ത് നാമമാത്രമായി അവശേഷിക്കുന്ന മൺപാത്രനിർമ്മാണം, പപ്പടനിർമ്മാണം, മെഴുകുതിരിനിർമ്മാണം തുടങ്ങിയവതന്നെയും തൃപ്തികരമായ നിലയിലല്ല നടന്നുവരുന്നത്.

ഭൂമിശാസ്ത്രപരമായി പള്ളിക്കലിൽനിന്നും വേറിട്ട് നിൽക്കുന്ന കരിപ്പൂർ പ്രദേശം വ്യാവസായികപുരോഗതിയിലും വ്യത്യസ്തനിലവാരം തന്നെയാണ് പുലർത്തുന്നത്. ഒന്നോ രണ്ടോ ചെറുകിട യൂനിറ്റ് മാത്രമാണ് കരിപ്പൂർ പ്രദേശത്തിന്റെ സംഭാവനം. വ്യവസായിക വളർച്ചക്കാവശ്യമായ വലപ്പടകങ്ങളും ലഭ്യമാണെങ്കിലും സംരംഭകരുടെ കുറവ് കരിപ്പൂര് പ്രദേശത്തെ വ്യാവസായികമായ പിന്നോക്കം നിർത്തുന്നു.

പ്രശ്നങ്ങൾ

1. വൈദ്യുത കണക്ഷൻ ലഭിക്കാൻ ഏറെ പ്രയാസവും താമസവും നേരിടുന്നു.

2. വ്യവസായം എന്ന ആശയത്തെപ്പറ്റിയുള്ള പരിജ്ഞാനമില്ലായ്മ.

3. വ്യവസായങ്ങൾക്കാവശ്യമായ ധനസഹായവും സബ്സിഡിയും ലഭിക്കാനുള്ള കാലതാമസം.

നിലവിലുള്ള വ്യാവസായങ്ങളുടെയും തൊഴിലാളികളെയും സംബന്ധിക്കുന്ന വിവരങ്ങൾ.					
നമ്പർ	സ്ഥാപനത്തിന്റെ പേര്	എണ്ണം	തൊഴിലാളികൾ		
			പുരുഷൻ	സ്ത്രീ	ആകെ
1.	സ്മാപ്പ് എൻജിനീയറിംഗ്	1	18	-	18
2.	വെളിച്ചെണ്ണമില്ല്	1	10	6	16
3.	കൊപ്ര ഡ്രയറിംഗ്	1	6	4	10
4.	ഈർച്ചമില്ല	3	24	-	24
5.	സോഫ്റ്റ് വുഡ്	2	14	20	34
6.	സ്റ്റോൺ ക്രഷർ	2	8	12	20
7.	ഇഷ്ടികനിർമ്മാണം	4	28	16	44
8.	സിമന്റ് ഹോളോബ്രിക്സ്	1	8	6	14
9.	വുഡ് ഫർണിച്ചർ	4	16	-	16
10.	അച്ചടി	1	1	2	3
11.	മറ്റുള്ളവ	28	52	18	70
ചെറുകിട സഹകരണ വ്യവസായം.					
1.	നെയ്ത്ത് സഹകരണസംഘം	1	5	3	8
	പരമ്പരാഗത കുടിൽ വ്യവസായം.				
1.	മൺപാത്രനിർമ്മാണം	6	6	12	18
2.	പപ്പട നിർമ്മാണം	2	2	4	6
3.	മെഴുകുതിരി നിർമ്മാണം	1	1	2	3

4. പരമ്പരാഗത വ്യവസായ മേഖലകളിൽ വേണ്ടത്ര പ്രോത്സാഹനത്തിന്റെ കുറവ്.

5. അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള ഉല്പാദനങ്ങളുടെ ഇറക്കുമതിമൂലം പ്രാദേശിക ഉല്പന്നങ്ങൾക്കുള്ള വിപണനകുറവ്

6. അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം.

7. വ്യവസായ ലൈസൻസുകൾ ലഭിക്കാനുള്ള കാലതാമസം.

സാദ്ധ്യതകൾ.

1. വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം മിനി വ്യവസായ എസ്റ്റേറ്റ്, വ്യവസായ വികസന ഏരിയ എന്നിവ പഞ്ചായത്ത് വക ഉണ്ടാക്കുകയും, അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുകയും ചെയ്യുക.

2. വൈദഗ്ദ്യവൽകരണത്തിലൂടെ പരമ്പരാഗതവ്യവസായങ്ങൾ നവീകരിക്കുവാനും സംരംഭകർക്ക് സബ്സിഡിയടക്കമുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുക.

3. പ്രാദേശികമായി ലഭ്യമാക്കുന്ന അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വ്യവസായ വികസനത്തിന്ന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുക.

4. സഹകരണ മേഖലയിൽ പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കുക.

5. പഞ്ചായത്തിലെ ഗൾഫ് കുടിയേറ്റക്കാരെ വ്യവസായരംഗത്ത് മുഴുവൻ മുടക്കാൻ പ്രേരിപ്പിക്കുക.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവ്വ

ത്രികമാക്കുക. വ്യവസായ അനുകരണത്തെ തിരുത്സാഹപ്പെടുത്തുക.

7. പഞ്ചായത്ത് തലത്തിൽ വ്യവസായ തൽപരരെ കണ്ടെത്തുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്യുക.

8. സ്കൂൾ, കോളേജ് പാഠ്യപദ്ധതിയിൽ വ്യവസായത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ നൽകുകയും ചെയ്യുക.

9. വേണ്ടത്ര തൊഴിൽ ദാദാക്കൾ ലഭ്യമാണെങ്കിലും തൊഴിൽദായകരുടെ എണ്ണം വളരെ കുറവാണ്.

വിവിധ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ. വാർഡ് തിരിച്ച് താഴെ കൊടുക്കുന്നു.

വാർഡ് 1 :

1. ചോക്ലേറ്റ് നിർമ്മാണ യൂണിറ്റ്
2. വളം നിർമ്മാണ യൂണിറ്റ്.
3. ചെറുകിട അലൂമിനിയം ഫാക്ടറി

വാർഡ് 2:

1. കൊപ്ര ഡ്രയർ യൂണിറ്റ്
2. ഈർച്ചമില്ല്
3. സഹകരണ റെഡിമെയ്ഡ് വസ്ത്രയൂണിറ്റ്.
4. പപ്പടം നിർമ്മാണ യൂണിറ്റ്
5. ഫയൽ ബോർഡ് നിർമ്മാണ യൂണിറ്റ്
6. സഹകരണ അച്ചാർ നിർമ്മാണ യൂണിറ്റ്
7. കരകൗശല വസ്തു നിർമ്മാണം.
8. കുറുന്തല ഭാഗത്ത് ഫ്ലോർമിൽ
9. പുൽപ്പറമ്പിൽ ഹോളോബ്രിക്സ് യൂണിറ്റ്
10. സോഡ നിർമ്മാണ യൂണിറ്റ്
11. സഹകരണ കയർ ഉൽപന്ന യൂണിറ്റ്
12. ഹവായ് കട്ടിംഗ് യൂണിറ്റ്
13. സഹകരണ കല്ല് വെട്ട് വ്യവസായ യൂണിറ്റ്
14. അലൂമിനിയം ഫാബ്രിക്കേഷൻ യൂണിറ്റ്
15. പള്ളിക്കൽ കേന്ദ്രമാക്കി മിനി വ്യവസായ എസ്റ്റേറ്റ് പഞ്ചായത്ത് വക നിർമ്മിക്കണം.

വാർഡ് 3:

1. ചകിരിനാരുകൊണ്ടുള്ള പായ, കാർപെറ്റ്, കയർ എന്നിവ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുക.
2. സോപ്പ് നിർമ്മാണ കമ്പനി.
3. ഫ്ലോർ മിൽ, ഓയിൽമിൽ, മെഴുകുതിരി തുടങ്ങിയ യൂണിറ്റുകൾ ആരംഭിക്കുക.
4. ഈർച്ചമിൽ വ്യവസായം ആരംഭിക്കുക.
5. പായനെയ്ത്ത്, കസേര മെടയൽ, അച്ചാർ നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക.
6. ചെരട്ട കൊണ്ടുള്ള കരകൗശല നിർമ്മാണ യൂണിറ്റ്
7. ചക്ക, കശുമാങ്ങ സംസ്കര യൂണിറ്റ് ആരംഭിക്കുക.
8. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്, കൊപ്ര സംഭരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുക.
9. തീപ്പെട്ടി, പ്ലൈവുഡ്, ക്രെഷെർ എന്നീ യൂണിറ്റുകൾ ആരംഭിക്കുക.
10. സഹകരണ അടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, അടക്ക സംസ്കരണ യൂണിറ്റ് എന്നിവ ആരംഭിക്കുക.

വാർഡ് 4

1. കശുമാങ്ങ, ചക്ക, മാങ്ങ മറ്റു ഫല വർഗ്ഗങ്ങൾ എന്നിവയുടെ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.

2. സഹകരണാടിസ്ഥാനത്തിൽ അച്ചാർ, പപ്പടം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

3. നെടുങ്ങോട്ട് മാട് ഒരു നാളികേര സംസ്കരണ യൂണിറ്റ് ആരംഭിക്കുക.

4. ഫിൽട്ടർ ചെയ്ത സോഡ നിർമ്മാണം പുത്തൂർ പള്ളിക്കലിൽ ആരംഭിക്കുക.

5. പുത്തൂർപള്ളിക്കലിൽ ഇഷ്ടിക കമ്പനി അനുവദിക്കുക.

വാർഡ് 5

1. സഹകരണാടിസ്ഥാനത്തിൽ ബുക്ക് ബൈന്റിംഗ്, നോട്ട് ബുക്ക് നിർമ്മാണം, അച്ചാർ നിർമ്മാണം, കസേര മെടയൽ എന്നീ യൂണിറ്റുകൾ ആരംഭിക്കുക.

2. യന്ത്രവൽകൃത വുഡ് ഇൻഡസ്ട്രി ആരംഭിക്കുക

3. സഹകരണ കൈത്തറി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക

4. വെളിച്ചെണ്ണ മിൽ, ഫ്ലോർ മിൽ, ഈർച്ച മിൽ, സോപ്പ് നിർമ്മാണം എന്നീ യൂണിറ്റുകൾ ആരംഭിക്കുക.

5. മിനറൽ വാട്ടർ നിർമ്മാണ യൂണിറ്റിന് സഹായം നൽകുക.

വാർഡ് 6

1. സഹകരണ കൊപ്ര സംസ്കരണ യൂണിറ്റ്, സഹകരണ വനിത റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് എന്നിവക്ക് അനുമതിയും സഹായവും നൽകുക.

2. വനിതാ സഹകരണ ടൈലറിംഗ് പരിശീലന കേന്ദ്രത്തിന് സാമ്പത്തിക സഹായം നൽകുക.

3. കോഴിശ്ശേരി മാട്ടിൽ ഹവായ് ചെരുപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

4. ചക്കകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന് അനുമതി നൽകുക.

5. സഹകരണ വനിതാ കയർ വ്യവസായ യൂണിറ്റിനും, സ്രാമ്പ്യബസാറിൽ വുഡ് ഫർണിച്ചർ യൂണിറ്റിനും സാമ്പത്തിക സഹായം നൽകുക.

വാർഡ് 7

1. കൂനൂൾമാട്ടിൽ ഒരു ചെകിരി കമ്പനി അനുവദിക്കുക.

2. സോപ്പ് നിർമ്മാണ യൂണിറ്റ്, ഫ്ലോർ മില്ല്, വനിതാ ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവക്ക് സാമ്പത്തിക സഹായം നൽകുക.

3. വാർഡിലൊരു ക്രെഷർ യൂണിറ്റിന് അനുമതിയും സഹായവും നൽകുക.

4. യന്ത്രവൽകൃത ഫർണിച്ചർ യൂണിറ്റിന് സാമ്പത്തിക സഹായം നൽകുക.

വാർഡ് 8

1. കരിപ്പൂർ കേന്ദ്രമാക്കി കോക്കനട്ട് കോം പ്ലക്സിന് അംഗീകാരവും സാമ്പത്തിക സഹായവും പഞ്ചായത്തിൽനിന്നും ലഭ്യമാക്കുക.

2. സിമെന്റ് ഹോളോബ്രിക്സ് നിർമ്മാണത്തിന് സഹായം ലഭ്യമാക്കുക.

3. കരിപ്പൂരിൽ ഈർച്ചമില്ല് അനുവദിക്കുക.

4. സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ്, മെഴുകുതിരി, സോപ്പ്, പോളിത്തീൻ കവർ, എന്നിവയുടെ നിർമ്മാണത്തിന് അംഗീകാരവും സാമ്പത്തിക സഹായവും പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുക.

5. അടക്ക സംസ്കരണ യൂണിറ്റിന് അനുമതി നൽകുക.

വാർഡ് 9

1. കുമ്മിണിപറമ്പിൽ ഈർച്ചമില്ലിന് അംഗീകാരവും സാമ്പത്തിക സഹായവും പഞ്ചായത്തൽനിന്നും ലഭ്യമാക്കുക.

2. ഇ.എം.ഇ.എ. പരിസരത്ത് പ്ലാസ്റ്റിക് മോൾഡിംഗ് യൂണിറ്റ് അനുവദിക്കുക.

3. കുമ്മിണിപറമ്പിൽ യന്ത്രവൽകൃത ചെറുകിട ഫർണിച്ചർ യൂണിറ്റിന് പഞ്ചായത്തിൽനിന്നും സാമ്പത്തിക സഹായം ചെയ്യുക.

4. കശുവണ്ടി സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക.

5. സഹകരണാടിസ്ഥാനത്തിൽ തീപ്പെട്ടി, കറിപൗഡർ, ബുക്ക് ബൈന്റിംഗ്, അച്ചാർ, മെഴുകുതിരി, സോപ്പ് എന്നിവയുടെ നിർമ്മാണത്തിന് അനുമതിയും സാമ്പത്തിക സഹായവും അനുവദിക്കുക.

വാർഡ് 10

1. കരകൗശലവസ്തുനിർമ്മാണ യൂണിറ്റ് കൂട്ടാലിൽ ആരംഭിക്കുവാൻ അനുമതി നൽകുക.

2. സോഫ്റ്റ് ഡ്രിങ്ക് നിർമ്മാണ യൂണിറ്റ്

3. സഹകരണ ബുക്ക്ബൈന്റിംഗ്, ബെഡ് നിർമ്മാണ യൂണിറ്റ്

4. ക്രഷർ യൂണിറ്റ്

5. സോപ്പ് നിർമ്മാണ യൂണിറ്റ്

വാർഡ് 11

1. നോട്ട്ബുക്ക് നിർമ്മാണ യൂണിറ്റ്

2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

3. കശുവണ്ടി സംസ്കരണയൂണിറ്റ്

4. പുളിയംപറമ്പിൽ തയ്യൽ പരിശീലനകേന്ദ്രം

വാർഡ് 12

1. കോതേരി കുണ്ടിൽ കൊപ്ര ആട്ടുമിൽ ആരംഭിക്കുക.

2. സഹകരണാടിസ്ഥാനത്തിൽ യന്ത്ര വൽകൃത കല്ല്വെട്ട് വ്യവസായം ആരംഭിക്കുക.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ സാദ്ധ്യത കൾ വിലയിരുത്തി ചർച്ചകളിലൂടെ മുൻഗണനാ ക്രമം നിശ്ചയിച്ച് ഏറെക്കുറെ നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ വരും നാളുകളിൽ ചെറുകിട വൻകിട വ്യവസായ രംഗങ്ങളിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചെടുക്കാൻ സാധിക്കുമെ ന്നതിൽ സംശയമില്ല.

പ്രാദേശിക കാർഷികോല്പന്നങ്ങളെ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കു മ്പോൾ അത് പഞ്ചായത്തിലെ അതിരൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമുണ്ടാവുമെന്നും പഞ്ചായത്തിന്റെ മൊത്ത ത്തിലുള്ള സാമ്പത്തിക സ്ഥിതിയും ജനങ്ങളുടെ ജീവിത നിലവാരവും ഉയരുമെന്ന് നമുക്ക് പ്രതീ ക്ഷിക്കാം.



ഗതാഗതം ഊർജ്ജം

പുരാണിക കാലം മുതലേ മാനവ പുരോഗതിയിൽ ഗതാഗതത്തിന്റെ സ്വാധീനം ചില്ലറയല്ല. പാശ്ചാത്യ-പൗരസ്ത്യ സംസ്ക്കാര സമന്വയത്തിന്നും ഗതാഗതം മുഖ്യ പങ്കു വഹിച്ചിട്ടുണ്ട്. ചരിത്രാതീയ കാലം മുതലേ മനുഷ്യർ തങ്ങളുടെ സുഗമമായ പാലായനത്തിന് സ്ഥിരമായ വഴികൾ സ്ഥാപിച്ചിരുന്നു. ആധുനിക യുഗത്തിൽ ഗതാഗതം, വിദ്യാഭ്യാസം, വ്യവസായ-സാംസ്ക്കാരിക രംഗങ്ങളിൽ പല സംഭാവനകളും നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് പ്രദേശം ഇന്നും വളരെ പിന്നിലാണ്. ഇതിൽ കരിപ്പൂർ പ്രദേശം പള്ളിക്കൽ പ്രദേശത്തേക്കാളും വളരെ പിന്നോക്കം നിൽക്കുന്നു. പഞ്ചായത്ത് രൂപീകരിച്ച് നാളേറെയായിട്ടും കരിപ്പൂർ പ്രദേശത്ത് പഞ്ചായത്ത് വക പക്കാറോഡുകൾ ഏതാനും മീറ്ററുകളിലൊതുങ്ങുന്നു.

ഗതാഗത മേഖലിയിൽ എടുത്തു പറയാവുന്ന ഒന്നാണ് കരിപ്പൂർ വിമാനത്താവളം. അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്ന കരിപ്പൂർ വിമാനത്താവളം ഈ പഞ്ചായത്തിലായതിൽ അഭിമാനിക്കാമെന്നല്ലാതെ പഞ്ചായത്തിനർഹമായ വരുമാനം ഇന്നെവരെ ലഭിച്ചിട്ടില്ല. വ്യവസായ പുരോഗതിക്കാവശ്യമായ മറ്റു ഘടകങ്ങളെല്ലാം ലഭ്യമായാൽതന്നെയും ഗതാഗതം ഒന്നിന്റെ കുറവു കൊണ്ട് മാത്രം വേണ്ടത്ര സംരംഭങ്ങൾ തുടങ്ങാൻ

പക്കാറോഡിനെ സംബന്ധിച്ച വിവരങ്ങൾ

നമ്പ്	റോഡിന്റെ പേര്	നീളം	വീതി	ഉടമസ്ഥാവകാശം
1	കാക്കഞ്ചേരി-കൊട്ടപ്പുറം	5 KMS	8 M.	PWD
2.	പള്ളിക്കൽ-പുത്തൂർപള്ളിക്കൽ	4 KM		പഞ്ചായത്ത്
3.	പുത്തൂർ പള്ളിക്കൽ ദേവതിയാൽ	1-400 KM	6 M	PWD
4.	പള്ളിക്കൽ - തച്ചണ്ണ റോഡ്	2 K M	6 M	പഞ്ചായത്ത്
5.	കള്ളിത്തടം - യത്തീംഖാന	2 KM	6 M	പഞ്ചായത്ത്
6.	പുത്തൂർ പള്ളിക്കൽ -പരുത്തിക്കോട്	3 K M	8 M	പഞ്ചായത്ത്
7.	കാവുംപട് -കാരപ്പറമ്പ്- ഓടടുപാറ	1.800. KM	5 M	പഞ്ചായത്ത്
8.	പള്ളിക്കൽബസാർ - കൂനോൾമാട്	3.00 KM	6 M	പഞ്ചായത്ത്
9.	കോഴിപ്പുറം -മണക്കാട്ടരു	0.570 K M	8 M	പഞ്ചായത്ത്
10.	പുളിയം പറമ്പ് - കോട്ടാശ്ശേരി	1 K M	6 M	പഞ്ചായത്ത്
11.	അമ്പലപ്പടി - പുള്ളിശ്ശേരിപ്പടി	1-4 K M	4 M	പഞ്ചായത്ത്
12.	കോഴിപ്പുറം - അയ്യപ്പൻക്കാവ്	1.5 K M	5 M	പഞ്ചായത്ത്
13.	തങ്ങൾപടി -ബെങ്കുളം	0.320. Km	5 M	പഞ്ചായത്ത്
14.	നെടുങ്ങോട്ടുമാട്-യൂനിവേഴ്സിറ്റി	0.625	7 M	പഞ്ചായത്ത്
15.	തറയിട്ടാൽ - കുമ്മിണിപ്പറമ്പ്	2 K M	8 M	പഞ്ചായത്ത്
16.	തച്ചണ്ണ - എയർപോർട്ട് റോഡ്	2.5 K M	6 M	പഞ്ചായത്ത്
17.	കൂട്ടാലുങ്ങൽ - കരുവാങ്കല്ല്	3.300 KM	12 M	PWD
18.	ചെട്ട്യാർമാട് - യൂനിവേഴ്സിറ്റി	2.5 K M	18 M	N H

അവലംബം: പഞ്ചായത്ത് റോഡ് റജിസ്റ്റർ, പ്രാഥമിക വിവരശേഖരണം

കഴിയാത്ത അവസ്ഥ പഞ്ചായത്തിൽ പരക്കെ ദൃശ്യമാണ്. നാടിന്റെ പുരോഗതി റോഡും, പാല വുമല്ല എന്നു സ്ഥാപിക്കാൻ ശ്രമം നടന്നാൽത ന്നെയും ജനങ്ങളുടെ ദൃഷ്ടിയിൽ റോഡിനും പാല ത്തിനും തന്നെയാണ് മുഖ്യസ്ഥാനം. കാർഷിക മേഖല യന്ത്രവൽക്കരിച്ച് കന്നുകാലികൾക്ക് പകരം ട്രാക്ടർ ഉപയോഗിക്കാൻ തുടങ്ങിയിട്ട് നാളേറെ യായിട്ടും പഞ്ചായത്തിന്റെ പല പ്രദേശത്തും, റോഡുകളുടെ അഭാവനിമിത്തം ട്രാക്ടറിനു പകരം കാലികളെ ഉപയോഗിക്കുന്ന രംഗം കാണാം.

നേഷനൽ ഹൈവെയിൽനിന്ന് കാക്കഞ്ചേരി - കൊട്ടപ്പുറം PWD റോഡിൽ പള്ളിക്കലിൽനിന്ന് തിരിഞ്ഞ് കരിപ്പൂർവഴി എയർപോർട്ടിലേക്ക് നില വിലുള്ള റോഡ് PWD ഏറ്റെടുത്ത് വീതികൂട്ടി യാൽ നേഷനൽ ഹൈവെയിൽനിന്ന് എയർപോർട്ടി ലേക്ക് ഏഴു.കി.മീ ദൂരമെ വരൂ. നേഷനൽ ഹൈവെ യിൽനിന്ന് എയർപോർട്ടിലേക്ക് 7കി.മീ ദൂരമെയു ള്ളൂ. ഇത്ര ദൂരം കുറഞ്ഞ മറ്റൊരു റോഡും ഇല്ല: മാത്രവുമല്ല വിമാനത്താവള റൺവെ കൂട്ടുന്നതോ ടുകൂടി കുണ്ടോട്ടി-തിരൂരങ്ങാടി റോഡ് അടയുമെ ന്നതിനാൽ ഈ റോഡിന്റെ പ്രാധാന്യം ഏറിവരു ന്നു.

പ്രശ്നങ്ങൾ:

1. പള്ളിക്കൽ-കരിപ്പൂർ പ്രദേശങ്ങൾ ചേർന്ന പള്ളിക്കൽ പഞ്ചായത്തിൽ ഗതാഗതയോഗ്യമായ റോഡുകൾ വേണ്ടത്രയില്ല. ഇത് ഒരവോളം പ്രദേ ശത്തിന്റെ വികസനത്തെ ബാധിക്കുന്നു.

2. അഴുക്കുചാലിന്റെ കുറവും യഥാസമയം അറ്റകുറ്റപണികൾ നടക്കാത്തത്കൊണ്ടും പല റോഡുകളും നശിച്ചുകൊണ്ടിരിക്കുന്നു.

3. കയറ്റിറക്കവും, വളവും വേണ്ടത്ര വീതി ഇല്ലായ്മയും ഗതാഗതം ദുഷ്കരമാക്കുന്നു.

4. കൂടുതൽ കയറ്റിറക്കം നടക്കുന്ന ഭാഗങ്ങ ളിൽ ബസ് വെയിറ്റിംഗ് ഷെഡ്ഡ് ഇല്ല.

5. കരിപ്പൂർ വിമാനത്താള വികസനം പൂർത്തി യാകുമ്പോൾ സ്വാഭാവികമായും കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ് അടയ്ക്കപ്പെടും. തന്മൂലം 9,10,11,12 വാർഡ് നിവാസികൾക്ക് യാത്ര ദുരിതം പൂർണ്ണമാകും.

6. വ്യത്യസ്ഥ മേഖലകളിൽ കിടക്കുന്ന പള്ളി ക്കൽ, കരിപ്പൂർ പ്രദേശത്തുകാർക്ക് പരസ്പരം ബന്ധപ്പെടാൻ സൗകര്യപ്രദമായ ഒരു റോഡില്ല. കരിപ്പൂർ നിവാസികൾക്ക് പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കൃഷിഭവൻ തുടങ്ങിയവയു മായി ബന്ധപ്പെടണമെങ്കിൽ 15 കിലോമീറ്ററെങ്കി ലും ചുറ്റണം.

7. വാഹനബാഹുല്ല്യം മൂലം പള്ളിക്കൽബ സാറിലെ ഇടുങ്ങിയ റോഡിലെ ഗതാഗതക്കരുക്ക് പൊതുജനങ്ങൾക്ക് യാത്രാപ്രശ്നം സൃഷ്ടിക്കുന്നു.

8. കൊണ്ടോട്ടി-തിരൂരങ്ങാടി റോഡിലെ കണ ച്ചറോഡ്, പുളിയംപറമ്പ് എന്നിവിടങ്ങളിലെ കയ റ്റത്തോട് കൂടിയുള്ള വളവ് ഇടക്കിടെ വാഹനാ പകടത്തിന് കാരണമാകുന്നു.

9. വേണ്ടത്ര ബസ്സ് ഇല്ലാത്തത് യാത്ര ക്ലേശ കരമാക്കുന്നു.

10. K.B.R. ലംഘിച്ചു റോഡരികിൽ കെട്ടിടം നിർമ്മിക്കുന്നത് റോഡ്വികസനത്തിന് തടസം സൃഷ്ടിക്കുന്നു.

11. ബസ്സർവ്വീസ് സൗകര്യം ഇല്ലാത്തതി നാൽ 9,10 വാർഡുകാരും E M. EA കോളേജ് വിദ്യാർത്ഥികളും യാത്രാപ്രശ്നം നേരിടുന്നു.

നിർദ്ദേശങ്ങൾ:

PWD ഏറ്റെടുത്ത് വീതികൂട്ടി നിർമ്മാണം നടത്തേണ്ട നിലവിലുള്ള റോഡുകൾ.

1. പള്ളിക്കൽ-തച്ചണ്ണ, കരിപ്പൂർ വഴി എയർപോർട്ട് റോഡ്

2. പള്ളിക്കൽ- കൂനോൾമാട് റോഡ്

3. പള്ളിക്കൽ- പുത്തൂർ പള്ളിക്കൽ(ഹൈ സ്ക്കൂൾ വഴി) റോഡ്.

4. കരിപ്പൂർ-കോട്ടപ്പുറം റോഡ്

5. യൂണിവേഴ്സിറ്റി-ലക്ഷംവീട് കോളനിറോ ഡ്

6. പെരിയമ്പലം-പള്ളിക്കൽ

7. തറയിട്ടാൽ-കുമ്മിണിപറമ്പ്.

8. ആടന്നൂർ-സ്രാമ്പ്യബസാർ

9. കാടപ്പടി-വലക്കണ്ടി

10. ഹൈസ്കൂൾ-അങ്കപറമ്പ്

11. യൂനിവേഴ്സിറ്റി - കുറിയോടം

12. ചെട്ട്യാർമാട് - അമ്പലവളവ് റോഡ്

13. കുറുംന്തല - കോഴിപ്പുറം

14. കാക്കഞ്ചേരി - ഐക്കരപ്പടി

15. കാവുംപടി - കുറിയോടം റോഡ്

16. പരുത്തിക്കോട് - പുത്തൂർ റോഡ്

17. കൃഷിഭവൻ - ദേവതിയാൽ റോഡ്

18. കോഴിപ്പുറം - ചെട്ട്യാർമാട്

പുതുതായി നിർമ്മിക്കേണ്ട PWD റോഡുകൾ

1. കൊണ്ടോട്ടി, തിരൂരങ്ങാടി റോഡിലെ ചെറളപ്പാലത്തിൽനിന്ന് MLA റോഡിലെ തവള മൂച്ചിങ്ങലേക്ക് ലിങ്ക് റോഡ് നിർമ്മിക്കുക.

2. കരുവാങ്കല്ല് - പണിക്കോട്ടുംപടി റോഡിലെ കാടപ്പടിയിൽനിന്ന് അരീത്തോട് കുടുമാട്ടരു വഴി കുമ്മിണി പറമ്പ്- തറയിട്ടാൽ റോഡിലെ ലക്ഷം വീട് (മുന്നയ്ക്കാട്) പ്രദേശവുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

3. കരിപ്പൂർ വിമാനത്താവളം EMEA കോളേജ് എന്നിവയുമായി ബന്ധപ്പെടാൻ സൗകര്യപ്രദമായ അമ്പലപുറായ കുമ്മിണിപറമ്പ് റോഡ് ബന്ധിപ്പിച്ച് PWD ഏറ്റെടുക്കുക.

വിവിധ ഗ്രാമസഭകളിൽനിന്നും നിർദ്ദേശിച്ച റോഡുകളും മറ്റു നിർദ്ദേശങ്ങളും

Ward I

1. കാരാളിപറമ്പ് മുതൽ ചങ്ങര മുക്കയിൽ പറമ്പ് വരെ ഗതാഗതയോഗ്യമായ റോഡ് നിർമ്മിക്കുക.

2. മേലേ വിട്ടിൽ പുറായ് റോഡ് പയ്യാട്ട്പടി റോഡുമായി ബന്ധിപ്പിക്കുക.

3. ട്രാൻസ്ഫോർമർ ജംഗ്ഷൻ മുതൽ ചോലാപടിറോഡ് കാരപറമ്പ് റോഡുമായി ബന്ധിപ്പിക്കുക.

4. തങ്ങൾപടി-ഓട്ടുപാറ റോഡ് ബാക്കി ടാർ ചെയ്യുക

5. കോഴിപ്പുറം ചെട്ട്യാർമാട് റോഡ് ബാക്കി ടാർ ചെയ്യുക.

6. മണക്കാട്ടരു - കാരപറമ്പ് റോഡ് നിർമ്മാണം.

7. വെങ്കുളം - കാരപറമ്പ് ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.

8. ചെട്ട്യാർമാട് - പുന്നത്തോട് റോഡ് ടാർ ചെയ്യുക.

9. തുവ്വക്കുളം - പുൽപറമ്പ് റോഡ് ടാർ ചെയ്യുക.

10. ചെട്ട്യാർമാട് അധികാരത്തിൻപടി റോഡ് നിർമ്മിക്കുക.

11. ചെറക്കൽതരു കാരപറമ്പ് റോഡ്നിർമ്മാണ്.

12. തിരുതവളപ്പ് - ചേലപ്പുറത്ത് പുറായി റോഡ് ഗതാഗതയോഗ്യമാക്കുക.

13. കളത്തുംകണ്ടി-കുറുന്തലറോഡ് നിർമ്മാണം

14. ചെട്ട്യാർമാടിൽ ഇടവഴി ഫുട്പാത്ത് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

Ward II.

1. കാട്ടുകുളം മുതൽ കാരപ്പറമ്പ് അംഗൻവാടിവരെയും, കാട്ടുകുളം പള്ളിക്കൽ ബസാർ വരെയുള്ള വയലിലൂടെ റോഡ് നിർമ്മിക്കുക. വെണ്ണായൂർ ആലിൻചുവട് മുതൽ കാരപ്പറമ്പ് റോഡ് വരെയുള്ള പ്രദേശങ്ങൾ ഗതാഗതയോഗ്യമാക്കുക.

2. കുറുംന്തല മുതൽ പള്ളിക്കൽ ബസാർ വരെ റോഡ് നിർമ്മിക്കുക.

3. ജവാൻസ് റോഡ് പള്ളിക്കൽ ബസാർ റോഡുമായി ബന്ധിപ്പിക്കുക.

4. ഓട്ടുപാറ, ചാലാക്കൽ റോഡുമായി ബന്ധിപ്പിക്കുക.

5. പാലംകുളങ്ങര എടക്കച്ചേരി റോഡ് പെരങ്കോളിൽ വഴി സഹകര ബാങ്ക് ഭാഗത്തേക്ക് ബന്ധിപ്പിക്കുക.

6. കിഴക്കെ തിരുവിന്റെ മദ്ധ്യത്തിലൂടെയുള്ള പൊതുവഴി തെക്കേതെരു വരെ റോഡാക്കുക.

7. പള്ളിക്കൽ ബസാറിൽ ബസ്വെയിറ്റ്ംഗ് ഷെഡ് ബസ്-ടാക്സിസ്റ്റാന്റും സ്ഥാപിക്കുക.

8. പള്ളിക്കൽ ബസാറിൽ ബൈപാസ് റോഡ് നിർമ്മിക്കുക.

Ward III.

1. യൂനിവേഴ്സിറ്റി ലക്ഷം വീട് കോളനിറോഡിൽ ടാർ ചെയ്യാൻ ബാക്കിയുള്ള ഭാഗം ടാർ ചെയ്യുക.

2. ചെട്ട്യാർമാട് - അമ്പലവളവ് റോഡ് പണി പൂർത്തിയാക്കി ടാർ ചെയ്യുക.

3. മടത്തിൽ - തോന്നിയിൽ റോഡുകൾ ബന്ധിപ്പിച്ച് ടാർ ചെയ്യുക.

4. H.S. പുന്നൊടി - ദേവതിയാൽ റോഡുകൾ ബന്ധിപ്പിച്ച് ടാർ ചെയ്യുക.

5. സ്റ്റേപ്പ് എഞ്ചിനീയറംഗ് കമ്പനി ദേവതിയാൽ റോഡ് ടാർ ചെയ്യുക.

6. പീടികക്കണ്ടി -ദേവതിയാൻ റോഡ് ബന്ധിപ്പിച്ചു ടാർ ചെയ്യുക.

7. ചെനക്കൽ-ചെട്ട്യാർമാട് റോഡ് ബന്ധിപ്പിച്ചു ടാർ ചെയ്യുക.

8. പറമ്പാൻതൊടി - നെടുങ്ങോട്ടുമാട് SMAP എഞ്ചിനീയറംഗ് റോഡുമായി ബന്ധിപ്പിക്കുക.

9. ചോലക്കരമാട് റോഡ്-സ്റ്റാപ്പ് എൻജിനീയറിംഗ് റോഡുമായി ബന്ധിപ്പിക്കുക.

10. കുറുന്തലറോഡ് കോഴിപ്പുറം റോഡിനോട് ബന്ധിപ്പിച്ചു പണി പൂർത്തിയാക്കുക.

11. പറമ്പാൻതൊടി-പൂക്കാട്ട്പറമ്പ് ഭാഗത്തേക്ക് റോഡുണ്ടാക്കുക.

12. നമ്പ്യാരുകണ്ടി - പൈനാട്ടുഭാഗം റോഡാക്കുക.

13. പീടികക്കണ്ടി - ചേളിക്കോട്ടുമാട് റോഡു നിർമ്മിക്കുക.

14. വിളക്കാട്ട് ഇടവഴി റോഡാക്കുക.

15. മൊട്ടനാലുങ്ങൽ-കുടുക്കിൽ ഇടവഴി റോഡാക്കുക.

16. പോലീസ്സ്റ്റേഷൻ റോഡ്-ചിനക്കൽ ചെട്ട്യാർമാട് റോഡുമായി ബന്ധിപ്പിക്കുക.

17. കുറുന്തല-പണിങ്ങോട്ടിൽ ഇടവഴി റോഡാക്കുക.

18. യൂനിവേഴ്സിറ്റി ലക്ഷം വീട് റോഡിന്റെ നെടുങ്ങോട്ടുഭാഗത്തെ നീർക്കെട്ട് ഒഴിവാക്കി റോഡു നിർമ്മിക്കുക.

19. കൃഷിഭവൻ-ചോലമാട് റോഡ് ഗതാഗതയോഗ്യമാക്കുക.

20. നെടുങ്ങോട്ടുമാട് വയലിൽ ഫൂട്ട്പാത്ത് നിർമ്മിക്കുക.

21. എല്ലാ പഞ്ചായത്ത് റോഡുകളും പുറമ്പോക്കാക്കുക.

22. ചിറക്കൽമാട്-ഹൈസ്കൂൾറോഡ് ബന്ധിപ്പിച്ചു ടാർ ചെയ്യുക.

Ward IV.

1. H.S. പരുത്തിക്കോട് റോഡ് പണി പൂർത്തിയാക്കുക.,

2. കോഴിശ്ശീരിമാട്-പീടികക്കണ്ടി ഭാഗത്തേക്ക് റോഡുണ്ടാക്കുക.

3. കോണീരി - ചെറുചോലക്കര റോഡ് വീതികൂട്ടി ടാർ ചെയ്യുക.

4. കോഴിശ്ശീരിമാട് പട്ടികജാതി കോളനി തടിയംകുളത്ത്മാട് ഇടവഴി റോഡാക്കുക.

5. കോഴിശ്ശീരിമാട്-ചേമ്പട്ടി ഇടവഴി റോഡാക്കുക.

6. പുത്തൂർ-പുത്തൂർതോട് (വടക്കഞ്ചേരി ഇടവഴി) നന്നാക്കുക.

7. പുത്തൂർ പള്ളിക്കൽ - ചാത്രത്തൊടി റോഡ് നിർമ്മിച്ചു ടാർ ചെയ്യുക.

8. അംബേദ്കർ റോഡും-പുത്തൂർ റോഡും തമ്മിൽ ബന്ധിപ്പിക്കുക.

9. അംബേദ്കർ റോഡിൽനിന്ന് കുളത്തിൽ തെരുവു വയലിലേക്കുള്ള റോഡിൽ തോടിന് പാലം കെട്ടി ഗതാഗതയോഗ്യമാക്കുക.

10. നിരോൽപാലം - തെക്കെപുളിശ്ശീരി യു.സി. പടി റോഡ് നിർമ്മിക്കുക.

11. ആക്കപ്പറമ്പ്- അമ്പലപ്പടിറോഡ് (വള്ളിക്കോട്ടുചാലിവഴി) പൂർത്തിയാക്കുക.

12. പുത്തൂർമുതൽ ഏലോത്ത് അമ്പലം വഴി പാത്തിക്കൽ പാലം വരെ റോഡ് നിർമ്മിക്കുക.

13. മമ്പുറആയിൽ ഇടവഴിപാടംവരെ റോഡാക്കുക.

14. ചെറക്കൽമാട-അമ്പലപ്പടി റോഡ് നിർമ്മിക്കുക.

15. M.L.A. റോഡിൽനിന്നും പുഞ്ചിരി ഇടവഴിയിൽ കൂനോൾമാട് PH ക്ക് റോഡ് നിർമ്മിക്കുക.

16. അങ്കപ്പറമ്പ്-കോമ്പ്യാർതൊടി റോഡ് പാടത്തേക്ക് നീട്ടുക.

17. അങ്കപ്പറമ്പ്-കൊല്ലടിചോല റോഡിന്റെ

ബാക്കിനിർമ്മാണം അംബേദ്കർ കോളനിറോഡിലേക്ക് ബന്ധിപ്പിക്കുക.

Ward V

1. പള്ളിക്കൽബസാർ - പരുത്തിക്കോട് - പുത്തൂർപള്ളിക്കൽ റോഡ് PWD ഏറ്റെടുക്കാൻ വേണ്ടത് ചെയ്യുക.

2. ആടന്നൂർ-സ്രാമ്പ്യബസാർ റോഡ് PWD ഏറ്റെടുക്കാൻ വേണ്ടത് ചെയ്യുക.

3. എടത്തിലെപടി-പള്ളിക്കൽബസാർ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സ്ഥലനിവാസികൾ വിട്ടുതന്നത്കൊണ്ട് പ്രസ്തുത റോഡിന്റെ പണി ആരംഭിക്കുക.

4. കാര്യതറ്റ്-എടത്തിലെപടി റോഡ് ടാർ ചെയ്യുക.

5. പരുത്തിക്കോട്-പുതിത്തരു റോഡ് പിള നാട്ടു സ്രാമ്പ്യ ബസാറുമായി ബന്ധിപ്പിക്കുക.

6. പുളിനിൽക്കുന്നരു-കാഷുപറമ്പ് ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.

7. ചാലൊടി-ചാനത്തമാട് റോഡ് എറളാട്ടരു റോഡുമായി ബന്ധിപ്പിക്കുക.

8. കുറുന്തലപ്പാറ പാവിലക്കണ്ടിറോഡ് റൊട്ടിപ്പീടിക റോഡുമായി ബന്ധിപ്പിക്കുക.

9. വളപ്പിൽപുറായ്-ആടനൂർറോഡ് റിപ്പയർചെയ്ത് ഗതാഗതയോഗ്യമാക്കുക.

10. കുറുപ്പൻതൊടി ഹൈസ്കൂൾറോഡ് റിപ്പയർ ചെയ്ത് നന്നാക്കുക.

11. ചെട്ടിയാംപള്ളിയാളിമാട്-രാമൻചിറ റോഡ് നിർമ്മിക്കുക.

12. ആലശ്ശീരിപുറായ് - ചേടക്കുത്ത് റോഡ് നിർമ്മിക്കുക.

13. മുണ്ടുങ്ങൽകണ്ടിതിരുത്തംകുലത്ത് റോഡ് നിർമ്മിക്കുക.

14. ആലശ്ശീരിപുറായ്-അത്താണിക്കൽ റോഡി നിർമ്മിക്കുക.

15. കിഴക്കേൽപടി- വയക്കാത്തെരു റോഡ് നിർമ്മിക്കുക.

Ward VI

1. കുറുന്തലപാറ-പാവിലക്കണ്ടിറോഡ് നിർമ്മാണം പൂർത്തിയാക്കുക.

2. പുള്ളാട്ട്-സ്രാമ്പ്യബസാർ-പരുത്തിക്കോട്ടു പുതിയത്ത് റോഡുമായി ബന്ധിപ്പിക്കുക.

3. ചാനത്ത്മാട്-എറളാറോഡുമായി ബന്ധിപ്പിക്കുക.

4. മുടക്കയിൽ-കൊയ്യന്തടി റോഡ് നിർമ്മിക്കുക.

5. നിലവിലുള്ള സ്രാമ്പ്യബസാർ- ഈത്തച്ചിറ റോഡ്,കോഴിശ്ശേരി മാട്-പറങ്കി മാത്തോട്ടം റോഡ്, കൂനോൾമാട് പള്ളിക്കൽബസാർ റോഡ് എന്നിവയിൽ അഴുക്കുചാൽ നിർമ്മിക്കുകയും ടാർ ചെയ്യുകയും ചെയ്യുക.

6. എടക്കാട്ട്-ചാലക്കൽ, കോഴിശ്ശേരിമാട്-കുമ്മനാട് വഴി ഈത്തച്ചിറ റോഡ്, കോഴിശ്ശേരിമാട്-കാവുംകണ്ടം, കോഴിശ്ശേരിമാട്-കുത്തേക്കാട് വഴി ഓട്ടുകാഞ്ഞിരം എന്നീ റോഡുകൾ നിർമ്മിക്കുക.

7. കുമ്മനാട്-ചെട്ടിയാം പള്ളിയാളി റോഡ് ബന്ധിപ്പിക്കുക.

8. വളപ്പിൽ പുറായ - ആടനൂർ പുറായ റോഡ് ടാർ ചെയ്യുക.

9. ആടനൂർ- ചാലൊടി, സ്രാമ്പ്യബസാർ - കോമ്പിൽമാട്, നീർച്ചാൽ- കുന്നേക്കാട്ട്, പറങ്കിമാവിൻതോട്ടം-ഈത്തച്ചിറ, കുമ്മനാട്ടുവളപ്പ്-കരുവാത്ത് എന്നീ റോഡുകൾ നിർമ്മിക്കുക.

10. തോട്ടശ്ശീരി-കാരച്ചിറ റോഡ് നിർമ്മിക്കുക.

11. ആൽപറമ്പ്-തച്ചണ്ണ റോഡിലെ കയറ്റം വെട്ടിച്ചുരുക്കി വീതികൂട്ടുക.

12. കൊടിക്കൽ-കണ്ണപറമ്പ്, തേക്കിൻകാട് എന്നീ ഇടവഴികൾ ഫുട്പാത്താക്കുക.

13. നീർച്ചാൽ-ചാലിൽ ബന്ധിപ്പിച്ചു ഫൂട്പാത്ത് നിർമ്മിക്കുക.

14. കരുവാത്ത്പടി-ചായയിൽ എന്നിവിടങ്ങളിൽ നടപ്പാലം നിർമ്മിക്കുക.

Ward VII

1. കൂനോൾമാട്-പത്തായകല്ല് റോഡ്, സ്രാമ്പ്യ ബസാറിൽനിന്ന് മാട്ടിൽ വഴി പരുത്തിക്കോട്വരെ, സ്രാമ്പ്യബസാറിൽനിന്ന് എർലാട്ട് വഴി പരുത്തിക്കോട് കൂനോൾമാട് L.P. സ്കൂൾ മുതൽ പാലശ്ശേരിമാട് വരെയും കൂനോൾമാട് മുതൽ കോമ്പിൽ വരെയും കൂനോൾമാട് മുതൽ എടപ്പാലശ്ശേരി വരെ

യും L.P.സ്കൂൾ മുതൽ പുത്തൂർ H.S. വരെയും, കൂനോൾമാട് മുതൽ ആലിൻചുവട്വരെയും, സ്രാമ്പ്യബസാർ മുതൽ ആടന്നൂർവരെയും, സ്രാമ്പ യബസാർ മുതൽ ഈത്തച്ചിറവരെയും ചമ്മിണി വളപ്പ് അരീപ്പാറ വഴി പുത്തൂർ പള്ളിക്കൽ വരെയും, കൂനോൾമാട്ടിൽനിന്ന് ഡോർമിറ്ററി വഴി MLA റോഡിലേക്കും, കൂനോൾമാട് P.H.C. റോഡിൽനിന്ന് തുറക്കച്ചാൽ വഴി M.L.A. റോഡ് വരെയും ഗതാഗതയോഗ്യമാക്കുക.

2. വളയൻകുഴിപാലം, പാത്തിക്കൽപാലം മുത ലായവ കോൺക്രീറ്റ് ചെയ്യുക.

Ward VIII

1. കുമ്മിണിപറമ്പ് U.P. സ്കൂളിന്റെ പടി ഞ്ഞാറ് ഭാഗത്ത് കൂടി കോണത്ത്മാട് വഴി മംഗ ലത്ത്മാട് റോഡിലേക്കുള്ള പുതിയ റോഡ് നിർമ്മി ക്കുക.

2. കുമ്മിണിപറമ്പ് റോഡിൽനിന്നും മംഗല ത്തുമാട് ഈത്തച്ചിറ റോഡ് ഗതാഗതയോഗ്യമാ ക്കുക.

3. കരിപ്പൂർ വിമാനത്താവളത്തേയും, NH നെയും പള്ളിക്കൽ ബസാർവഴി ബന്ധിപ്പിക്കുന്ന റോഡ് 12 മീറ്റർ വീതിയിൽ ടാറിട്ട് ഗതാഗത യോഗ്യ മാക്കുക.

4. തച്ചണ്ണപ്പാറ മുതൽ പൊട്ടൻകാവ് വഴി കാളത്തുംപാറയിലേക്ക് റോഡ് നിർമ്മിക്കുക.

5. അത്താണിക്കൽ പള്ളിവഴി തൊട്ടിപ്പറമ്പി ലെക്ക് റോഡ് നിർമ്മിക്കുക.

6. അത്താണിക്കൽ കോളനി ഭാഗത്ത്കൂടി വായങ്ങാട്ട് താഴം വരെ റോഡ് നിർമ്മിക്കുക.

7. കുന്നുമ്മൽ തേക്കിൻകാട് വഴി പാലക്കുത്ത് വഴി കോണോത്ത് മലയിലൂടെ കുമ്മിണിപ്പറമ്പ് റോഡ് വരെ റോഡ് നിർമ്മിക്കുക.

8. ക്രഷർ ഭാഗത്തുനിന്ന് ചമ്മിണിക്കൻപാറ വഴി കുളത്തൂർ റോഡിലേക്ക് റോഡ് നിർമ്മിക്കു ക.

9. നിലവിലുള്ള കരിപ്പൂർ കൊട്ടപ്പുറം റോഡിന്നു സൈഡ്കെട്ടി, തോടിന്ന് പാലം കെട്ടി ടാർ ചെയ്യുക.

10. നാലാംകണ്ടത്തെ കുളത്തൂരുമായി ബന്ധി പ്പിക്കുന്ന റോഡ് നിർമ്മിക്കുക.

11. കരിപ്പൂർ- കൊട്ടപ്പുറം റോഡിൽനിന്ന് താച്ചു കുന്ന് വയൽഭാഗത്ത് കൊടച്ചാട്ടികുഴി വഴി കൊള ത്തൂർ റോഡിലേക്ക് ബന്ധിപ്പിക്കുക.

12. കൊടക്കല്ലുങ്ങൽ-പാറക്കാൾ കളത്തുച്ചാറ വഴി കൊട്ടപ്പുറം ഭാഗത്തേക്ക് റോഡ് ബന്ധിപ്പി ക്കുക.

13. പുതിയ കുന്നത്തുനിന്ന് അത്തേക്കാട് വഴി കൊട്ടപ്പുറം റോഡിലേക്ക് ബന്ധിപ്പിക്കുക.

14. L..P. സ്കൂളിന്റെ വടക്കുഭാഗത്ത്കൂടി പോകുന്ന ഇടവഴി റോഡാക്കി താവള റോഡി ലേക്ക് മുട്ടിക്കുക.

15. എയർപോർട്ടിന്റെ വടക്കേ അരികിലൂടെ കുമ്മിണിപ്പറമ്പിലേക്ക് 700 മീറ്റർ നീളത്തിൽ റോഡ് നിർമ്മിക്കുക.

16. ക്രഷർ ഭാഗത്ത്നിന്ന് ഓട്ട കാഞ്ഞീരം വഴികുമ്മിണിപ്പറമ്പ് റോഡിലേക്ക് നിർമ്മിക്കുക.

17. കുന്നുമ്മൽനിന്നും പൊട്ടൻകാട് വഴി കൊട്ട പ്പുറം ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

18. നാലാം കണ്ടം മുതൽ എയർപോർട്ട്റോഡ് വരെ റോഡ് നിർമ്മിക്കുക.

19. കുമ്മിണിപ്പാറ - എയർപോർട്ട് റോഡ് നിർമ്മിക്കുക.

20. പുളിയംകുണ്ട്.- കാരച്ചിറ കോണത്ത് അരു തോടിന് പാലം കെട്ടുക.

21. ഉണ്യാലുങ്ങൽ- എയർപോർട്ട് റോഡ് ടാർ ചെയ്യുക.

22. ബദറുൽ ഹുദാമദ്രസാ ഭാഗത്തേക്ക് പൊതു വഴി നിർമ്മിക്കുക.

23. കോടംമ്പാട്ട്കുഴിയിലെ എട്ടോളം കുടുംബ ങ്ങൾക്ക് പൊതുവഴി നിർമ്മിക്കുക.

24. മേത്തലത്തൊടി കോളനി റോഡിൽനിന്ന് കാരാട് വഴി റോഡ് നിർമ്മിക്കുക.

25. കുന്നത്തഅരു കോട്ടപ്പുറം റോഡ്സൈഡ് മണ്ണ് ഫില്ല് ചെയ്ത് ഗതാഗതം യോഗ്യമാക്കുക.

Ward IX

1. അഴുക്വളപ്പ് ചേലക്കോട്ട് മാട് റോഡ് ചങ്കരത്ത് മാട്ടിലേക്ക് നീട്ടി വീതികൂട്ടി ടാറിംഗ് ചെയ്യുക.

2. നിലവിലുള്ള ചക്കുങ്ങൽ നെടുങ്കളരി

റോഡ് മുക്കോൾ വഴി പാലപ്പെട്ടി റോഡുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.

3. കുമ്മിണി പറമ്പ് L.P. സ്കൂൾ ഭാഗത്തു നിന്ന് അരീപറമ്പ് വഴി ഓട്ടക്കാഞ്ഞീരം ഭാഗത്തേക്ക് റോഡ് ഉണ്ടാക്കി ടാർ ചെയ്യുക.

4. അഴുക് വളപ്പ് ചേലക്കോട്മാട് റോഡിലെ ഓട്ടക്കാഞ്ഞീരം മുതൽ ചക്കിങ്ങൽമാട് വഴി ചുണ്ടൻപൊറ്റയിലേക്കും, കൊടക്കാട്ടേക്കും റോഡ് ഉണ്ടാക്കുക.

5. ചെറളപ്പാലത്തിൽനിന്നും അയിന്തൂർ അരു വഴി കുമ്മിണിപ്പറമ്പ് പുത്തൂർ പള്ളിക്കൽ M.LA. റോഡിലെ തവളമൂച്ചി ഭാഗത്തേക്ക് ലിങ്ക് റോഡ് വെട്ടുക.

6. ഈത്തിച്ചിറ അയ്യനാൽ റോഡ് നിർമ്മിക്കുക.

7. അഴക് വളപ്പിൽ നിന്നും കഴക്കേ ബങ്കളത്ത് മാട്ടിലേക്ക് പുതിയ റോഡുണ്ടാക്കി ടാർ ചെയ്യുക.

8. കുമ്മിണിപ്പറമ്പ് - പുത്തൂർ പള്ളിക്കൽറോഡിലെ തവളമൂച്ചിൽനിന്ന് വടക്കോട്ട് കമ്മിണിക്കുത്ത് വരെ റോഡുണ്ടാക്കി ടാർ ചെയ്യുക.

9. പള്ളിപ്പാറയിൽനിന്ന് തെക്കും പുറം ഭാഗത്തേക്ക് നിലവിലുള്ള റോഡ് ടാർ ചെയ്യുക.

10. കുമ്മിണിപ്പറമ്പ് അങ്ങാടിയിൽനിന്ന് ഓമ്മോത്തുവഴി വടക്കേ ബങ്കളത്ത് മാട്ടിലേക്ക് റോഡുണ്ടാക്കുക.

11. അഴുക് വളപ്പ് ചോലക്കൊട്മാട് റോഡിലെ കൊടിമരത്തിങ്ങൽനിന്നും തിയ്യംതൊടി വഴി ചുണ്ടംപൊറ്റയിലേക്കും കാൾതൊടി അരുവിലേക്കും റോഡ് പണിയുക.

12. അഴക്വളപ്പിൽനിന്നും കാളക്കുളമ്പ് വഴി ഓട്ടക്കാഞ്ഞീരം ഭാഗത്തേക്ക് റോഡ് വെട്ടി ടാർ ചെയ്യുക.

Ward X

1. തറയിട്ടാൽ കൊടിയംകുളം റോഡ് ടാർ ചെയ്ത് EMEA കോളജ് റോഡുമായി ബന്ധിപ്പിക്കുക.

2. കൂട്ടാലുങ്ങൽ പള്ളി-കുന്തല പള്ളിയാളി റോഡ് നിർമ്മിച്ച് ടാർ ചെയ്യുക.

3. നാട്ടുകല്ല് - എരിയാട് റോഡ് ടാർ ചെയ്യുക.

4. ചാലിൽകുളംപള്ളി-കുമ്മല്ലീരിമാട് റോഡ് ടാർ ചെയ്തു പുളിയം പറമ്പുമായി ബന്ധിപ്പിക്കുക.

5. ചാത്തംപിലാക്കൽ - വടക്കേ കൊടിയം പറമ്പ് റോഡ് ഉണ്ടാക്കുക.

6. കണച്ചിറോട്ട് മാട്-കപ്പേക്കാട്ട് റോഡുണ്ടാക്കി തിരൂരങ്ങാടി റോഡുമായി ബന്ധിപ്പിക്കുക.

7. നാട്ടുകല്ല് മുന്നായിക്കാട് റോഡുണ്ടാക്കുക.

8. മുന്നായിക്കാട് ചിറയിൽപാടം റോഡുണ്ടാക്കുക.

9. തറയിട്ടാൻകുന്നത്ത്പറമ്പ് റോഡുണ്ടാക്കുക.

10. പൂക്കുത്ത് കൊടിയം പറമ്പ് റോഡുണ്ടാക്കുക.

11. ചാത്തം പിലാക്കൽ കാരാട് റോഡുണ്ടാക്കുക.

12. കൂട്ടാലുങ്ങൽ-പൂക്കുത്ത് ഇടവഴി റോഡാക്കുക.

13. അയിനിക്കാട് - ആണിച്ചിറക്കൽ റോഡ് നിർമ്മിക്കുക.

14. കണച്ചിനോട്ട് മാട്നിന്ന് പടിഞ്ഞാട്ട് കൂന്നുക്കര ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

15. തറയിട്ടാലിൽ സ്ഥിരം ബസ്വൈയിറ്റിംഗ് ഷെഡ് പണിയുക.

Ward Xi

1. കരിയംകല്ല് മുതൽ ചിറളപ്പാലംവരെ കൊണ്ടോട്ടി തിരൂരങ്ങാടി റോഡിൽ ഡ്രൈനേജുകൾ നിർമ്മിക്കുക.

2. പുളിയംപറമ്പ് - കൊട്ടാശ്ശേരി കോളനി റോഡ് വീതികൂട്ടി റീടാറിംഗ് നടത്തുക

3. തയ്യിൽ അരു അമ്പലത്തിങ്ങൽ റോഡ് ടാർ ചെയ്യുക.

4. പുളിയംപറമ്പ് ഉണ്ടുങ്ങൽ റോഡ് ടാർ ചെയ്യുക.

5. കരുവാൻകല്ല് മുതൽ പാലംതൊടിവഴി കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

6. പുളിയംപറമ്പ് മച്ചിങ്ങൽ അരുറോഡ് വീതികൂട്ടി ടാർ ചെയ്യുക.

7. കീരനാക്കൽ-തട്ടാൻകണ്ടി റോഡ് ചെറളപ്പാടം വഴി MLA റോഡിലേക്ക് നീട്ടുക.

8. നിലവിലുള്ള കീരനാക്കൽ-തട്ടാൻകണ്ടി റോഡ് വീതികൂട്ടി ടാർ ചെയ്യുക.

9. കീരനാക്കൽ വട്ടപ്പറമ്പ് റോഡ് ടാർ ചെയ്യുക.

10. ചിറയിൽ പാലത്തിൽനിന്ന് പടിഞ്ഞാറോട്ട് M.L.A. റോഡുമായി പുതിയ റോഡ് നിർമ്മിക്കുക.

11. തയ്യിൽ അരു അമ്പലത്തിങ്ങൽ റോഡ്, കീരനാക്കൽ, തട്ടാൻകണ്ടി റോഡ് കരിയംകല്ല് പാലംതൊടു റോഡ്, പുളിയംപറമ്പ് ചുടലമാട് റോഡ്, ഉണ്ടുങ്ങൽ പുളിയംപറമ്പ് റോഡ് എന്നിവ റിപ്പയർ ചെയ്യുക.

12. പുളിയംപറമ്പ് - പുളിക്കൽകണ്ടി, അമ്പലത്തങ്ങൽ മുക്കോട്, പുളിയംപറമ്പ് നഴ്സറി എന്നീ റോഡുകൾ നിർമ്മിക്കുക.

13. പുളിയംപറമ്പ്, കരുവാൻകല്ല്, ചെറളപ്പാലം എന്നിവിടങ്ങളിൽ ബസ്സ്റ്റോപ്പുകൾ നിർമ്മിക്കുക.

Ward XII

1. അമ്പലപ്പുറായ - പാലപ്പട്ടി റോഡ്, Flood/ Untied Fund എന്നിവ ഉപയോഗിച്ച് ടാർ ചെയ്യുക.

2. ഓട്ടുപാറ യത്തീംഖാന റോഡ് ടാർ ചെയ്യുക.

3. ആശുപത്രി ചെർളപ്പാടം റോഡ് ടാർ ചെയ്യുക.

4. ഉങ്ങുങ്ങൽ-പാലപ്പെട്ട് റോഡ് ടാർ ചെയ്യുക.

5. പാലപ്പെട്ടി-മാതംങ്കുളം റോഡ് ടാർ ചെയ്യുക.

6. കാരക്കാട്ട് പറമ്പ് - ചോലക്കാട്ട്കുഴി ടാർ ചെയ്യുക.

7. മദ്രസ്സ- പുറായ റോഡ് ടാർ ചെയ്യുക.

8. കുന്നത്ത് പറമ്പ് - തായഞ്ചേരി മാട്ടിലേക്ക് പുതിയ റോഡ് വെട്ടുക.

9. കുടുമാട്ട് മാട് - പാലപ്പെട്ടി റോഡ് നിർമ്മിക്കുക.

10. പൂലാട്ട് മാട് - നൂഞ്ഞാറ്റിൽപാടം റോഡ് നിർമ്മിക്കുക.

11. മാതാംകുളം - കള്ളിത്തടം തോട് നിർമ്മിക്കുക.

12. മുന്നായിക്കാട് - ലക്ഷംവീട് - കുടുമാട്ടരുവാച്ചിനക്കണ്ടിയിൽ വഴി കാടപ്പടിയിലേക്ക് PWD റോഡ് നിർമ്മിക്കുക.

13. അമ്പലപ്പുറായ കുമ്മിണിപറമ്പ് (വഴി പാലപ്പെട്ടി) റോഡ് PWD ഏറ്റെടുക്കുക)

14. ആലിൻചുവട് പുന്നത്ത്പുറായ റോഡ്, നെല്ലിക്കാപുറായ - താഴെകോതരിക്കുണ്ട്, കോതേരിക്കുണ്ട് മാതാംകുളം റോഡുകൾ ഗതാഗതയോഗ്യമാക്കുക.

ഊർജ്ജം

ഊർജ്ജരംഗത്തെ പ്രധാന ആശയം വൈദ്യുതിയാണല്ലോ. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ഈ അടുത്തകാലത്താണ് വൈദ്യുത എത്തിയത്. ഇനിയും എത്രയോ ഗ്രാമങ്ങൾ വൈദ്യുതിക്കായി കാത്തിരിക്കുകയാണ്. വൈദ്യുതി എത്തിയ പല പ്രദേശങ്ങളും വോൾട്ടേജ് ക്ഷാമത്തിന്റെ രൂക്ഷതയിൽ കഷ്ടപ്പെടുകയാണ്. ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റിക്കുനുസൃതമായ രീതിയിലില്ല പല പ്രദേശങ്ങളിലും കണക്ഷൻ നല്കിയത്. പ്രസരണനഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികളൊന്നും യഥാസമയം നടക്കാത്തത് കാരണം വിദ്യുച്ഛക്തി ബോർഡിന്ന് ഭീമമായ സംഖ്യയുടെ നഷ്ടം അനുഭവിക്കേണ്ട വരുകയും ഉപഭോക്താവിന്ന് സുഖകരമായ രീതിയിൽ വൈദ്യുതി പ്രവാഹം ലഭിക്കുകയും ചെയ്യുന്നില്ല. വിദ്യുച്ഛക്തി ഓഫീസുകളിലെ വൻ അഴിമതിമൂലം സാധാരണക്കാരന് ഓഫീസുമായി ബന്ധപ്പെടാൻ വളരെയേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നു. മലപ്പുറം ജില്ലയിലെ ഏതാനും പ്രദേശങ്ങളിൽ മാത്രം ഈയിടെ നടപ്പാക്കിയ പുതിയ നിയമം മൂലം പാവപ്പെട്ടവൻ ക്ലേശങ്ങൾ അനുഭവിക്കാൻ നിർബന്ധിതരാകുകയാണ്.

പാചകാവശ്യങ്ങൾക്ക് പൊതുവെ വിറകാണ് ഉപയോഗിക്കുന്നത്. ഏതാനും ഗ്യാസ് കണക്ഷനൻ ലഭിച്ചിട്ടുണ്ട് എന്നതൊഴിച്ചാൽ ആയിരക്കണക്കിന് അപേക്ഷകർ ഗ്യാസ് കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുകയാണ്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിച്ച പാചകം ചെയ്യുന്ന അപൂർവ്വം ചിലർക്ക് മാത്രമേ പെർമിറ്റ് ലഭിച്ചുട്ടുള്ളൂ. ഉയർന്ന വരുമാനം റേഷൻ കാർഡിൽ അടയാളപ്പെടുത്തിയവർക്ക് മാത്രമേ പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് ലഭിക്കുകയുള്ളു എങ്കിലും ഉയർന്ന വരുമാനമുള്ള പലരും സപ്ലൈ ഓഫീസുകളിലെ നട

പടിക്രമങ്ങളെ ഭയന്ന് പിന്മാറുകയാണ്.

പ്രശ്നങ്ങൾ

1. പുതിയ വൈദ്യുതി കണക്ഷന് അപേക്ഷിച്ചവർ സ്വന്തം ചിലവിൽ ലൈൻ വലിക്കാൻ നിർബന്ധിതമാരാകുന്നു.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ ഒന്നും എടുത്ത് കാണുന്നത്.

3. ഓരോ ട്രാൻസ്ഫോർമറിന്നും താങ്ങാൻ കഴിയുന്നതിലും കൂടുതലും കണക്ഷൻ നല്കുന്നു.

4. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

5. ഗ്യാസ് കണക്ഷൻ ലഭിക്കാൻ കാലതാമസം നേരിടുന്നു.

6. പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് യഥാസമയം ലഭിക്കുന്നില്ല.

7. പ്രധാന അങ്ങാടികളിലും കവലകളിലും തെരുവ് വിളക്കുകളുടെ സൗകര്യം ലഭ്യമല്ല.

8. വൈദ്യുതി കണക്ഷൻ ലഭ്യമാകാത്ത എല്ലാ സർക്കാൻ സ്ഥാപനങ്ങളിലും അവ ലഭ്യമാകുന്നു.

9. നിർധന കുടുംബങ്ങൾക്ക് കുടിർ ജ്യോതി സ്കീമിൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ നല്കുക.

10. കാർഷികാവശ്യത്തിന്ന് സൗജന്യമായി വൈദ്യുതി വിതരണം ചെയ്യുക.

11. വൈദ്യുതി കണക്ഷൻ ലഭ്യമാകാത്ത എല്ലാ സർക്കാർ സ്ഥാപനങ്ങളിലും അവ ലഭ്യമാക്കുക.

12. വൈദ്യുതി ലൈൻ വലിക്കാൻ സമ്മത പത്രം വേണമെന്ന നിയമം എടുത്തുകളയുക.

13. എല്ലാ മാസലും മീറ്റർ റീഡിംഗ് നടത്തി ബിൽ വിതരണം ചെയ്യുക.

14. ഇലക്ട്രിക് പോസ്റ്റിന് ഈടാക്കുന്ന ഭീമമായ സംഖ്യ വെട്ടിച്ചുരുക്കുക.

15. വ്യവസായ സ്ഥാപനങ്ങളുടെ സുഖമമായ പ്രവർത്തനത്തിന് വേണ്ടത്ര വൈദ്യുതി എത്തിക്കുകയും പവർകട്ട് ഒഴിവാക്കുകയും ചെയ്യുക.

16. മിനിമം ഗ്യാരണ്ടിയിൽ വൈദ്യുതി പാസ്സായ പ്രദേശങ്ങളിലേക്ക് മെറ്റീരിയൽസ് എത്തിക്കാനുള്ള കാലതാമസം ഒഴിവാക്കുക.

17. ചേളാരി സബ്സ്റ്റേഷന്റെ പണി പുനരാരംഭിക്കുക.

18. പള്ളിക്കൽ പഞ്ചായത്തിൽ മുഴുവൻ വീടുകൾക്കും ദക്ഷതകൂടിയ അടുപ്പുകൾ, സോളാർ ലൈറ്റുകൾ എന്നിവ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അനർട്ടിന്റെ ഒരു സബ് ഓഫീസ് പള്ളിക്കലിൽ ആരംഭിക്കുകയും ചെയ്യുക.

18. പള്ളിക്കൽ ബസാറിൽ ഒരു എൽ.പി.ജി. സബ് ഏജൻസി അനുവദിക്കുക.

പള്ളിക്കൽ ഗ്രാമപഞ്ചായത്ത്
വൈദ്യുതീകരിച്ച വീടുകൾ

വാർഡുകൾ	1	2	3	4	5	6	7	8	9	10	11	12
വൈദ്യുതീകരിച്ചത്	212	218	65	277	139	113	115	246	220	218	79	
അല്ലാത്തവ	441	269	559	235	303	192	202	257	169	310	326	323

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് - വൈദ്യുതി ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ

ഗാർഹിക ഉപഭോക്താക്കൾ	വ്യാപാര സ്ഥാപനങ്ങൾ	വ്യവസായ ശാലകൾ	കാഷികാവശ്യത്തിനുള്ള കണക്ഷനുകൾ	കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷികർ		തെരുവ് വിളക്കുകൾ		തെരുവ് വിളക്കിന് പ്രതിമാസം അടക്കുന്ന സംഖ്യ
				Ordinary	Oyec	ബൾബ്	സോഡിയം	
910	118	19	35	22	52	58	19	604

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

പള്ളിക്കൽ കരിപ്പൂർ അംശങ്ങൾ ചേർന്ന 25.96 ച.കി.മീ. വിസ്തീർണ്ണമുള്ളതാണ് പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് 1991ലെ സെൻസസ് അനുസരിച്ച് 4800 കുടുംബങ്ങൾ ഇവിടെയുണ്ട്.

കോഴിക്കോട് സർവ്വകലാശാലയും കരിപ്പൂർ വിമാനത്താവളവും ഉൾക്കൊള്ളുന്ന പ്രദേശമാണെങ്കിലും സാമ്പത്തിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് പള്ളിക്കൽ പഞ്ചായത്ത്.

ദാരിദ്ര്യരേഖയ്ക്ക് താഴെമാത്രം ജീവിതനിലവാരം പുലർത്തിയിരുന്ന ഭൂരിപക്ഷം കുടുംബങ്ങൾക്കും കുറഞ്ഞൊരാശ്വാസം നൽകിയത് ഗൾഫ് പണമാണ്. ഇതിന്റെ ഫലമായി പാർപ്പിട രംഗത്ത് സാമാന്യംതൃപ്തികരമായ ഒരവസ്ഥ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും 20% കുടുംബങ്ങൾക്ക് സ്വന്തമായൊരു വീട് പണിതുയർത്താൻ കഴിയാതെ കഷ്ടപ്പെടുകയാണ്. ഇവരിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടുപണിയാൻ കഴിയാത്തവർ ഒരു കുടിൽ വെക്കാൻ സ്ഥലമില്ലാത്തവർ, കൂരകളിൽ കഴിയുന്നവർ എന്നിവർ ഉൾപ്പെടുന്നു.

വീടുകളിൽ ഭൂരിഭാഗവും രണ്ടും മൂന്നും മുറികളോടുകൂടിയ ഓടിട്ട ഒരു നില മാത്രമുള്ളതാണ്. ഇവ നിർമ്മിച്ചിരിക്കുന്നത് ചെങ്കല്ല് കൊണ്ടാണ്. ചെറിയൊരു ന്യൂനപക്ഷം മാത്രമാണ് ഇരുനിലകളുള്ള കോൺക്രീറ്റ് സൗധങ്ങളിൽ താമസിക്കുന്നത്.

പഞ്ചായത്തിലെ മൊത്തം വീടുകളുടെ തരം തിരിച്ചുള്ള പട്ടിക (1)ൽ കൊടുക്കുന്നു.

പ്രശ്നങ്ങൾ

1. വീട് നിർമ്മിക്കാൻ ആവശ്യമായ സാധനങ്ങളുടെ ദൗർലഭ്യം
2. സാധനങ്ങളുടെ വർദ്ധിച്ച വില
3. കൂലി വർദ്ധനവ്
4. സാധനങ്ങൾ എത്തിക്കാനുള്ള ഗതാഗത സൗകര്യമില്ലായ്മ
5. സാമ്പത്തിക സഹായം ലഭ്യമാകാതിരിക്കൽ
6. ലഭിക്കുന്ന സഹായങ്ങൾക്ക് അനുഭവപ്പെടുന്ന കാലതാമസവും സാങ്കേതി തടസ്സങ്ങളും
7. പ്രീമിയവും പലിശയും യഥാക്രമം അടക്കുവാനുള്ള കഴിവില്ലായ്മ
8. കുറഞ്ഞ പലിശക്ക് സഹായം കിട്ടാതിരിക്കൽ
9. വിവിധ ഏജൻസികൾ മുഖേന ലഭിക്കുന്ന വീടുകളുടെ എണ്ണം വളരെ പരിമിതം
10. ഹൗസിങ്ങ് സൊസൈറ്റിയുടെ അഭാവം

എയർപോർട്ട് വികസനത്തിന്റെ പേരിൽ പഞ്ചായത്തിലെ 8,9,10 വാർഡുകളിൽ പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് നമ്പർ കൊടുക്കാതിരിക്കുന്നതും സാധാരണക്കാരെ വലിയ വിഷമത്തിലാക്കുന്നു. അവർക്ക് ഉള്ള സ്ഥലത്ത് ഒരു കുടിൽ ഉണ്ടാക്കുവാൻ വലിയ പ്രയാസം നേരി

ടുന്നു.

നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണ രംഗത്ത് കാണുന്ന ആഡംബരം ഒഴിവാക്കുന്നതിന് ബോധവൽക്കരണം നൽകുക.

2. പാവപ്പെട്ടവർക്ക് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പരിശീലനം നല്കുക.

3. നിർമ്മാണ രംഗത്ത് തൊഴിലാളികൾക്ക് കൂടുതൽ പരിശീലനം നൽകുക.

4. വിവിധ ഭവന നിർമ്മാണ ഏജൻസികളിൽ നിന്നും അനുവദിക്കുന്ന വീടുകളുടെ എണ്ണം അവയുടെ തുകയും കാലോചിതമായി വർദ്ധിപ്പിക്കുക അവ ലഭ്യമാകാനുള്ള സാങ്കേതിക ബുദ്ധമുട്ടുകൾ കുറയ്ക്കുക.

5. വില്യൻവെൽസ്കീം, JRY എന്നിവയിൽ വരുന്ന തുകയിൽ ഭവന നിർമ്മാണ വിഹിതം പൂർണ്ണമായും ഉപയോഗപ്പെടുത്തുക. രാജീവ് ദശ ലക്ഷം പാർപ്പിട പദ്ധതിയനുസരിച്ചുള്ള ഭവന നിർമ്മാണ കോംപ്ലക്സ് പള്ളിക്കൽ പഞ്ചായത്തിൽ ആരംഭിക്കുക. ലക്ഷം വീട് കോളനിയിലെ ഗുണ ഭോക്താക്കൾക്ക് പട്ടയവും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാൻ ലോൺ അനുവദിക്കുകയും അത്തരം ലോണുകൾക്ക് കുറഞ്ഞ നിരക്കിൽ പലിശ നിജപ്പെടുത്തുകയും ചെയ്യുക. ഭൂരഹിത കർഷക തൊഴിലാളി പുനരധിവാസ പദ്ധതിയനുസരിച്ച് ഭവന നിർമ്മാണ കോളനിക്ക് സ്ഥലം എറ്റെടുത്ത് അർഹരായവരെ പുനരധിവസിപ്പിക്കുക. ലക്ഷം വീടുകളിൽ അടിസ്ഥാനസൗകര്യങ്ങൾ (വൈദ്യുതി, വെള്ളം, കക്കൂസ്, ശ്മശാനം) ഏർപ്പെടുത്തുക. മൈത്രി ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് അർഹരായവർക്ക് ഭവന നിർമ്മാണ വായ്പ അനുവദിക്കുക. സ്ഥലമുണ്ടായിട്ടും വീട് വെക്കാൻ കഴിയാതെ വരുന്ന ഇടത്തരം കുടുംബങ്ങൾക്ക് വീട് വെക്കുന്നതിനും എളുപ്പത്തിൽ പ്ലാൻ അനുവദിക്കുന്നതിനും വീടുകൾക്ക് നമ്പർ കൊടുക്കുന്നതിലുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കുക.

6. വയലുകൾ നികത്തി കെട്ടിടങ്ങൾ ഉണ്ടാകുന്നതിനെതിരെ ജാഗ്രത പുലർത്തുകയും റോഡുകളിൽനിന്ന് നിർദ്ദിഷ്ടദൂരം അകലത്തിലെ കെട്ടിടങ്ങൾ നിർമ്മിക്കുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുക.

7. മൈത്രി ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് അർഹരായവർക്ക് ഭവനനിർമ്മാണ വായ്പ ലഭിക്കാൻ വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുക.

8. ലക്ഷം വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

പള്ളിക്കൽ പഞ്ചായത്ത് വീടുകളുടെ പട്ടിക
(പ്രഥമവിവരറിപ്പോർട്ട്)

വാർഡ്	കെട്ടിടങ്ങളുടെഎണ്ണം നിലകൾ	മേൽപ്പുരയുടെ സ്വഭാവം					വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ
		ഒന്നിൽ കൂടുതൽ	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ കുടിലുകൾ	
1	653	40	84	472	22	35	പള്ളിക്കൽ അംശം 58
2	470	20	57	378	17	18	
3	624	-	128	445	17	34	
4	512	-	79	393	22	18	
5	422	-	38	341	18	25	
6	305	16	16	245	-	44	
7	317	12	26	253	-	38	
8	534	18	98	372	34	30	കരിപ്പൂർ അംശം ലഭ്യമല്ല.
9	274	32	22	232	20	-	
10	530	28	55	389	46	40	
11	544	26	16	504	18	6	
12	402	28	44	320	-	38	

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ പാർപ്പിട വിവരണം

വാർഡ്	1	2	3	4	5	6	7	8	9	10	11	12
ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ	210	243	262	212	241	165	233	252	231	234	224	237
സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ	115	90	105	95	82	55	88	176	118	112	110	47
ഇതിൽ പട്ടികജാതി കുടുംബങ്ങൾ	25	21	16	14	17	35	21	42	38	36	32	9
സ്ഥലമുണ്ടായിട്ടുംവീട്വെക്കാൻ കഴിയാത്തവർ	75	14	35	36	23	37	25	118	32	28	22	46
ഇതിൽ പട്ടികജാതി	20	8	10	12	9	20	5	22	12	14	13	8
വീടുവെക്കാൻ സ്ഥലം ഇല്ലാത്തവർ	50	45	25	28	32	12	19	30	31	18	16	11
ഇതിൽ പട്ടികജാതി	10	8	7	6	7	9	6	12	14	9	8	4

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ഇന്ത്യയിൽവെച്ച് ഏറ്റവും വിപുലമായ സാമൂഹ്യസുരക്ഷാ ശൃംഖല കേരളത്തിന്റെതാണെങ്കിലും മലപ്പുറം ജില്ല സാമൂഹ്യക്ഷേമരംഗത്ത് നടപ്പിലാക്കേണ്ട പദ്ധതികളിൽ വളരെ പിന്നിലാണ്. പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനങ്ങളിൽ അമ്പത് ശതമാനത്തോളം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. എന്നാൽ IRDP സർവ്വെ പ്രകാരം 1654 കുടുംബങ്ങൾ മാത്രമേ കാണുന്നുള്ളു. സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് അധികം പേർക്കും അറിവില്ലാത്തത്കൊണ്ട് പലർക്കും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. IRDP പദ്ധതിപ്രകാരം 289 കുടുംബങ്ങൾക്ക് മാത്രമാണ് കഴിഞ്ഞ പദ്ധതിയിൽ സഹായം നൽകിയതായി കാണുന്നത്. അതിൽ 128 പട്ടികജാതി കുടുംബങ്ങൾക്കാണ് സഹായം ലഭിച്ചത്. ഇത് മൊത്തം ദരിദ്രജനവിഭാഗത്തിന്റെ പത്ത് ശതമാനത്തോളമെ വരികയുള്ളു. DWCRAയിൽ 52 കുടുംബങ്ങൾക്കും ട്രൈസം പരിശീലനത്തിൽ 41 പേർക്കുമാണ് സഹായം ലഭിച്ചത്. ട്രൈസം പരിശീലനം നേടിയ 17 പേരാണ് സ്വയം തൊഴിൽ കണ്ടെത്തിയത്. അർഹരായ ധാരാളം പേർക്ക് ഇനിയും വിവിധ പെൻഷനുകൾ ലഭിക്കാനുണ്ട്.

പഞ്ചായത്തിലെ കൂടുതൽപേരും കർഷകവൃത്തിയും കെട്ടിടനിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വിവിധപെൻഷനുകൾ കിട്ടാൻ അർഹതയുള്ളവർ വാർഡുകളിൽ ഉണ്ട്. അപേക്ഷിക്കുന്ന രീതിയെക്കുറിച്ചുള്ള അറിവില്ലായ്മയാണ് പലർക്കും അർഹമായ പെൻഷൻ ആനുകൂല്യം ലഭിക്കാതെ പോകുന്നത്. ദരിദ്രരേഖക്ക് താഴെയുള്ള ജനങ്ങൾ അധികമുള്ള പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ IRDP ലോൺ ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. അർഹതപ്പെട്ടവർക്ക് ലോൺ ലഭിക്കാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കിയെടുത്തെങ്കിൽ മാത്രമെ ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനാവൂ. പഞ്ചായത്ത് തലത്തിൽ വിപുലമായ സർവ്വെ നടത്തി അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കാൻ ശ്രമം ഉണ്ടാകേണ്ടതാണ്. വിവിധ പെൻഷൻപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ പെൻഷൻ ലഭിക്കാതെ പോകുന്നതിൽ കാരണമാകുന്നു. ചെറിയ വിവരണം താഴെ കൊടുക്കുന്നു.

ഒന്ന് പൂർണ്ണമായും സംസ്ഥാനഗവൺമെന്റ് ഫണ്ടിനെ ആശ്രയിച്ചുള്ളതും മറ്റൊന്ന് തൊഴിലുടമയുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തോടെ വിവിധ ബോഡുകൾക്ക് കീഴിൽ നടപ്പാക്കപ്പെടുന്നവയും. എല്ലാ ബോഡുകളിലും തോഴിലാളികൾക്കും തൊഴിലുടമകൾക്കും സർക്കാറിനും പ്രാതിനിധ്യമുണ്ട്.

വിവിധ വകുപ്പുകളിലായാണ് ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നത്. സാമൂഹ്യക്ഷേമവകുപ്പ്, റവന്യൂ, തൊഴിൽ പട്ടികജാതിവികസനം, പട്ടികവർഗവികസനം, ഉന്നതവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസവകുപ്പ്, സെക്രട്ടേറിയറ്റ്, തൊഴിൽപരിശീലന ഡയരക്ടറേറ്റ്, പബ്ലിക് റിലേഷൻസ്, ആസൂത്രണസാമ്പത്തിക കാര്യം, കേരള കയർതൊഴിലാളി ക്ഷേമനിധി, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി, കേരള കള്ളു തൊഴിലാളി ക്ഷേമനിധി, കേരളതൊഴിലാളി ക്ഷേമനിധി ബോഡ്, കേരളകർഷകതൊഴിലാളി ക്ഷേമനിധി, കേരള ചുമുട്ടുതൊഴിലാളി ക്ഷേമനിധിബോഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി, വക്കീൽ ഗുമസ്തന്മാർക്കുള്ള ക്ഷേമനിധി, കേരള കൈതൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമനിധി, കേരളനിർമ്മാണ തൊഴിലാളി ക്ഷേമനിധി, കേരല അബ്കാരി തൊഴിലാളി ക്ഷേമനിധി, കേരള മോട്ടോർ ട്രാൻസ്പോർട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, വനിതാ വികസന കോർപ്പറേഷൻ, സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്, സാമൂഹ്യവികസനം, ഭൂപരിഷ്കരണം, പഞ്ചായത്ത് ഗ്രാമവികസനം, നഗരവികസനം, സഹകരണം തുടങ്ങിയ വകുപ്പുകളാണ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നത്.

പ്രശ്നങ്ങൾ

1. അർഹതപ്പെട്ട ഭൂരിഭാഗം കുടുംബങ്ങളും IRDP ലിസ്റ്റിൽ ഉൾപ്പെടുത്തി കാണുന്നില്ല.

2. ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതികൾ വളരെക്കുറച്ചു പേർക്ക് മാത്രമെ ലഭിച്ചിട്ടുള്ളു.

3. ആരംഭിച്ച DWCRA യൂനിറ്റുകൾ പലതും നിർജ്ജീവമായി.

4. ഇടത്തട്ടുകാരുടെ ചൂഷണം മൂലം ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ വേണ്ടത്ര ഫലവത്തായില്ല.

5. ഇത്തരം പദ്ധതികളെപറ്റിയുള്ള അറിവില്ലായ്മയും വിവരങ്ങൾ ആവശ്യമുള്ളവർക്ക് എത്തിക്കാനുള്ള പരിമിതിയും.

6. ഗ്രാമീണ കൈത്തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല. പലരും പാരമ്പര്യമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപകരണങ്ങളെ മാത്രം ആശ്രയിക്കുന്നു.

7. ആരോഗ്യശുചിത്വകാര്യങ്ങളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല.

8. ആരോഗ്യരംഗത്ത് സർക്കാറും വിവിധ ഏജൻസികളും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഡാനിറ്റേഷൻ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

9. പരിസര ശുചിത്വത്തിന്റെ കുറവുമൂലം ചില സ്ഥലങ്ങളിൽ സാംക്രമികരോഗങ്ങൾ പടരാൻ സാദ്ധ്യതയുണ്ട്.

10. കെട്ടിട നിർമ്മാണത്തൊഴിലാളികളായുള്ള കൂടുതൽ പേരെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ സാധിച്ചിട്ടില്ല.

11. സംഘടനകളും സൊസൈറ്റികളും ക്ഷേമനിധി രംഗത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല.

12. ഈ പദ്ധതി മുഖേന ലഭിക്കേണ്ട വിവിധ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

13. കയർത്തൊഴിലാളിക്ഷേമനിധി പ്രവർത്തനം നടക്കുന്നില്ല.

14. ആഭരണത്തൊഴിലാളിക്ഷേമനിധി ലഭിക്കുന്നതിന് വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല.

15. വിദഗ്ദ്ധതൊഴിക്ഷേമ നിധി ലഭ്യമാക്കാൻ വേണ്ട പ്രോത്സാഹനം കിട്ടുന്നില്ല.

16. വിമാനത്താവളം യൂനിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന സ്ത്രീകൾക്ക് താമസസൗകര്യം ഇല്ല.

നിർദ്ദേശങ്ങൾ:

1. DWCRA യൂനിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കുക.

2. ട്രൈസം പരിശീലനം നേടുന്നവർക്ക് അനുയോജ്യമായ ജോലികൾ കണ്ടെത്തുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.

3. ഗ്രാമീണകൈത്തൊഴിലുകാർക്ക് "ടൂൾ" കിറ്റ് ലഭിക്കാൻ സംവിധാനം ഉണ്ടാക്കുക.

4. കക്കൂസുകൾ ആവശ്യമായ കുടുംബങ്ങളെ കണ്ടെത്തി മുൻഗണന ക്രമത്തിൽ സന്നദ്ധസേവനവും പഞ്ചായത്ത് ധനസഹായവും ഉപയോഗപ്പെടുത്തി CRSP മാതൃകയിൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുവാൻ പഞ്ചായത്ത് തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുക.

5. തൊഴിലാളി ക്ഷേമനിധികളിൽ അംഗങ്ങളാകാൻ വേണ്ട മാർഗ്ഗനിർദ്ദേശം പഞ്ചായത്ത്തലത്തിൽ നൽകുക.

6. ഗ്രാമപഞ്ചായത്തിൽ ഒരു വൃദ്ധസദനവും, വർക്കിംഗ് വുമൺസ് ഹോസ്റ്റലും സ്ഥാപിക്കുക.

7. മുഴുവൻ അംഗൻവാടികൾക്കും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

8. പുതിയ അംഗൻവാടികൾ ആരംഭിക്കുന്നതിൽ ഗ്രാമസഭകളുടെ നിർദ്ദേശം പരിഗണിക്കുക.

9. അംഗൻവാടികൾ കേന്ദ്രമാക്കി ആരോഗ്യ വിദ്യാഭ്യാസ-കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

10. അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കാൻ ഗ്രാമവികസനസമിതികളെ ഉപയോഗപ്പെടുത്തുക.

11. നിലവിലുള്ള നിർജ്ജീവതൊഴിൽ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തികസഹായവും മാർഗ്ഗനിർദ്ദേശവും നൽകുക.

12. വാർഡുതോറും മഹിളാസമാജങ്ങൾ രൂപീകരിച്ച് പഞ്ചായത്ത് തലത്തിൽ പ്രവർത്തനം ഏകോപ്പിക്കുകയും അവർക്ക് വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക.

13. സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ വനിതകൾക്കായി സ്വയംതൊഴിൽസംരംഭങ്ങൾ ആരംഭിക്കുക.

നിലവിലുള്ള അംഗൻവാടിയെ സംബന്ധിച്ച് വിവരങ്ങൾ

വാർഡുകൾ	I	II	IV	V	VI	VII	VIII	IX	X	XI	XII
നിലവിലുള്ള അംഗൻവാടികളുടെ എണ്ണം	2	2	1	2	1	2	1	1	2	1	1
സ്ഥലത്തിന്റെപേര്	കോഴിപ്പുറം കവിൽപുറായ്	അഴിഞ്ഞലശ്ശേരി തെരു	നെടുങ്ങാട്ട് ചാലാടിമാട്	കോഴിശ്ശിരിമാട് വള്ളിക്കോട്ടു ചാലിൽ		ഉണ്ണ്യാലു ങ്ങൽ		കക്കാട്മുക്ക്	കുന്നത്തേ പന്ന്	പുളിയം പറമ്പ്	ചങ്കരത്തുമാട് കാരക്കാട് പറമ്പ്
അംഗൻവാടിക്ക് സ്വന്തമായി സ്ഥലമുണ്ടോ	1. ഉണ്ട് 2. ഉണ്ട്	ഉണ്ട് ഉണ്ട്	ഉണ്ട് ഉണ്ട്	ഉണ്ട് ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
സ്ഥിരം ബിൽഡിങ്ങ് ഉണ്ടോ	1. ഉണ്ട് 2. ഇല്ല	ഉണ്ട് ഇല്ല	ഉണ്ട് ഇല്ല	ഇല്ല ഇല്ല	ഇല്ല ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല
ഫർണിച്ചറുകളും ഇല്ല കളിക്കോപ്പും ലഭ്യമാണോ	1.ഇല്ല 2.ഇല്ല	ഇല്ല ഇല്ല	ഇല്ല	ഇല്ല ഇല്ല	ഇല്ല ഇല്ല	ഇല്ല ഉണ്ട്	ഇല്ല ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട	ഇല്ല
അംഗൻവാടിക്ക് അനുബന്ധിച്ച് കിണറ്ഉണ്ടോ സ്ഥലം ഉണ്ടോ	ഉണ്ട്	കിണറുണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	

പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

11.1.IRDP സർവ്വേ പ്രകാരം-ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ പഴയത്	1992 സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം.	ഇതിൽ SC / ST കുടുംബങ്ങൾ	നാളിതു വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ
I	180	38	46	18	
II	183	25	40	14	
III	127	36	44	25	
IV	146	30	47	15	
V	187	18	14	9	
VI	130	15	18	8	
VII	159	18	7	5	ലഭ്യമല്ല
VIII	201	9	7	2	
IX	176	7	10	3	
X	166	44	56	29	
	1655	240	289	128	

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
പള്ളിക്കൽ	വെൽഡിംഗ്				
	സ്പിന്നിംഗ്	8	3	5	
	ബ്ലോക്കിബൈൻഡിംഗ്				
	കംമ്പോസിംഗ്				
	സ്പിന്നംഗ്	3	1	2	
	റേഡിയോ. T.V. റിപ്പയറിങ്ങ്				
	വീവിംഗ്.				
	കംമ്പോസിംഗ്, വയറിംഗ്	4	2	2	
	സ്പിന്നിംഗ്, വീവിംഗ്, ഇലക്ട്രിക്	1			
	ഉപകരണ റിപ്പയറിംഗ്, വയറിംഗ്	1	Nil	1	

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽസംരംഭങ്ങളുടെ വിവരം			
തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ്
പേപ്പർവർക്സ്	1988/89	14	പ്രവർത്തിക്കുന്നില്ല.
ക്രഷ്വർക്സ്	1991	14	No.
കരിങ്കല്ല്പൊടിക്കലും, ആട് വളർത്തലും	1991	12	പകുതിപേരുടെ കൈയ്യിൽ

പുതുതായി അംഗനവാടികൾ വേണ്ട പ്രദേശങ്ങൾ	
വാർഡ്	സ്ഥലത്തിന്റെ പേര്
1	
2	പെരുങ്കോളിൽ, ഓട്ടുപാറ
3.	ചെനക്കൽ, ചെട്ട്യാർമാട്, അമ്പലവളപ്പ് ലക്ഷംവീട്
4.	ചെറുചോലക്കര, നെടുമങ്ങോട്ട്മാട്, അംബേദ്കർ കോളനി
5.	
6.	കോഴിശ്ശേരി മാട്, ഈത്തച്ചിറ
7.	സ്രാമ്പ്യബസാർ, എടത്താട്മാട്
8.	കോന്നോത്ത് മാട്, എടത്താട്ട്മാട്
9.	കുമ്മിണിപ്പറമ്പ് അങ്ങാടിക്ക് താഴെ
10.	മൂന്നായിക്കാട്, കൊടിയംപറമ്പ്
11.	അമ്പലത്തിൽ കിരനാക്കൻ
12.	കുന്നത്തുപറമ്പ്, കാരാട്ടുപറമ്പ്
	എല്ലായിടങ്ങളിലും സ്ഥലം ലഭ്യമാണ്.

നിലവിൽ പെൻഷൻ ലഭിക്കുന്നവരുടെ കണക്ക്

കർഷകത്തൊഴിലാളി പെൻഷൻ	85
വികലാംഗ പെൻഷൻ	21
തൊഴിലില്ലായ്മ പെൻഷൻ	36
വാർദ്ധക്യപെൻഷൻ	10
വിധവ പെൻഷൻ	203
അഗതിപെൻഷൻ	234
അവശകലാപെൻഷൻ	-
അവശകായിക	-
ക്ഷയരോഗ പെൻഷൻ	10
ക്യാൻസർ	-
മാതൃസഹായം	-
കുഷ്ഠരോഗപെൻഷൻ	2

വിവിധ പെൻഷൻ ആവശ്യമുള്ളവർ

പെൻഷ്യൻ	1	2	3	4	5	6	7	8	9	10	11	12
കർഷക തൊഴിലാളി	150	172	76		58	35	25	88	15	25	24	
വികലാംഗ	15	9	12	25	6	8	10	26	5	12	8	10
തൊഴിലില്ലായ്മ	60	40	65		34	20	20	40			12	
വാർദ്ധക്യം	50	90	65		63	53	36	58	20	5	31	11
വിധവ	25	15	35		27	8	10	30	5	15	6	20
അഗതി	3	2	12		5	2		15	2	3	2	12
ക്ഷയം	15	3	13	5	7	4	2	10	6	1	2	10
ക്യാൻസർ	8	2	2	4	4	3	1		2	2		
കുഷ്ഠം	4	2	1	2	2	2	1			1		
സ്വാതന്ത്ര്യ സമര പെൻഷൻ	-		1									

സംസ്കാരം

മനുഷ്യനെ ജാതിമതചിന്തകൾക്കതീതമായി ചിന്തിക്കാനും കൂട്ടായ്മയോടെ പ്രവർത്തിക്കാനും വ്യക്തിത്വവളർച്ചക്കും സാംസ്കാരിക നവോത്ഥാനം ആവശ്യമാണ്. ചരിത്രാധീത കാലം മുതൽ സംസ്കാരികമായി ഉയർന്ന നിലവാരമായിരുന്നു ഈ പ്രദേശത്തിന് ഉണ്ടായിരുന്നത്. മുൻകാലങ്ങളിൽ മൂസ്ലിം വിവാഹങ്ങളിൽ ഒപ്പനപ്പാട്ടുകളും കൈകൊട്ടിക്കളികളും ഒരവിഭാജ്യഘടകമായിരുന്നു. ഹിന്ദുക്കളിലെ ഒരു വിഭാഗത്തിന്റേ വിവാഹത്തിന് പരിചമുട്ടുകളിപോലുള്ള കലാപ്രകടനങ്ങളും നിലനിന്നിരുന്നു. ഇവിടുത്തെ നടീൽ വയലുകൾ നാടൻപാട്ടുകളെക്കൊണ്ട് മുഖരിതമായിരുന്നു. എന്നാൽ ഇന്ന് അവയെല്ലാം ചരിത്ര സ്മൃതിയിലാണ്ടുപോയിരിക്കുന്നു. കാലത്തിന്റെ വെല്ലുവിളിയിൽ പിടിച്ചുനിൽക്കാൻ കഴിയാതെ വിസ്മൃതിയിലാണ്ടുപോയ പ്രശസ്തമായ പള്ളിക്കാവ് പാട്ടുത്സവം, കോഴിപ്പുറം നേർച്ച എന്നിവയും സാംസ്കാരിക സമന്വയത്തിന്റെ കളിത്തൊട്ടിലുകളായിരുന്നു. 14 ദിവസത്തെ പാട്ടുത്സവത്തിൽ വിവിധ ജാതിയിൽപെട്ടവർ അവരവരുടെ സമുദായത്തിന്റെ പ്രാചീനസാംസ്കാരിക പ്രകടനങ്ങൾ കാഴ്ചവെച്ചിരുന്നു. കോഴിപ്പുറം നേർച്ചയിലും തനതായ ദൃശ്യശ്രവണ രൂപങ്ങൾ പ്രദർശിപ്പിച്ചിരുന്നു. പള്ളിക്കൽ പഞ്ചായത്തിലെ വിവിധ കാവുകളിൽ നിലനിന്നിരുന്ന താലപ്പൊലി ഉത്സവങ്ങളിൽ പ്രാചീനകാലത്ത് ജാതിമത ചിന്തകൾക്കതീതമായി എല്ലാവരും പങ്കെടുക്കുകയും അവരവരുടെ കുലത്തിന്റെ കലാ പ്രകടനങ്ങൾ കാഴ്ചവെക്കുകയും ചെയ്തിരുന്നു. പട്ടികജാതിക്കാർ, ആശാരിമാർ, കൊല്ലന്മാർ എന്നിവർക്ക് പ്രത്യേകം പ്രത്യേകം വിപുലമായ ഉത്സവങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇതിൽ എല്ലാ ജാതി മതസ്ഥരുടേയും കൂട്ടായ്മ ഉണ്ടായിരുന്നു.

ഇതേ സമയത്ത് തന്നെ ഗാനം, നാടകം, നൃത്തം എന്നീ മേഖലകളിലും ഇവിടെ പ്രോത്സാഹനം നടന്നിരുന്നു. 1920 കാലത്ത് തന്നെ പാടി അഭിനയിക്കുന്ന പുരാണ സാമൂഹ്യനാടകങ്ങൾ ഇവിടെ അവതരിപ്പിക്കുകയും റിഹേഴ്സൽ കാണുന്നതിന് പോലും വമ്പിച്ച ജനക്കൂട്ടം പങ്കെടുത്തിരുന്നുതായും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പരേതരായ ആലശ്ശീരി കുഞ്ഞുനായർ, പൂച്ചേങ്ങൻ ബാവ, മേലാരി ഗോപിനാഥക്കുറുപ്പ് എന്നിവരും V. രാരുക്കുട്ടി ചെട്ടിയാർ, P.K. വെലായുധൻ, തറ്റതൊടി ഉസ്സൻകുട്ടി, വി.വി. ചന്തുണ്ണിമാസ്റ്റർ, മുണ്ടത്ത് പത്മാവതി എന്നിവരും നാടക മേഖലക്ക് ഊടും പാവും നെയ്തവരിൽ ചിലരായിരുന്നു. മറ്റ് ദൃശ്യശ്രവണകലകളിൽ തബലിസ്റ്റ് എം. ഹസ്സൻ, ഹാർമോണിസ്റ്റ് പൂച്ചേങ്ങൽ വീരാൻ കോൽകളി അമിമ്പ്രതൊടി മമ്മുണ്ണി, പരിചമുട്ട് തട്ടാൻ രാമൻ കുട്ടി, കഥാപ്രസംഗം പെരച്ചൻമാസ്റ്റർ മാപ്പിളപാട്ട് K. കോയക്കുട്ടി, P. മൊയ്തീൻ തുടങ്ങിയവർ ചരിത്രത്തിലെ വെള്ളിനക്ഷത്രങ്ങളിൽപെടുന്നു. 1959ന് ശേഷം നിലവിൽവന്ന യുവജനകലാസമിതി ഈ മേഖലയിൽ ഒരു നവോത്ഥാനമായിരുന്നുവെങ്കിലും 1975ഓടെ അതിന്റെ പ്രവർത്തനം നിലക്കുകയുണ്ടായി. വിവിധ സ്ക്കൂ

ളുകളിലെ വാർഷികാഘോഷങ്ങളും കലാസാഹിത്യമത്സരങ്ങളും മുൻകാലങ്ങളിൽ വിപുലമായി നടത്തിയിരുന്നു. ഇലക്ട്രോണിക് യുഗത്തിന്റെ ആവിർഭാവവും സുകുമാരകലകളെ വളർത്താനുള്ള ഭാരിച്ച സാമ്പത്തിക ബാദ്ധ്യതകളും കാരണം ക്ലബ്ബുകൾ പോലും അവരവരുടെ വാർഷികാഘോഷങ്ങൾക്ക് പ്രാദേശിക കലാ സാഹിത്യ പ്രതിഭകൾക്ക് അവസരം നൽകുന്നതിന് പകരം റെഡിമെയ്ഡ് രൂപത്തിൽ വിപണിയിൽ ലഭിക്കുന്ന പ്രൊഫഷണൽ നാടക, ഗാനമേള സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.

കലാപരമായി മാത്രമല്ല കായികമായും നാം മുൻപന്തിയിലായിരുന്നു. ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽതന്നെ ഈ പഞ്ചായത്തിൽ ഫുട്ബോൾ, കാരകളി, പകിടകളി എന്നിവയിൽ പ്രാവീണ്യം നേടിയവർ ധാരാളമുണ്ടായിരുന്നു. കുട്ടികൾ കക്ക്, ചുള്ളിയും കോലും, ഗോലി, പതിനഞ്ച് നായയും പുലിയും തുടങ്ങിയ മണ്ണിന്റെ ഗന്ധമുള്ള കളികളിലും വ്യാപൃതരായിരുന്നു. എന്നാൽ പാശ്ചാത്യ യാന്ത്രിക സംസ്കാരത്തിന്റെ ആഗമനം നമ്മുടെ പരമ്പരാഗത കളികളെ വിസ്മൃതിയിലാഴ്ത്തിയിരിക്കുന്നു. ഇപ്പോൾ എല്ലാവരും ക്രിക്കറ്റ്, ബാറ്റ്മിന്റൺ, ഷട്ടിൽ തുടങ്ങിയ മേഖലയിലേക്കാണ് ഉറ്റുനോക്കുന്നത്.

കോഴിക്കോട് സർവ്വകലാശാല, കൊണ്ടോട്ടി EMEA കോളേജ്, എയർപോർട്ട് ഹൈസ്ക്കൂൾ, പുത്തൂർ പള്ളിക്കൽ ഹൈസ്ക്കൂൾ, 11 എൽ.പി. സ്ക്കൂളുകൾ 15 നഴ്സറി സ്ക്കൂളുക 12 അംഗനവാടികൾ, 2 മഹിളാസമാജങ്ങൾ, 20 CBNP അയൽക്കൂട്ടങ്ങൾ 4 ലൈബ്രറികൾ, 12 രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ, 8 വായനശാലകൾ എന്നിവയെല്ലാം തന്നെ സാംസ്കാരിക നവോത്ഥാനത്തിന് പോഷണം നൽകുന്നു. ഇവയുടെ കൂട്ടായ്മയുള്ള പ്രവർത്തനം ഈ മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് സാദ്ധ്യത ഉണ്ട്.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക പ്രത്യേകം കൊടുക്കുന്നു. ഗ്രന്ഥശാലാസംഘം ഗ്രാന്റ് ലഭിക്കുനന 2 ലൈബ്രറികളും ഒരു പഞ്ചായത്ത് ലൈബ്രറിയും ഒരു സാംസ്കാരിക നിലയവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 12 ക്ലബ്ബുകളിൽ 8 എണ്ണം NYK യുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. ചില ക്ലബ്ബുകളുടെ പ്രവർത്തനം നാമമാത്രമമാണെങ്കിൽ മറ്റു ചിലവയുടെ പ്രവർത്തനം അഭിനന്ദനാർഹമാകുന്നു. ചില പ്രദേശങ്ങളിൽ സാംസ്കാരിക പ്രവർത്തനം ഒന്നും നടക്കാതിരിക്കുന്നതും ഉള്ളവയുടെ പ്രവർത്തനക്ഷമമല്ലാത്തതും ഈ മേഖലയുടെ പ്രശ്നങ്ങളാകുന്നു. ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല എന്നതും വലിയ ഒരു പ്രശ്നമാകുന്നു.

ഗ്രന്ഥശാലസംഘം രൂപീകരിച്ച ലൈബ്രറികൾ

1. വിദ്യാപോഷിണി
2. എവർഷൈൻ ലൈബ്രറി, കരിപ്പൂർ
3. യുവജന വായനശാല, പള്ളിക്കൽ

വിവിധ വിഷയങ്ങളേക്കുറിച്ചുള്ള സെമിനാറുകൾ മെഡിക്കൽ ക്യാമ്പുകൾ, കലാകായിക മത്സരങ്ങൾ ബോധവൽക്കരണ ക്ലാസുകൾ, സാക്ഷരതപ്രവർത്തനം ചെനക്കൽ മന്നീഷ ക്ലബ്ബിന് എൻ. വൈ.കെ.യുടെ സഹായത്തോടെ സ്ക്രീൻ പ്രിന്റിംഗ് മെഷീൻ കിട്ടി 2 ബാച്ചിന് പരിശീലനം കൊടുത്തു. എവർഷൈൻ ക്ലബ്ബിന് മികച്ച സാംസ്കാരിക പ്രവർത്തനത്തിന് കേന്ദ്രമാനവവികസന വകുപ്പിന്റെ പ്രശംസ പത്രം ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിന് സഹായവും ലൈബ്രറി ഗ്രാന്റും ലഭിക്കുന്നു. സ്വന്തമായി കെട്ടിടമോ ഫർണിച്ചറോ ഉള്ള ക്ലബ്ബുകൾ ഇല്ലായെന്നുതന്നെ പറയാം.,

പഞ്ചായത്തിൽ സി.ബി.എൻ.പി. കലാ സാംസ്കാരിക മേഖലകളിലും വളരെ സജീവമാണ്.

അംഗീകൃത മഹിളാസംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും രണ്ടെണ്ണം മാത്രമെ സജീവമായി പ്രവർത്തനരംഗത്ത് ഉള്ളു. മഹിളാസമാജങ്ങളുടെ പ്രവർത്തനരംഗം സജീവമാക്കിയാൽ അതിന്റെ പ്രവർത്തനഫലം സാംസ്കാരിക രംഗത്ത് മുതൽക്കൂട്ടാകും.

രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷക സംഘടനകളും പള്ളിക്കൽ പഞ്ചായത്തിലെ സാംസ്കാരിക രംഗത്ത് അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഹിന്ദു മുസ്ലീം മതവിഭാഗങ്ങൾക്ക് ദേവാലയങ്ങൾ ധാരാളമുണ്ട്. എന്നാൽ ക്രൈസ്തവ വിഭാഗത്തിന് ഉണ്ടായിരുന്ന ആരാധനാലയം വിമാനത്താവളവികസനത്തിന് അക്വയർ ചെയ്തുപോയി.

വിവിധ മതവിഭാഗങ്ങളുടെ ആഘോഷപരിപാടികളിൽ എല്ലാവരും ഐക്യത്തോടെ പങ്കെടുക്കുകയും കൂട്ടായ്മയോടെ കൊണ്ടാടുകയും ചെയ്യുന്നു. വിവിധ മതവിഭാഗങ്ങൾ തമ്മിൽ ഐക്യത്തോടെ കഴിയുന്നു.

അന്യം നിന്ന് വരുന്ന പള്ളിക്കലിലേയും പരിസരപ്രദേശത്തേയും കാവ് ഉത്സവങ്ങൾ ഈ പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്തിന് മകുടോദാഹരണങ്ങളാണ്. പള്ളിക്കൽ പഞ്ചായത്തിലെ ക്ഷേത്രങ്ങളും പള്ളികളും സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയാകുന്നു. മതപരമായ ചടങ്ങുകൾക്ക് പുറമെ ക്ഷേത്രോത്സവം, പ്രതിഷ്ഠാദിനം, അഷ്ടമിരോഹിണി, തിരുവാതിര, ശിവരാത്രി എന്നീ ദിവസങ്ങളിൽ സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ച് വരുന്നു. പള്ളിക്കൽ ഗണപതി ക്ഷേത്രത്തിലെ മണ്ഡലാഘോഷം ഇപ്പോഴും വൻ പരിപാടികളോടെ നടത്തുന്നു. പള്ളികളോടനുബന്ധിച്ചുള്ള മഹല് കമ്മറ്റികളും മറ്റ് സംഘടനകളും നബിദിനാഘോഷങ്ങളും സാംസ്കാരിക പരിപാടികളും വിപുലമായ തോതിൽ ആഘോഷിച്ച് വരുന്നുണ്ട്. ഇവയിലെല്ലാം തന്നെ ജാതിമത ഭേദമെന്യേ എല്ലാവരും പങ്കെടുക്കുന്നുണ്ട് എന്നതാണ് ഇതിന്റെ പ്രത്യേകത. പള്ളിക്കൽ പഞ്ചായത്തിലെ ചരിത്രപ്രസിദ്ധമായ ക്ഷേത്രങ്ങളുടേയും പള്ളികളുടേയും പേരുകൾ ചുവടെ ചേർക്കുന്നു.

ക്ഷേത്രങ്ങൾ

1. മണക്കാട്ട് ശിവക്ഷേത്രം
2. വാരിയത്ത് വിഷ്ണുക്ഷേത്രം അഴിഞ്ഞിലശ്ശേരി
3. പള്ളിക്കൽ ഭഗവതി ക്ഷേത്രം
4. തലക്കുത്ത് സുബ്രഹ്മണ്യക്ഷേത്രം
5. പള്ളിക്കൽ തെരു മഹാഗണപതിക്ഷേത്രം
6. കുറുന്തല അയ്യപ്പക്ഷേത്രം
7. നെടുങ്ങോട്ട്മാട് മഹാവിഷ്ണുക്ഷേത്രം
8. പുത്തൂർ ഏലോത്ത് ശിവക്ഷേത്രം
9. കൂനൂൾമാട് അയ്യപ്പക്ഷേത്രം

പള്ളികൾ

1. പള്ളിക്കൽ ജുമാ മസ്ജിദ്
2. കോഴിപ്പുറം ജുമാ മസ്ജിദ്
3. ചെട്ടിയാർ മാട് ജുമാ മസ്ജിദ്
4. പരുത്തിക്കോട് ജുമാമസ്ജിദ്
5. പുത്തൂർ ജുമാ മസ്ജിദ്
6. രാമൻചിറ വലിയ ജുമാ അത്ത് പള്ളി
7. തറയിട്ടാൽ ചാൽകുളം ജുമാഅത്ത് പള്ളി
8. പുളിയംപറമ്പ് ജുമാഅത്ത് പള്ളി
9. കുമ്മിണി പറമ്പ് ജുമാമസ്ജിദ്
10. കൂട്ടാലുങ്ങൻ ജുമാ മസ്ജിദ്
11. കൊടിക്കൽ ജുമാ മസ്ജിദ്
12. പുന്നത്ത് ജുമാ മസ്ജിദ്

1970ന് ശേഷം ഉണ്ടായ നവോത്ഥാനത്തിലാണ് ജീർണ്ണിച്ച് കിടന്നിരുന്ന ഏലോത്ത്; മണക്കാട്ട്; വാരിയത്ത് നെടുങ്ങോട്ട് മാട്, കുറുന്തലക്ഷേത്രങ്ങൾ ജീർണ്ണോദ്ധാരണം ചെയ്തത്. 1970ന് ശേഷം പള്ളിക്കൽ , കരിപ്പൂർ മഖേലകളിലെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയതായി പള്ളികളും നിർമ്മിക്കുകയുണ്ടായി.

1. നെടുങ്ങോട്ട്മാട്
2. കുറന്തല
3. സ്രാമ്പ്യബസാർ
4. ലക്ഷം വീട്
5. കൂനൂൾമാട്
6. ചെറക്കൽമാട്
7. ചെനക്കൽ
8. ചോലമാട്
9. തറയിട്ടാൽ

കായികരംഗത്ത് തറങ്ങളുടെ കഴിവിനനുസരിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾ സംഭാവന ചെയ്തിരുന്നു. ഓണം സ്പോർട്സിൽ പള്ളിക്കൽ പഞ്ചായത്തിന് കൊണ്ടോട്ടി ബ്ലോക്ക് ട്രോഫി നേടുന്നതിന് സഹൃദയ കലാസാംസ്കാരിക വേദി എ.കെ.ജി. ആർട്സ & സ്പോർട്സ് ക്ലബ്ബ്, ബ്ലൂസ്റ്റാർ, മനീഷ ടാസ്ക് വേദി, വിപഞ്ചിക എന്നീ സംഘടനകൾ അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ട്.

1985 മുതൽ സർക്കാർ തലത്തിൽ നടത്തിവരുന്ന കേരളോത്സവത്തിൽവെച്ച് പഞ്ചായത്ത് ബ്ലോക്ക് ജില്ലാ തലത്തിൽ ഈ പഞ്ചായത്തിലെ കലാ കായിക താരങ്ങൾ സജീവമായി പങ്കെടുത്തിട്ടുണ്ട്

നിർദ്ദേശങ്ങൾ

1. സാംസ്കാരിക നിലയങ്ങൾ ജനപങ്കാളിത്തത്തോടുകൂടി എല്ലാ വാർഡുകളിലും നിർമ്മിക്കേണ്ടതാണ്.

2. രജിസ്ട്രേഡ് ക്ലബ്ബുകൾക്കും, ഗ്രന്ഥശാല

കൾക്കും, ടി.വി., പത്രമാസികകൾ, സ്പോർട്സ്, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവ നൽകേണ്ടതാണ്.

3. കലാ കായിക വാസനയുള്ള ചെറുപ്പക്കാരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വർഷം തോറും കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

4. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ, വായനശാല, ലൈബ്രറി എന്നിവക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കാൻ ധനസഹായം നൽകേണ്ടതാണ്.

5. ഒരേ ലക്ഷ്യത്തോടുകൂടി ഒരു പ്രദേശത്ത് കേന്ദ്രീകരിച്ച് ഒന്നിലധികം ക്ലബ്ബുകൾ, ലൈബ്രറികൾ, വായനശാല എന്നിവ പ്രവർത്തിക്കുന്നത് ആരോഗ്യകരമല്ല. അതുപോലെതന്നെ ക്ലബ്ബുകളുടെ പ്രവർത്തനം രാഷ്ട്രീയത്തിനധീതമായിരിക്കേണ്ടതാണ്.

6. നശിച്ചുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങളേയും കലകളേയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

7. പഞ്ചായത്തിൽ നിലവിലുള്ളതും ഉണ്ടായിരുന്നതുമായ കോൽക്കളി, ദഫ്മുട്ട്, പരിചമുട്ടുകളി, കുതിരകെട്ട്, വട്ടക്കളി, നാട്ടിപ്പാട്ട്, കൈകൊട്ടിക്കളി, ഒപ്പന തുടങ്ങി നിർജ്ജീവാവസ്ഥയിലുള്ള നാടൻ കലകളെ സംരക്ഷിക്കേണ്ടതാണ്. അന്യം നിന്നു പോകുന്ന ഇത്തരം കലകളെ റിക്കാർഡ് ചെയ്ത് സൂക്ഷിക്കുക.

8. എൽ.പി., യു.പി., ഹൈസ്ക്കൂൾ, എന്നിവകളിൽ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുവാൻ കലാ സാഹിത്യ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

9. സാഹിത്യ അഭിരുചിയുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുവാൻ അവധിക്കാല ക്യാമ്പുകൾ സങ്കടിപ്പിക്കുക.

10. എല്ലാ വാർഡുകളിലും കലാ സാഹിത്യ കായിക മേഖലകളെ പ്രോത്സാഹിപ്പിക്കുവാൻ ക്ലബ്ബുകൾ രൂപീകരിക്കുവാൻ ബോധവൽക്കരണം നടത്തുക.

11. വാർഡ്തോറും കലാ കായിക മത്സരങ്ങൾ നടത്തി വിഭാഗീയ ചിന്തകൾക്കതീതമായി ആരോഗ്യപരമായ സമൂഹത്തെ വാർത്തെടുക്കാൻ വേണ്ട ശ്രമങ്ങൾ ചെയ്യുക.

12. ദേശിയോദ്ഗ്രഥനവും മതസൗഹാർദ്ദവും സൃഷ്ടിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

പ്രധാന സംഘടനകളുടെ പേരും മേൽവിലാസവും

വാർഡ്

2 1. യുവജന വായനശാല & ഗ്രന്ഥാലയം
1. വി.പി. കുഞ്ഞഹമ്മദ് മാസ്റ്റർ മെമ്മോറിയൽ സാംസ്കാരിക നിലയം
2. വേദി പള്ളിക്കൽ
3. ടാസ്ക്ക് പള്ളിക്കൽ
4. എ.കെ.ജി. ആർട്സ് & സ്പോർട് ക്ലബ്

3. 1) മനീഷ ചെനക്കൽ
2) സഹൃദയ ചെനക്കൽ
3) വിപഞ്ചിക
4) ബ്ലൂസ്റ്റാർ

4 1) യുവസംഗമം ആർട്സ്& സ്പോർട്സ് ക്ലബ്ബ്, പുത്തൂർ
2) വിദ്യാപോഷിണി വായനശാല

7 കലിംഗ കൂനോൾമാട്

8. യൂത്ത്സ് ക്ലബ്ബ്, കരിപ്പൂർ

12 എവർഷൈൻ ക്ലബ്ബ് & ലൈബ്രറി
ലൂണാ സ്പോർട്സ് ക്ലബ്ബ്

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമനമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കെട്ടിട വിവരം	നിലവിലുള്ള മെമ്പർമാരുടെ എണ്ണം,	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ വിതരണം	കീഴിൽ പ്രവർത്തിക്കുന്നവ	ഗ്രാന്റ്	മറ്റ് അഭിപ്രായം
1.	യുവജന വായനശാല& ഗ്രന്ഥാലയം, പള്ളിക്കൽ	1957	വാടക	130	2000	500	ഗ്രാന്ഥാലയം	ലഭിച്ചരുന്നു. ഇപ്പോൾ ലഭിക്കുന്നില്ല.	പ്രവർത്തനം സജീവമാക്കാൻ തുടർന്നും ഗ്രാന്റ് ലഭിക്കാൻ വേണ്ടത് ചെയ്യുക.
2.	വിദ്യാപോഷിണി		1952	,,	122	200	500	,,	ഉണ്ട്
3.	എവർഷൈൻ ലൈബ്രറി	1981	,,	112	1637	500	ഗ്രന്ഥശാലാസംഘം	ഉണ്ട്.	പുസ്തകവിതരണവും സാംസ്കാരിക പ്രവർത്തനങ്ങളും നടത്തിവരുന്നു.

വനിത

സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ കാണുന്നപോലെ പഞ്ചായത്തിലും സ്ത്രീകൾ പുരുഷന്മാരെക്കാൾ എണ്ണത്തിൽ കൂടുതലാണ്. 1991ലെ കാനേഷുമാരിപ്രകാരം 16042 സ്ത്രീകളും 15673 പുരുഷന്മാരുമടക്കം ആകെ ജനസംഖ്യ 31715 ആണ്. എന്നാൽ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീ ജീവനകത്കാരുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവാണ്. മറ്റ് തൊഴിൽമേഖലകളിലും സ്ത്രീകളുടെ എണ്ണം തുലോം കുറവാണ്. കാർഷികമേഖലകളിൽ സ്ത്രീകളുടെ സേവനം വിനിയോഗിക്കുന്നുണ്ടെങ്കിലും വേതനത്തിന് പഞ്ചായത്തിന്റെ ഓരോ പ്രദേശത്തും തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം അംഗീകരിച്ചുകാണുന്നില്ല. സ്വയം തൊഴിൽ രംഗത്തും സ്ത്രീകളുടെ സംഭാവന പരിമിതമാണ്.

